# സത്യദൂതൻ

2014 ഓഗസ്റ്റ് | ലക്കം 8

വില ₹ 20



## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും ദേശീയതയും

## തിരുനബി (സ)യുടെ വരവിനാൽ പ്രവാചകാവതാരം നിലച്ചിട്ടില്ല


Masjid Ahad, Kadalai, Kerala


Ahmadiyya Muslim Mosque, Mangoase, Ghana


The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ


2014 ഓഗസ്റ്റ്
ഹി.ശ.1394 – സുഹൂർ
1435 – ശവ്വാൽ – ദുൽഖഅ്ദ്
പുസ്തകം 86 ലക്കം 8
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്വ്ബ
**പരമകാരുണികനാണ് നമ്മുടെ അല്ലാഹു**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
(അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 ജൂലൈ 18, 25 തീയതികളിൽ ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം

**14**
**അബോറിജിനുകളുടെ ദൈവ വിശ്വാസം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)
ആസ്ട്രേലിയയിലെ ആദിമ നിവാസികളാണ് അബോറിജിനുകൾ. അബോറി ജിനുകൾക്കിടയിൽ ഉന്നതനായ ഏക ദൈവത്തിന്റെ സങ്കൽപ്പം പ്രബലമാണ്. അവരുടെ ദൈവ വിശ്വാസത്തെ പറ്റി സോഷ്യോ ളജിസ്റ്റുകൾ ബുദ്ധി ശൂന്യവും യുക്തി രഹിതവുമായ സിദ്ധാന്തങ്ങളാണ് വിളമ്പുന്നത്.



**17**
**തിരുനബി (സ)യുടെ വരവിനാൽ പ്രവാചകാവതാരം നിലച്ചിട്ടില്ല**
മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ.
പ്രവാചകത്വം എന്നത് മാനവരാശിക്ക് ദൈവത്തിൽ നിന്ന് ലഭിക്കുന്ന ഏറ്റവും അമൂല്യമായ അനുഗ്രഹമാണ്. ഖാതമുന്നബിയ്യീനായ റസൂൽതിരുമേനി (സ)യുടെ അവതാരത്താൽ അത് നിലച്ച് പോയി എന്ന വാദം നബിതിരുമേനി (സ) യുടെ സ്ഥാനത്തിന് അപകീർത്തികരമാണ്.

**19**
**ആരാധനയുടെ അന്തഃസ്സാരം**
മഹ്മൂദ് കൽക്കുളം

**22**
**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും ദേശീയതയും**
എ. എം മുഹമ്മദ് സലിം

**30**
**ആദമിന് മുമ്പും മനുഷ്യൻ ഉണ്ടായിരുന്നു**
ഖാലിദ് സൈഫുല്ലാ ഖാൻ സിഡ്നി

**31**
**ഇസ്‌ലാമിക ഖിലാഫത്തും ബാഗ്ദാദീ ഖലീഫയും**
യാസർ അറഫാത്ത്, തിരുത്തിയാട്

**33**
**ചൈനയിലെ നോമ്പ് നിരോധനം**
ടി. അബ്ദുസ്സലാം, കാരപ്പറമ്പ്

**34**
**ഹദ്റത്ത് അഹ്മദ്(അ) ബ്രിട്ടീഷ് രാജ്ഞിയെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നു**
എ. ക്യു. മഹ്ദി

**38**
**ഫലസ്തീൻ: നിലക്കാത്ത ദീനരോധനങ്ങൾ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി – 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്

അവരുടെ കുടിയാലോചനയിൽ മിക്കതിലും യാതൊരു നന്മയുമില്ല. ദാനധർമം ചെയ്യുന്നതിലോ നല്ലകാര്യ ങ്ങൾക്കായോ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കു ന്നതിനോ കൂടിയാലോചന ചെയ്യുന്നവരുടെതൊഴിച്ച്. അല്ലാഹുവിന്റെ തൃപ്തിയന്വേഷിച്ചു കൊണ്ട് ആരെ ങ്കിലും അങ്ങനെ ചെയ്യുന്നതായാൽ നാം അവന് മഹത്തായ പ്രതിഫലം നൽകുന്നതാണ്. **(4:115)**





## നബിവചനം

അനസ് (റ) ൽ നിന്ന് നിവേദനം: തിരുനബി(സ) അരുളി മൂന്നു ഗുണങ്ങൾ ഒരാളിലുണ്ടെങ്കിൽ സത്യവിശ്വാസത്തിന്റെ മാധുര്യം അവനനുഭവപ്പെടും 1) മറ്റെല്ലാവരോടുമുള്ളതിനേക്കാൾ കൂടുതലായി അല്ലാഹുവിനോടും അവന്റെ ദൂതനോടും പ്രേമമുണ്ടായിരിക്കുക. 2) മനുഷ്യനെ സ്നേഹിക്കുക; അത് അല്ലാഹുവിന്റെ പ്രീതിയുദ്ദേശിച്ചു കൊണ്ട് മാത്രമായിരിക്കുക. 3) നരകത്തിൽ ഇടപ്പെടുന്നത് വെറുക്കുന്നത് പോലെ അസത്യത്തിലേക്ക് മടങ്ങുന്നത് വെറുപ്പ് തോന്നുക. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം

മതപരമായ അഭിപ്രായ വൈപരീത്യങ്ങൾ മൂലം വിവിധ സമുദാ യാംഗങ്ങൾക്കിടയിലുള്ള സൗഹാർദഭാവത്തിന് പ്രതിബന്ധമായി തീരുന്ന ഭിന്നതാ ബീജങ്ങൾ ദിനേന വളർന്നുകൊണ്ടുപോകുമ്പോൾ പരസ്പര മൈത്രി എങ്ങനെ സാധ്യമാകും എന്ന ശങ്ക എല്ലാവർക്കും ഉണ്ടായേക്കാം. അതിന് സമാധാനം ഞാൻ ഇവിടെ പറഞ്ഞുകൊള്ളട്ടെ. യഥാർഥത്തിൽ മതപരമായ വൈപരീത്യം യുക്തിയേയും നീതിബോധത്തെയും അനുഭവജ്ഞാനത്തെയും ആസ്പദമാക്കിയുള്ള വിചിന്തനത്തിന്റെ ഫലമായിരിക്കേണ്ടതാകുന്നു. മനുഷ്യൻ വിവേക ബുദ്ധിയാൽ വിഭൂഷിതനായിരിക്കുന്നത് അവൻ യുക്തിക്കും നീതി ബോധത്തിനും നിരക്കാത്തതും അനുഭവജ്ഞാനത്തിന് എതിരായതുമായ യാതൊന്നും കൈകൊള്ളാതിരിക്കേണ്ടതിന് തന്നെയാണ്. ഈ വസ്തുത ഗ്രഹിക്കുന്നതാകയാൽ ലഘുതരമായ അഭിപ്രായഭേദങ്ങളൊന്നും മൈത്രിക്ക് തടസ്സമാകയില്ലെന്ന് ബോധ്യപ്പെടുന്നതാണ്. **(മൈത്രീസന്ദേശം)**



എഡിറ്റോറിയൽ

# വാഗ്ദത്ത മസീഹ്: മതമൈത്രിയുടെ സന്ദേശവാഹകൻ

ഹിന്ദുമുസ്‌ലിം ഐക്യത്തിന് വേണ്ടി സമർപ്പിക്കപ്പെട്ട മതപരവും സാമൂഹികവുമായ മാനങ്ങളുള്ള അസാമാന്യമായ ഒരു കൊച്ചു കൃതിയാണ് വാഗ്ദത്ത മസീഹ് (അ) തന്റെ മരണ ശയ്യയിൽ വെച്ച് രചിച്ച **'പൈഗാമെ സുൽഹ്'** അഥവാ മൈത്രീ സന്ദേശം. 1908 ജൂൺ 21 ന് ലാഹോർ യൂണിവേഴ്സിറ്റി ഹാളിൽ ഒരു യോഗം വിളിച്ചു കൂട്ടി വിളംബരം ചെയ്യാനുദ്ദേശിച്ച ഈ ശാന്തി ദൂത് അക്ഷരസാക്ഷാത്ക്കാരം നേടിയെങ്കിലും നിർദിഷ്ട സദസ്സിൽ വാഗ്ദത്ത മസീഹി(അ)ന്റെ തിരുവദനത്തിൽ നിന്നും അത് വചിക്കപ്പെടുന്നതിന് മുമ്പായി ആ ദിവ്യാത്മാവ് ശരീരപഞ്ചരം വിട്ട് തന്റെ നാഥന്റെ സവിധത്തിലേക്ക് യാത്രയായി വിധികൽപ്പിതമായ തന്റെ മരണ ശയ്യയെ വാഗ്ദത്ത മസീഹ് സമാധാനദൗത്യത്തിന്റെ അനശ്വരമായ മിഹ്റാബ് ആക്കുകയായിരുന്നു

മതവൈവിധ്യങ്ങളുടെ നാനാനാദങ്ങൾ കൊണ്ട് ശ്രുതിസമഞ്ജസമായ മധുര ഗീതം പൊഴിക്കേണ്ടതിന് പകരം ഈ പുണ്യഭൂമിയിൽ മതങ്ങൾ മുഴക്കിയത് കലാപത്തിന്റെ രണഭേരിയായിരുന്നു. വാഗ്ദത്ത മസീഹിനെ ഇത് മരണ ശയ്യയിൽ പോലും നൊമ്പരപ്പെടുത്തി. ഒരു ദൈവ പ്രേഷിതന്റെ ഹൃദയ കാലുഷ്യങ്ങൾ ദൈവസന്നിധിയിൽ ഉരുക്കയിച്ച് വിലാപങ്ങളായുയർന്നപ്പോൾ ആ മഹാത്മാവിന്റെ ഹൃദയ സരോവരത്തിൽ നിന്നും ഒരു ചിന്താ പ്രവാഹം ഉരുവം കൊള്ളുകയായിരുന്നു. മതങ്ങളുടെ പ്രാമാണിക നിലപാടുകളിൽ നിന്നുകൊണ്ട് മനുഷ്യാത്മാവ് നടത്തിയ ഹൃദയ നിർഭരമായ നിവേദനമായിരുന്നു മൈത്രീ സന്ദേശം.

മതമൈത്രിയെ പറ്റി പറഞ്ഞ രാഷ്ട്രീയ ഗുരുക്കന്മാരുടെ പൊള്ളയായ നയതന്ത്ര ഭാഷ വാഗ്ദത്ത മസീഹിന് അന്യമായിരുന്നു. ധാർമിക യുക്തിയുടെ ആർജവമുള്ള ആ ദിവ്യാക്ഷരികൾ വജ്രസൂചിപോലെ മനുഷ്യാത്മാവിലേക്ക് ഇറങ്ങിചെല്ലുന്നവയാണ്. ബഹുസ്വരതയുള്ള ഭാരതീയ സമൂഹത്തിലെ കലുഷിതമായ മതാന്തരീക്ഷത്തിൽ മതകീയമായ മാനവൈക്യത്തിന്റെ ദൈവ പ്രചോദി തമായ മാർഗരേഖയാണ് വാഗ്ദത്ത മസീഹിന്റെ മൈത്രീ സന്ദേശം. അദ്ദേഹം എഴുതി:

പ്രിയ സുഹൃത്തുക്കളേ, പരലോക കാര്യം മിക്ക ജനങ്ങൾക്കും ഗോപ്യമായിരിക്കുന്ന ഒരു വിഷയമാണ്. അതിന്റെ രഹസ്യം സർവോപരി മഹത്വമേറിയ ആ സത്തക്ക് വേണ്ടി ആത്മാർപ്പണം ചെയ്യുകയും മരണം വരുന്നതിന് മുമ്പായി മരണത്തെ വരിക്കുകയും ചെയ്യുന്നവർക്ക് മാത്രമാണ് വെളിപ്പെടുമാറാകുന്നത്. എന്നാൽ ഐഹിക ജീവിതത്തെ സംബന്ധിച്ച് ഗുണമോ ദോഷമോ ആയ കാര്യങ്ങൾ സൂക്ഷ്മ ദൃക്കുകൾക്ക് കണ്ടറിയാൻ സാധിക്കുന്നതാണ്.

'ഐക്യം അഥവാ മൈത്രി എത്രയും അമൂല്യമായതാകുന്നു. മറ്റു യാതൊരു മാർഗേണയും ദുരീകരിക്കാൻ കഴിയാത്ത വിപത്തുകളേയും മറ്റ് ഉപായം മൂലം പരിഹരിക്കാൻ കഴിയാത്ത വിഷമതകളേയും ഐക്യം മുഖേന ജയിക്കാൻ കഴിയുന്നതാണ്......... ദൈവം എന്നെ അറിയിച്ചിരിക്കുന്നു. മനുഷ്യൻ അവരുടെ ദുർവൃത്തികളിൽ നിന്ന് വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവത്തോട് ക്ഷമയാചിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ ലോകത്തിനു ഭയങ്കരമായ വിപത്തുകളും നാശങ്ങളും സംഭവിക്കും. ഒരു വിപത്ത് ഒഴിഞ്ഞു പോകുന്നതിന് മുമ്പായി മറ്റൊരു ഭയങ്കര നാശം തുടർന്നുണ്ടാകുന്നതാണ്.......... ആകയാൽ അല്ലയോ നാട്ടുകാരായ സഹോദരന്മാരെ! ആ നാളുകൾ വരുന്നതിന് മുമ്പായി നിങ്ങൾ ജാഗരൂഗരാകുവിൻ. ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സന്ധി ചെയ്യട്ടെ. ഐക്യത്തിന് തടസ്സമായി തീരത്തക്ക വിധം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായം ഉപേക്ഷിക്കട്ടെ. അല്ലാത്ത പക്ഷം അന്യോന്യമുള്ള സ്പർധക്കും വൈരത്തിനും ആ സമുദായം ഉത്തരവാദിയാകുന്നതാണ്. (മൈത്രീസന്ദേശം)



ഹദ്റത്ത് അഹ്മദ് (അ)

# ധർമശാസ്ത്രം മനുഷ്യനെ പൂർണനാക്കുന്നു

ധർമശാസ്ത്രത്തിന് മനുഷ്യന്റെ മേലുള്ള സ്വാധീനശക്തി അവന്റെ ജീവിതത്തെ നിയന്ത്രിക്കുക എന്നതാണ്. ഈ നിയന്ത്രണത്തിന്റെ പരിണിത ഫലമായി അവൻ സമസൃഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുള്ള പെരുമാറ്റത്തിൽ നീതി, പരോപകാരത, സഹതാപം, എന്നീ ധർമങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്ക് ദൈവം നൽകിയ ജ്ഞാന വിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റ് അനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കി തീർക്കുന്നു. സൂര്യനെപോലെ അവൻ തന്റെ പ്രകാശ സമ്പത്ത് എല്ലാവർക്കും പകർന്ന് കൊടുക്കുകയും ചന്ദ്രനെ പോലെ അവൻ സർവ പ്രകാശ കേന്ദ്രമായ ദൈവത്തിൽ നിന്നും സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞു കൊടുക്കുകയും ചെയ്യുന്നു. പകലിനെ പോലെ അവൻ പ്രകാശവാനായി സത്യത്തിന്റെയും സൽഗതിയുടേയും മാർഗങ്ങൾ ലോകത്തിന് കാണിച്ചു കൊടുക്കുന്നു., രാവിനെപോലെ ബലഹീനരുടെ ദൗർബല്യങ്ങളെയും ചാപല്യങ്ങളെയും മറച്ചു വെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നൽകുകയും ചെയ്യുന്നു. അവൻ ആകാശത്തെ പോലെ പരവശർക്കും അഭയാർഥികൾക്കും ശരണമേകുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുകയും ചെയ്യുന്നു. ഭൂമിയെ പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുള്ളവർക്ക് സൗഖ്യവും ക്ഷേമവും നൽകുന്നതിന് സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കത്തിൽ അണച്ചുകൂട്ടുകയും അവർക്ക് വിവിധ തരത്തിലുള്ള ആത്മീയ ഫലങ്ങൾ വെച്ചു കൊടുക്കുകയും ചെയ്യുന്നു. ഈദൃശമായ ഒരു പരിവർത്തനമാണ് പരിപൂർണ ധർമ നിയമം കൊണ്ടുണ്ടായിത്തീരുന്നത്. ഈ നിയമ ശാസ്ത്രമനുസരിച്ചു ജീവിക്കുന്ന ഒരുവൻ തന്റെ സ്രഷ്ടാവിനോടുള്ള കർത്തവ്യങ്ങളനുഷ്ഠിക്കു ന്നതിനും സമസ്രഷ്ട ങ്ങളോടുള്ള തന്റെ ധർമങ്ങൾ നിറവേറ്റുന്നതിനും കഴിവുറ്റവനായി തീരുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഭക്തൻ ദൈവപ്രേമത്തിൽ ലയിച്ചു സമസൃഷ്ടികളോടുള്ള യഥാർഥ സേവകനായി തീരുന്നു. ധർമശാസ്ത്രമനുസരിച്ചുള്ള ജീവിതം ഒരുവനിൽ ഇവിടെ ഉണ്ടാക്കി തീർക്കുന്ന പ്രഭാവമാണിത്. എന്നാൽ മറുലോകത്ത് അവനു സിദ്ധിക്കുന്ന ഫലമാകട്ടെ ദൈവത്തോടുള്ള ആത്മൈക്യം ആ നാളിൽ പ്രത്യക്ഷ ദർശന രൂപത്തിൽ അനുഭൂതമാകുന്നുവെന്നതാണ്. സത്യവിശ്വാസത്തിന്റെയും സൽക്കർമാസക്തിയുടെയും പ്രേരണയാൽ അവൻ ദൈവാനു ഗ്രഹബദ്ധരായി ചെയ്യുന്ന സമസൃഷ്ടി സേവനം സ്വർഗത്തിലെ വൃക്ഷങ്ങളും നദികളുമായി രൂപാന്തരപ്പെടുന്നതായിരിക്കും. വിശുദ്ധ ഖുർആൻ 91-ാം സൂറായിൽ പറയുന്നു:

***'സൂര്യനെ കൊണ്ടും അതിന്റെ പ്രകാശത്തെ കൊണ്ടും സൂര്യനെ പിന്തുടരുന്ന (അതായത് സൂര്യനിൽ നിന്ന് പ്രകാശം സ്വീകരിച്ച് അതിനെ പോലെ ആ പ്രഭാപൂരം അന്യരിൽ വിതരണം ചെയ്യുന്ന) ചന്ദ്രനെ ക്കൊണ്ടും സൂര്യന്റെ കാന്തിയെ വെളിപ്പെടുത്തുകയും മാർഗങ്ങളെ തെളിച്ചു കാട്ടുകയും ചെയ്യുന്ന ദിനത്തെ കൊണ്ടും അന്ധകാരം പരത്തുകയും സർവരേയും ഇരുട്ടിൽ മറക്കുകയും ചെയ്യുന്ന രാത്രിയെ കൊണ്ടും ആകാശത്തെ കൊണ്ടും തൽ സൃഷ്ടിയുടെ ആദി കാരണത്തെ കൊണ്ടും ഭൂമിയെകൊണ്ടും അതിനെ പരപ്പാക്കിയ ആദികാരണത്തെ കൊണ്ടും ആത്മാവിനെ കൊണ്ടും അതിനെ സർവവസ്തു***

ശേഷം പേജ് 32 ൽ



അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) 2014 ജൂലൈ 18, 25 ന് മസ്ജിദ് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബകളുടെ സംഗ്രഹം

# പരമകാരുണികനാണ് നമ്മുടെ അല്ലാഹു

***'നീ പറയുക, തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസരേ! അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നതാണ്. തീർച്ചയായും അവൻ വളരെ പൊറുക്കുന്നവനും നിരന്തരം കരുണചെയ്യുന്നവനുമാകുന്നു. നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിനു മുമ്പേ നിങ്ങളുടെ നാഥനിലേക്ക് മടങ്ങുകയും അവന് പൂർണമായി കീഴ്പ്പെട്ട് ജീവിക്കുകയും ചെയ്യുക. പിന്നീട് നിങ്ങൾ സഹായിക്കപ്പെടുകയില്ല.'*** *(39:54,55)*

വിശുദ്ധ ഖുർആനിൽ അല്ലാഹു വളരെ പൊറുത്തുകൊടുക്കുന്നവനാണെന്നും തന്റെ ദാസരിൽ അതിരില്ലാതെ കരുണ ചൊരിയുന്നവനാണെന്നുമുള്ള പ്രതീക്ഷ നല്കിയിരിക്കുന്നു. ഞാനോതിയ ആദ്യത്തെ വചനത്തിൽ ഈ വിഷയമാണ് വിവരിക്കപ്പെട്ടിട്ടുള്ളത്. പാപം കാരണത്താൽ അല്ലാഹുവിനെ ഭയപ്പെടുന്ന ഓരോരുത്തർക്കും അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും കാരുണ്യത്തിന്റേയും പൊറുക്കലിന്റേയും അനുഗ്രഹം പ്രാപിക്കുന്നതിനുമുള്ള മനോഹരമായ സന്ദേശമാണ് ആവചനത്തിലുള്ളത്. അല്ലാഹുപറയുന്നു: എന്റെ ദാസരേ! എന്റെ കാരുണ്യത്തെക്കുറിച്ച് നിരാശപ്പെടരുത്. ഞാൻ അധികാരിയാണ്. നിങ്ങൾക്ക് പൊറുത്തുതരാനും എന്റെ കാരുണ്യത്തിന്റെ പുതപ്പിൽ നിങ്ങളെ പൊതിയാനും എനിക്ക് കഴിവുണ്ട്. പ്രതീക്ഷകൾ അധികരിപ്പിക്കുകയും നിരാശകൾക്ക് വിരാമമിടുകയും ചെയ്യുന്ന എത്ര മനോഹരമായ സന്ദേശമാണിത്. നിരാശ പാപമാണെന്ന് മനുഷ്യരോടു പറയുന്ന സന്ദേശമാണിത്. നമ്മെ ബലഹീനതകളിൽനിന്ന് ശക്തിയിലേക്ക് നയിക്കുകയും പരാജയങ്ങളെ അകറ്റി നിറുത്തുന്നതുമായ സന്ദേശം ഇതുതന്നെയാണ്. കാരണം നിരാശതന്നെയാണ് പാപങ്ങൾ ചെയ്യാനും ചില സന്ദർഭങ്ങളിൽ ജീവിതം പരാജയപ്പെടാനും കാരണമായിത്തീരുന്നത്. അല്ലാഹുവിന്റെ കാരുണ്യവലയത്തിലുള്ളവന്റെ അടുത്തുനിന്ന് നിരാശകളും പരാജയങ്ങളും ഓടി അകലുന്നു. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനും അവന്റെ കാരുണ്യത്തിൽ നിന്ന് അനുഗ്രഹംനേടാനും ഈ സന്ദേശം നമ്മെ പ്രാപ്തരാക്കുന്നു. അല്ലാഹുവിന്റെ ആജ്ഞകൾ പാലിക്കാനും അല്ലാഹുവിനെ സ്നേഹിക്കാനുമുള്ള വഴികൾ കാണിച്ചുതരുന്നു. ഈ സന്ദേശം മാർഗഭ്രംശികൾക്കുള്ള നേർവഴിയാണ്. ആത്മീയമായി മരിച്ചിരിക്കുന്ന എല്ലാവർക്കും ജീവൻ പ്രാപിക്കാനുള്ള സന്ദേശമാണ്. ശയ്ത്വാന്റെ കൈയിൽ അകപ്പെട്ടവർക്ക് സ്വാതന്ത്ര്യത്തിന്റെ സന്തോഷവാർത്തയാണ്. നമ്മുടെ ദൈവം എത്രമാത്രം പ്രിയപ്പെട്ട ദൈവമാണ്. അവൻ നമ്മുടെ മേൽ സ്നേഹത്തിന്റെ ദൃഷ്ടി പതിപ്പിക്കുന്നു. തന്നെ വിശ്വസിക്കുന്നവരോട് ആവർത്തിച്ചാവർത്തിച്ച് പറയുന്നു. **'വലാ തയ്അസൂ മിൻർറൗഹില്ലാഹി'** അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശരാവരുത്. **ലാ യയ്അസു മിൻർറൗഹില്ലാഹി ഇല്ലൽ ഖൗമുൽ കാഫിറൂൻ** (12:88) 'അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് അവിശ്വാസികളല്ലാതെ നിരാശരാവുകയില്ല.' അതുകൊണ്ട് വിശ്വാസിയാണെന്ന് വാദമുണ്ടെങ്കിൽ അല്ലാഹുവിന്റെ കാരുണ്യത്തേയും പൊറുക്കലിനേയും എപ്പോഴും പ്രതീക്ഷിച്ചിരിക്കുക. മാനുഷികമായ ബലഹീനതകൾകൊണ്ട് ചില തിന്മകളിൽ അകപ്പെട്ടിട്ടുണ്ട്, നിങ്ങൾ വഴിതെറ്റിപ്പോയവരോ വഴിപിഴച്ചവരോ അല്ല. അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശരാവുന്നവർ വഴിപിഴച്ചയാളു

കളാണ്. അവർ അല്ലാഹുവിലും അവന്റെകാരുണ്യത്തിലും വിശ്വാസമില്ലാത്തവരാണ്. ഈ നിരാശ വഴിപിഴച്ചവരുടെ മാർഗമാണ്. അല്ലാഹു പറയുന്നു: **വമൻയ്യഖ്നത്വു മിൻർറഹ്മത്തി റബ്ബിഹീ ഇല്ലള്ളാല്ലൂൻ**(15:57) 'വഴിപിഴച്ചവരല്ലാതെ ആരാണ് അല്ലാഹുവന്റെ കാരുണ്യത്തെക്കുറിച്ച് നിരാശരാവുന്നത്'. വിഷമാവസ്ഥയിൽ കഴിയുന്നവർക്കും വ്യാകുലരായവർക്കും ഇതിനെക്കാൾ സഹതാപാർഹവും മനഃശ്ശാന്തിനല്കുന്നതുമായ മറ്റൊരു സന്ദേശവുമില്ല. പിന്നീട് നമ്മുടെ ദുഷ്കർമങ്ങൾ നിമിത്തം പെട്ടെന്ന് ശിക്ഷിക്കുകയില്ലെന്ന് നമ്മുടെ അല്ലാഹു നമുക്ക് സാന്ത്വനമരുളുന്നത് കാണുക: **വറബ്ബുക്കൽ ഗഫൂറു ദുർറഹ്മത്തി** (18:59) 'നിങ്ങളുടെ രക്ഷിതാവ് ഒരുപാട് പൊറുക്കുന്നവനാണ്. ഒരുപാട് കരുണയുളളവനുമാണ്' കാരണം **കതബ റബ്ബുക്കും അലാ നഫ്സിഹിർറഹ് മത്ത**(6:55) 'നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്കായി കാരുണ്യത്തെ തന്നിൽ നിർബന്ധമാക്കി വെച്ചിരിക്കുന്നു.'

ഡന്മാർക്കിലെ ഒരു മതപ്രസിദ്ധീകരണത്തിൽ ഒരു സ്ത്രീ വിശുദ്ധ ഖുർആനെക്കുറിച്ചെഴുതി: 'അതിൽ ആവർത്തിച്ചാവർത്തിച്ച് ശിക്ഷയുടേയും നാശത്തിന്റേയും കാര്യമാണ് പറയുന്നത്. 'സ്നേഹം' എന്ന പദം ഒന്നു രണ്ടിടത്തൊഴികെ എങ്ങും ഉപയോഗിച്ചിട്ടില്ല. ഇവിടെ മുസ്ലീം കളാണ് ചില ഖുർആനികവചനങ്ങളുടെ മുമ്പും പിമ്പും ഒഴിവാക്കി തെറ്റായി വിവരിച്ച് സ്വന്തമായി കണ്ടെത്തലുകൾ നടത്തി ഇസ്ലാമിന്റെ ദൈവത്തെ ശിക്ഷിക്കുന്നതിൽ വേഗം കാണിക്കുന്നവനാണെന്നും ക്രൂരനാണെന്നും വരുത്തിതീർക്കാനുള്ള ശ്രമം നടത്തിയത്. എന്തായാലും ഇതിനുള്ള മറുപടി ഡന്മാർക്ക് ജമാഅത്ത് നൽകിയിട്ടുണ്ട്. പക്ഷേ, ഞാനിപ്പോൾ പറഞ്ഞ ഉദ്ധരണികൾ സത്യവിശ്വാസികൾക്ക് പ്രത്യാശ വർധിപ്പിക്കുന്നതോടൊപ്പം ഇത്തരം എഴുത്തുകാർക്കും ഇസ്ലാമിനെതിരിൽ കളവ് പറയുകയും ഇസ്ലാമിനോടും ഖുർആനോടും പകവെച്ചു പുലർത്തുകയും ചെയ്യുന്നവർക്ക് മറുപടിയും നല്കുന്നുണ്ട്. അല്ലാഹു അധികാരിയാണ്. അവൻ പൊറുത്തുകൊടുക്കുന്നു. അവന്റെ എല്ലാ ഗുണങ്ങളെയും വലയം ചെയ്തിരിക്കുന്ന ദൈവികഗുണമാണ് മാപ്പും കരുണയും. അതിരില്ലാതെ അനീതികളും അക്രമങ്ങളും ചെയ്തിട്ടും മനുഷ്യർക്ക് ശിക്ഷനല്കാൻ ധിറുതി കൂട്ടുന്നില്ല എന്നതും അവന്റെ കാരുണ്യമാണ്. അക്രമങ്ങളിലും അതിരു കടന്നപാപങ്ങളിലും ആപതിച്ചാൽ നിങ്ങളെ അല്ലാഹു ശിക്ഷിക്കും എന്ന് മുന്നറിയിപ്പു നല്കിയിട്ടും പിന്മാറാതെ അതിൽ മുഴുകിയിരിക്കുന്ന കാരണത്താൽ ശിക്ഷിക്കേണ്ടതും ആവശ്യമാണ്. ഇത് പ്രകൃതി നിയമമമാണ്. ലോക നിയമവും അതു തന്നെ. എങ്കിലും അല്ലാഹുവിന്റെ കാരുണ്യത്തിന്റെ പരമസീമ എത്രത്തോളമാണന്ന് വച്ചാൽ ഒരു കാലം വരും അന്ന് നരകത്തിൽ ആരും ഉണ്ടാകുകയില്ല. അല്ലാഹുവിന്റെ കാരുണ്യം വിശാലവും അതിരില്ലാത്തതുമാണ്. ഈ ആയത്തുകളിൽ അല്ലാഹു തന്റെ കാരുണ്യവും പൊറുക്കലും വിവരിച്ചതിനുശേഷം പറഞ്ഞു: എന്നിട്ടും നിങ്ങൾ എന്റെ കാരുണ്യത്തിൽനിന്നും പൊറുക്കലിൽനിന്നും ഫലമെടുക്കുന്നില്ലെങ്കിൽ നിങ്ങൾ പാപങ്ങൾക്കും അക്രമങ്ങൾക്കും ശിക്ഷിക്കപ്പെടും. അതിൽനിന്ന് രക്ഷപ്പെടാൻ ഞാൻ വീണ്ടും വീണ്ടും നിങ്ങളോടു പറയുന്നത് എന്റെ കാരുണ്യമാണ്. എന്റെ പൊറുക്കലാണ് എല്ലാറ്റിനേയും അതിവർത്തിക്കുന്നത്. ഏതെങ്കിലും ശിക്ഷ നിങ്ങളെ വലയം ചെയ്യുന്നതിന് മുമ്പേ നിങ്ങൾ സുരക്ഷിതരായിക്കൊള്ളുക. അതിരുകടന്ന അക്രമങ്ങൾ കാരണത്താൽ നിങ്ങൾ എന്റെ ശിക്ഷാപരിധിയിൽ വരരുത്. അതുകൊണ്ട് രക്ഷപ്പെടാൻ ശ്രമിക്കുക. ഇതിലും ആക്ഷേപം കണ്ടെത്തുകയാണെങ്കിൽ അവരുടെ ബുദ്ധി അന്ധതയും പകയും ശത്രുതയും കൊണ്ട് നിറഞ്ഞിരിക്കുകയാണെന്നല്ലാതെ എന്തു പറയാനാണ്. തങ്ങളുടെ രാജ്യങ്ങളിൽ നിയമാനുസാരം കുറ്റവാളികൾ ശിക്ഷിക്കപ്പെടാൻ അവർ ആഗ്രഹിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ നിയമങ്ങളെ ലംഘിക്കുന്നവരേയും അക്രമങ്ങളിലും ബലാൽക്കാരങ്ങളിലും അതിരു കടക്കുന്നവരേയും ശിക്ഷിക്കരുത് എന്ന് പറയുകയും ചെയ്യുന്നു.

ഹദ്റത്ത് അബൂദർ(റ)ൽ നിന്ന് നിവേദനം: 'നബി(സ)തന്റെ പ്രതാപവാനായ അല്ലാഹുവിനെക്കുറിച്ച് പറഞ്ഞു, അല്ലാഹു പറയുന്നു: ആദമിന്റെ മകനേ! നീ എന്നോടു ദുആ ചെയ്യുന്നില്ല. പ്രതീക്ഷ പുലർത്തുകയും ചെയ്യുന്നു. നീ ശിർക്ക് ചെയ്യുകയില്ലെങ്കിൽ നിനക്കു ഞാൻ പൊറുത്തുതരുന്നതാണ്. നിന്റെ പാപങ്ങൾ ഭൂമിക്കു സമാനമായതാണെങ്കിലും വേണ്ടില്ല. ഞാൻ നിന്നെ നിന്റെ ഭൂമി മുഴുവൻ മഗ്ഫിറത്തോടുകൂടി കാണുന്നതാണ്. നീ ഇനി ആകാശത്തോളം പാപങ്ങൾ ചെയ്തിട്ടു എന്നോട് പൊറുക്കലിനെ തേടിയാൽ അതും ഞാൻ നിനക്ക് പൊറുത്തുതരുന്നതാണ്. ഞാൻ അല്പം പോലും അവഗണിക്കുകയില്ല.'

എല്ലാ വർഷവും റമദാൻ മാസത്തിൽ അവന്റെ പാപപൊറുതിയുടെ കവാടം തുറക്കുന്നുവെന്നത് മുഅ്മിനീങ്ങളായവരുടെ മേൽ അല്ലാഹുവിന്റെ എത്രവലിയ ഔദാര്യമാണ്. റമദാനിൽ അല്ലാഹുവിന്റെ പൊറുമയേയും കാരുണ്യത്തേയും സംബന്ധിച്ച് ഒരു നിവേദനം ഇങ്ങനെ വന്നിട്ടുണ്ട്.

നദ്ർബിൻ ശഅ്ബാൻ(റ) പറയുന്നു. ഞാൻ അബൂ സൽമ ബിൻ അബ്ദുർറഹ്മാനോടു പറഞ്ഞു: താങ്കൾ താങ്കളുടെ പിതാവിൽനിന്ന് കേട്ടതും അദ്ദേഹം റമദാനെക്കുറിച്ച് നബി(സ)തിരുമേനിയിൽനിന്ന് നേരിട്ട് കേട്ടതുമായ എന്തെങ്കിലും കാര്യം എനിക്കു പറഞ്ഞു തരിക. അബൂ സൽമ ബിൻ അബ്ദുർ റഹ്മാൻ പറഞ്ഞു, എന്നോട് എന്റെ പിതാവ് പറഞ്ഞു: നബി(സ)തിരുമേനി പറയുകയുണ്ടായി, അനുഗ്രഹമുടയവനായ അല്ലാഹു റമദാനിലെ നോമ്പു പിടിത്തം നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. അത് നിങ്ങൾക്കുവേണ്ടി ഞാൻ തുടങ്ങിയിരിക്കുന്നു. വിശ്വാസിയായിരിക്കെ പുണ്യം

ആഗ്രഹിച്ചുകൊണ്ട് അതിൽ ആരെങ്കിലും നോമ്പു നോറ്റാൽ മാതാവ് കുഞ്ഞിനെ പ്രസവിച്ചതുപോലെ അവൻ പാപങ്ങളിൽനിന്ന് പുറത്തു വരുന്നതാണ്. നവജാതശിശുവിനെപ്പോലെ ആയിത്തീരുന്നു.

അതുകൊണ്ട് അജ്ഞർക്ക് ഇസ്ലാമിന്റെ ദൈവത്തെ എങ്ങനെ കാണാൻ കഴിയുന്നുവെന്നത് നമുക്ക് ഒരു പ്രശ്നമല്ല. നമുക്ക് നല്ലവണ്ണം അറിയാം നമ്മുടെ അല്ലാഹു നമ്മുടെ മാതാപിതാക്കളെക്കാൾ കൂടുതൽ നമ്മെ സ്നേഹിക്കുന്നവനും നമുക്ക് പൊറുത്തു തരുന്നവനുമാണ്. ദാസരുടെ പാപങ്ങൾ പൊറുക്കാനായി നമ്മളിലേക്ക് ഓടിയെത്തുന്ന അല്ലാഹുവാണ്.

റമദാനുമായി ബന്ധപ്പെട്ട മറ്റൊരു ഹദീഥുണ്ട്. അതിൽ റമദാനിന്റെ ബർക്കത്തുകളാണ് പറഞ്ഞിട്ടുള്ളത്. സൽമാൻ(റ)രിവായത്ത് ചെയ്യുന്നു. 'നബി(സ)തിരുമേനി ശഅ്ബാൻ മാസത്തിന്റെ അവസാന ദിവസം ഞങ്ങളെ സംബോധനചെയ്തുകൊണ്ട് പറഞ്ഞു: "അല്ലയോ ജനങ്ങളേ! മഹത്തായ ഒരു മാസം നിങ്ങൾക്കിതാ തണലിട്ടിരിക്കുന്നു. അനുഗൃഹീത മാസമാണിത്. ആയിരം രാവുകളെക്കാൾ ഉത്തമമായ ഒരു രാത്രിയുള്ള മാസവുമാണിത്. അതിൽ നോമ്പ് അനുഷ്ഠാനം അല്ലാഹു നിർബന്ധമാക്കുകയും രാത്രി നമസ്കാരം ഐച്ഛികപുണ്യമാക്കുകയും ചെയ്തിരിക്കുന്നു. ഈ മാസത്തിന്റെ ആദ്യം കാരുണ്യവും മധ്യം പാപമോചനവും അവസാനം നരക വിമുക്തിയുമാണ്. ഒരു നോമ്പുകാരന് വയറു നിറച്ച് ആഹാരം കൊടുത്താൽ അവനെ അല്ലാഹു തന്റെ തണ്ണീർത്തടത്തിൽനിന്ന് കുടിപ്പിക്കുന്നതാണ്. പിന്നീട് അയാൾക്ക് ദാഹിക്കുകയില്ല. അതായത് മുമ്പേയുള്ള പാപങ്ങളും മാപ്പാക്കുന്നതാണ്. ഈ പൊറുക്കൽ. റമദാനോടുള്ള കടമ നിറവേറ്റിക്കൊണ്ട് നോമ്പ് പിടിക്കുകയാണെങ്കിൽ, നഫ്ൽ അനുഷ്ഠിക്കുകയാണെങ്കിൽ അല്ലാഹുവിനെ ആരാധിക്കുകയാണെങ്കിൽ ഭാവിയിൽ പാപം ചെയ്യാതിരിക്കാനുള്ള കരുത്തും ഉണ്ടാകുന്നതാണ്.

അല്ലാഹുവിന്റെ കാരുണ്യം വിശാലമാണെന്നതിൽ സംശയമില്ല. റമദാനിൽ നന്മകൾക്ക് ഒരുപാടിരട്ടി പ്രതിഫലം ഉണ്ടെന്നതിലും സംശയമില്ല. റമദാൻ റഹ്മത്തിന്റേയും മഗ്ഫിറത്തിന്റേയും സമ്പാദനത്തിനും നരകത്തിൽനിന്നുള്ള അകൽച്ചയ്ക്കുമുള്ള മാർഗമാണെന്നതിലും സംശയമില്ല. പക്ഷേ. ഒരു ഉത്സാഹത്തോടുകൂടി അത് കൈവരിക്കാൻ ശ്രമിക്കുന്നവരാണ് ഇക്കാര്യങ്ങളിൽനിന്ന് സ്ഥിരമായി ഫലമെടുക്കുന്നവർ. ഈ റമദാനെ റഹ്മത്തും പൊറുമയും കൈവരിക്കുന്നതിനും നരകത്തിൽനിന്നുള്ള മോചനത്തിനും മാർഗമാക്കുന്നവരാണ് നമ്മളിൽ ഭാഗ്യവാന്മാർ. നാം ആ ബലഹീനതകളെ അവസാനിപ്പിക്കുന്നവരാകട്ടെ. പാപങ്ങളിൽനിന്ന് എപ്പോഴും രക്ഷപ്പെടുന്നവരാകട്ടെ റമദാൻ തിന്മകളെ അകറ്റി നിറുത്തുന്നതും എപ്പോഴും നന്മയിലേക്ക് കൊണ്ടുപോകുന്നതമായ മൈൽസ്റ്റോണായി മാറട്ടെ. തിന്മകളിലേക്ക് വീണ്ടുമൊരിക്കലും ചാഞ്ഞുപോകാത്ത വിധം തിന്മകളോടുള്ള വെറുപ്പ് നമ്മളിൽ ഉണ്ടാകുമാറാകട്ടെ. സത്യസന്ധമായ പശ്ചാത്താപത്തിലേക്ക് നമ്മുടെ ശ്രദ്ധ ഉണ്ടാകട്ടെ. എപ്പോഴും അല്ലാഹുവിന്റെ സാമീപ്യത്തിനുള്ള മാർഗമുണ്ടാക്കിക്കൊണ്ടിരിക്കുന്ന പശ്ചാത്താപം! ഇക്കാര്യങ്ങൾ എങ്ങനെയാണ് ലഭ്യമാകുന്നത്? അല്ലെങ്കിൽ എപ്പോഴും പാപത്തിൽനിന്ന് അകറ്റി നിറുത്തുന്ന സത്യസന്ധമായ പശ്ചാത്താപം എങ്ങനെയാണ് ചെയ്യാൻ കഴിയുക? ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: തൗബ അഥവാ പശ്ചാത്താപം സൽസ്വഭാവം കൈവരിക്കുന്നതിനുള്ള വലിയ ചാലകശക്തിയും സഹായിയുമാണ്. (ഉന്നത സ്വഭാവത്തിന്റേയും ഉന്നത പെരുമാറ്റത്തിന്റേയും ഉടമയാകണമെങ്കിൽ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കണമെങ്കിൽ തൗബ ഒന്നു മാത്രമാണ് പ്രയോജനപ്പെടുന്നത്. സഹായിയായിത്തീരുന്ന ആ കാരണംകൊണ്ടുതന്നെയാണ് മനുഷ്യൻ അഭിവൃദ്ധിപ്പെടുന്നത്. മനുഷ്യനെ സമ്പൂർണനാക്കുന്നു. തൗബയ്ക്ക് മൂന്നു നിബന്ധനകളുണ്ടെന്ന് കാര്യവും ഓർക്കേണ്ടതാണ്. വെറും തൗബ ചെയ്യുന്നതുകൊണ്ട് തൗബയാകുകയില്ല. ഇത് പൂർത്തിയാകാതെ സത്യസന്ധമായ തൗബ, തൗബത്തുന്നുസൂഹ് ലഭിക്കുകയില്ല. എന്താണ് ആ നിബന്ധനകൾ?

ആ നിബന്ധനകളിൽ ഒന്നാമത്തേത് അറബീ ഭാഷയിൽ അതിന് **അഖ്ലാഅ്** എന്നാണ് പറയുന്നത്. അതായത് തിന്മചെയ്യാൻ പ്രേരിപ്പിക്കുന്ന എല്ലാസ്വഭാവങ്ങളേയും അകറ്റുക. ദുഃസ്വഭാവത്തിന് കാരണമാകുന്ന ചിന്താഗതികളെയെല്ലാം മുരടോടെ നശിപ്പിക്കുക. ഇതാണ് ആദ്യത്തെ നിബന്ധന.

രണ്ടാമത്തെ നിബന്ധന 'നദമാണ്. അതായത് ലജ്ജയും പശ്ചാത്താപവും പ്രകടിപ്പിക്കൽ. ഓരോ മനുഷ്യന്റേയും കോൺഷ്യൻസ് ഓരോ തിന്മയെകുറിച്ചും അറിയിച്ചുകൊണ്ടിരിക്കാനുള്ള ശക്തി ഉൾക്കൊള്ളുന്നതാണ്. എന്നാൽ, ദുഷ്ടനായ മനുഷ്യൻ അത് കൈവിട്ടുകളയുന്നു. അതുകൊണ്ട് പാപങ്ങളും തിന്മയും ഉണ്ടാകുമ്പോൾ അതിൽ ലജ്ജ പ്രകടിപ്പിക്കുക. അതിൽനിന്നുണ്ടായ സുഖങ്ങൾ അല്പനാളത്തേക്കുള്ളതും താല്ക്കാലികവുമാണെന്ന് കരുതുക. ഓരോ പ്രാവശ്യവും ആ സുഖത്തിലും രുചിയിലും കുറവു വന്നുകൊണ്ടിരിക്കുന്നുണ്ടോ എന്നും ചിന്തിക്കുക. അവസാനം വാർധക്യത്തിൽ എത്തുമ്പോൾ ശക്തികളെല്ലാം ക്ഷയിക്കുകയും ബലഹീനമാകുകയും ചെയ്യുമ്പോൾ ആ ഭൗതികമായ എല്ലാ ആനന്ദാനുഭൂദികളേയും ഉപേക്ഷിക്കേണ്ടിവരും. സ്വന്തം ജീവിതത്തിൽത്തന്നെ ഇതെല്ലാം ഉപേക്ഷിക്കേണ്ടി വരുമ്പോൾ പിന്നെ അതു ചെയ്യുന്നതുകൊണ്ട് എന്ത് ഫലമാണുള്ളത്? പശ്ചാത്താപത്തിലേക്ക് തിരിയുന്ന മനുഷ്യൻ മഹാഭാഗ്യവാനാണ്.അവനിൽ ആദ്യം അഖ്ലാഅ് അഥവാ ഉപേക്ഷിക്കലിന്റെ ചിന്തയുണ്ടാവണം. അതായത് ദുഃസ്വഭാവത്തിന് കാരണമാകുന്ന ചിന്താഗതികളെയെല്ലാം മുരടോടെ നശിപ്പിക്കുക. ഈ മാലിന്യവും അശുദ്ധിയും പുറത്തുപോയാൽ പിന്നീട്

താൻ ചെയ്തതിൽ ലജ്ജിക്കുന്നവനാകണം.

മൂന്നാമത്തെ നിബന്ധന ദൃഢനിശ്ചയമാണ്. ഇനിയൊരിക്കലും ആ തിന്മകൾ ചെയ്യുകയില്ലെന്ന് ഉറച്ച തീരുമാനം എടുക്കുക. അത് പതിവായി പാലിക്കുമ്പോൾ അല്ലാഹുവിൽനിന്ന് സത്യസന്ധമായ തൗബ ചെയ്യാൻ ഭാഗ്യം നല്കുന്നതാണ്. എത്രത്തോളമെന്നാൽ ആ പാപങ്ങളെല്ലാം അവനിൽനിന്ന് ഒഴിഞ്ഞുപോയി സൽസ്വഭാവങ്ങളും സ്തുത്യർഹമായ പ്രവർത്തികളും ആ സ്ഥലം കരസ്ഥമാക്കുന്നതാണ്. ഇത് സൽസ്വഭാവങ്ങളുടെമേലുള്ള വിജയമാണ്. അതിൽ ശക്തിയും കഴിവും ഉണ്ടാക്കുക എന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. കാരണം എല്ലാ ശക്തികളുടേയും കഴിവുകളുടേയും അധികാരി അവനാണ്. **അന്നൽ ഖുവ്വത്ത ലില്ലാഹി ജമീആ**(2:166) സകല ശക്തിയും അല്ലാഹുവിനാകുന്നു എന്നു പറഞ്ഞതുപോലെ. മനുഷ്യൻ ദുർബലനും ബലഹീനനുമാണ്. **ഖുലിഖൽ ഇൻസാനു ളഈഫാ**(4:29) മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അവന്റെ പരമാർഥം അതാണ്. അതുകൊണ്ട് അല്ലാഹുവിൽനിന്ന് ശക്തി ആർജിക്കാൻ മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങളും പൂർത്തിയാക്കി മനുഷ്യൻ മടിയും അലസതയും കൈവെടിയണം. എപ്പോഴും തയ്യാറായി അല്ലാഹുവിനോട് ദുആ ചെയ്യണം. അല്ലാഹു സ്വഭാവമാറ്റം വരുത്തുന്നതാണ്.'

വീണ്ടും ഹദ്റത്ത മസീഹ് മൗഊദ്(അ)പറയുന്നു: 'നിങ്ങളുടെ കർമങ്ങളെ ശുദ്ധമാക്കുക. അല്ലാഹുവിനെ എപ്പോഴും സ്മരിക്കുക. ഉദാസീനരാവരുത്. ഓടുന്ന ഇരഅല്പം അശ്രദ്ധനാകുമ്പോൾ വേട്ടക്കാരന്റെ കൈയിൽ അകപ്പെടുന്നതുപോലെ അല്ലാഹുവിന്റെ സ്മരണയിൽ അശ്രദ്ധരാകുമ്പോൾ ശയ്ത്വാന് ഇരയായി തീരുന്നു. പശ്ചാത്താപത്തെ എപ്പോഴും ജീവിപ്പിച്ച് നിറുത്തുക. മരിക്കാൻ വിടരുത്. കാരണം ഏതൊരു അവയവം കൊണ്ടാണോ പ്രവർത്തന നിരതമാകുന്നത് അതാണ് പ്രയോജനപ്പെടുന്നത്. ഏതൊന്നിനെ അലസമായി വിട്ടുകളയുന്നുവോ അത് എന്നെന്നേക്കുമായി നിഷ്പ്രയോജനമായിത്തീരുന്നു. ഇതേപോലെ തൗബയേയും സക്രിയമാക്കുക, അത് വിഫലമാവാതിരിക്കാൻ ശ്രദ്ധിക്കുക. ശരിയായ തൗബയല്ലെങ്കിൽ അത് കല്ലിന്മേൽ വിതയ്ക്കുന്ന വിത്തുപോലെയാണ്. ഇനി അത് ശരിയായ തൗബയാണെങ്കിൽ യഥാർഥ സമയത്ത് വിളവ് കൊണ്ടു വരുന്ന വളക്കൂറുള്ള മണ്ണിൽ വിതയ്ക്കുന്ന വിത്തുപോലെയാണ്. ഇക്കാലത്ത് ഇത്തരം തൗബ ചെയ്യാൻ വലിയ വലിയ പ്രയാസങ്ങളുണ്ട്. കാരണം ദുൻയാവിനോടുള്ള അത്യാഗ്രഹം, ദുൻയാവിന്റെ ആനന്ദാനുഭൂതികൾ മുന്നിലുണ്ടാകുന്നു.' 'നമുക്ക് വിജയിക്കാനുള്ള ആയുധം ഇസ്തിഗ്ഫാർ, തൗബ, മതപരമായ അറിവ്, അല്ലാഹുവിന്റെ മഹത്വത്തെ മുന്നിൽ കാണൽ, അഞ്ചുനേരത്തെ നമസ്കാരം അനുഷ്ഠിക്കൽ തുടങ്ങിയവയാണ്. നമസ്കാരം ദുആ സ്വീകരിക്കുന്നതിനുള്ള താക്കോലാണ്. നമസ്കരിക്കുമ്പോൾ ദുആ ചെയ്യുക. അശ്രദ്ധരാവരുത്. ദൈവത്തോടുള്ള കടമകളെ സംബന്ധിച്ചും സൃഷ്ടികളോടുള്ള കടമകളെ സംബന്ധിച്ചുമുള്ള എല്ലാ തരം തിന്മയിൽ നിന്നും മുക്തരാകുക.'

**ഖുത്ബ ജൂലൈ 25**

റമളാനിലെ അവസാനത്തെ പത്തിൽ രണ്ടുകാര്യങ്ങളിലേക്ക് മുസ്‌ലീംകൾ ശ്രദ്ധിക്കുന്നു. അല്ലെങ്കിൽ വളരെയേറെ പ്രാധാന്യം നല്കുന്നു. അവയിലൊന്ന് ലയ്‌ലത്തുൽ ഖദ്റാണ്. രണ്ടാമത്തേത് ജുമുഅത്തുൽ വിദാ. അവയിലൊന്ന് അതായത് ലയ്‌ലത്തുൽ ഖദ്ർ യഥാർഥമായ പ്രാധാന്യമുള്ള കാര്യമാണ്. അത് നബി(സ)തിരുമേനിയിൽനിന്ന് സ്ഥാപിതമായിട്ടുള്ളതാണ്. ഹദീഥുകളിൽ അതിനെ സംബന്ധിച്ച് വിവിധ നിവേദനങ്ങൾ വന്നിട്ടുണ്ട്. അതുപോലെതന്നെ വിശുദ്ധ ഖുർആനും അത് സംബന്ധിച്ച് പറയുന്നുണ്ട്. പക്ഷേ, ജുമുഅത്തുൽ വിദായെ സംബന്ധിച്ച് മുസ്‌ലീംകളുടെ അല്ലെങ്കിൽ ഉലമാക്കളുടെ സ്വയംകൃത വ്യാഖ്യാനം തെറ്റായ വർണം ചാർത്തിയിരിക്കുകയാണ്. ഇന്ന് ഞാൻ ഈ രണ്ടു കാര്യങ്ങളെ സംബന്ധിച്ചാണ് പറയുന്നത്. അവയുടെ പ്രാധാന്യത്തേയും യാഥാർഥ്യത്തേയും സംബന്ധിച്ച് ഹ്രസ്വമായി സംസാരിക്കുന്നതാണ്.

നബി(സ)തിരുമേനിക്ക് ലയ്‌ലത്തുൽ ഖദ്റിന്റെ നിശ്ചിത തിയതിയെ സംബന്ധിച്ച് അറിവ് നല്കപ്പെട്ടിരുന്നു. അതിലാണ് ഒരു യഥാർഥ സത്യവിശ്വാസിക്ക് ദുആ സ്വീകാര്യതയുടെ പ്രത്യേക ദൃശ്യം കാണിച്ചുകൊടുക്കുന്നത്. ദുആകൾ പൊതുവെ സ്വീകരിക്കപ്പെടുന്നത്. ഹദീഥിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനിക്ക് ഇതിനെക്കുറിച്ച് അറിവ് നല്കപ്പെട്ടപ്പോൾ ആ വിവരം ജനങ്ങളെ അറിയിക്കാനും അവരും അതിൽനിന്ന് ഫലമെടുക്കാനും വേണ്ടി ആ മഹാത്മാവ് സന്തോഷത്തോടെ വെളിയിൽ ഇറങ്ങി. എന്നാൽ, വെളിയിൽ വന്നപ്പോൾ ആ മഹാത്മാവ് കാണുന്നത് രണ്ടു മുസ്‌ലീംകൾതമ്മിൽ വഴക്കിടുന്നതാണ്. നബി(സ)തിരുമേനി അവരുടെ വഴക്ക് തീർക്കാനും ഭിന്നിപ്പ് മാറ്റാനുള്ള ശ്രമത്തിലായി. അപ്പോൾ ലയ്‌ലത്തുൽ ഖദ്റിന്റെ നിശ്ചിത തിയതി നബി(സ)മറന്നുപോയി. അവരുടെ രണ്ടുപേരുടേയും വഴക്കു തീർക്കാൻ നല്ല സമയം എടുത്തിരുന്നുവെന്നാണ് തോന്നുന്നത്.

എന്തായാലും നബി(സ)തിരുമേനി പറഞ്ഞു, ഞാൻ ലയ്‌ലത്തുൽ ഖദ്റിന്റെ തീയതി അറിയിക്കാൻവേണ്ടി വന്നതാണ്. (അപ്പോൾ നബി(സ)തിരുമേനി ആ തിയതി മറന്നു കഴിഞ്ഞിരുന്നു.) ഹദീഥിൽ മറപ്പിക്കപ്പെട്ടു എന്ന പദങ്ങളും വന്നിട്ടുണ്ട്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതിയിരിക്കുന്നു: ഹദീഥിൽ നിന്ന് മനസ്സിലാകുന്നത് മറക്കുകമാത്രമല്ല, ദൈവിക നിയന്ത്രണത്താൽ ആ നിമിഷത്തിന്റെ ഓർമ എടുക്കപ്പെട്ടുപോയിരുന്നുവെന്നാണ്. നബി(സ) തിരുമേനി പറഞ്ഞു, ഈ വഴക്കുകാരണത്താൽ അല്ലെങ്കിൽ ഭിന്നിപ്പ് കാരണത്താൽ ആ നിമിഷത്തെ കുറിച്ചുള്ള അറിവ് ഉയർത്തപ്പെട്ടുപോയി. അതുകൊണ്ട് കൃത്യമായ സമയമല്ല പറയുന്നത്. പക്ഷേ, റമളാനിലെ അവസാനത്തെ പത്തിലെ ഒറ്റയായ രാത്രി

യിൽ അത് അന്വേഷിച്ചുകൊള്ളുക. ഇതിൽനിന്ന് പ്രധാനപ്പെട്ട വലിയൊരു പോയന്റ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിവരിച്ചിരിക്കുന്നു. ലയ്‌ലത്തുൽ ഖദ്ർ എന്ന പറയപ്പെട്ടിരിക്കുന്ന ആ നിമിഷം സാമൂഹികമായ ഐക്യവും അഖണ്ഡതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് വലിയ പ്രധാനപ്പെട്ട പോയന്റാണ്. നമ്മൾ ഹദീഥ് കേൾക്കുന്നപാടെ പറയാൻ തുടങ്ങുന്നു, വഴക്കിട്ടില്ലായിരുന്നെങ്കിൽ നമുക്ക് കൃത്യ തിയതി ലഭിക്കുമായിരുന്നുവെന്ന്. പക്ഷേ, ലയ്‌ലത്തുൽ ഖദ്ർ എന്ന് പറയപ്പെട്ടിരിക്കുന്ന ആ നിമിഷം സാമൂഹികമായ ഐക്യവും അഖണ്ഡതയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന പ്രധാന കാര്യത്തിലേക്ക് ശ്രദ്ധ കുറച്ചേ ഉണ്ടാകുന്നുള്ളു. ഏതൊരു ജനതയിലാണോ ഐക്യവും അഖണ്ഡതയും ഉന്മൂലനം ചെയ്യപ്പെടുന്നത് അവരിൽനിന്ന് ലയ്‌ലത്തുൽ ഖദ്റും ഉയർത്തപ്പെടുന്നു. ധാരാളം മുസ്‌ലിം രാഷ്ട്രങ്ങളിൽ നിർഭാഗ്യവശാൽ ഐക്യവും അഖണ്ഡതയും ഇന്ന് ഇല്ലാതായിരിക്കുന്നുവെന്ന് വളരെ വിഷമത്തോടെ നമുക്ക് പറയേണ്ടിവരുന്നു. പ്രജകൾ തമ്മിൽ കലഹിക്കുന്നു. പ്രജകൾ സർക്കാരിനോട് പടവെട്ടുന്നു. ഭരണകൂടം പ്രജകളുടെ മേൽ അക്രമം അഴിച്ചുവിടുന്നു. ഐക്യവും അഖണ്ഡതയും ഇല്ലാതായി എന്നു മാത്രമല്ല അക്രമവും വ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അക്രമം ചെയ്യാൻ സമ്മർദവും ഉണ്ടാകുന്നു. ഈ ഐക്യത്തിന്റേയും അഖണ്ഡതയുടേയും കുറവുകാരണത്താൽ മുസ്‌ലീംകൾക്കെതിരിൽ എന്തും ചെയ്യാൻ മറ്റുള്ളവർക്ക് തന്റേടം ഉണ്ടാകുന്നു. ഇക്കാരണത്താലാണ് ഇസ്റായേലും അക്രമപരമായ നിലയിൽ ഇക്കാലത്ത് നിഷ്കളങ്കരായ ഫലസ്തീനികളെ വധിച്ചുകൊണ്ടേയിരിക്കുന്നത്. മുസ്‌ലീംകളിൽ ഐക്യവും അഖണ്ഡതയും ഉണ്ടായിരിക്കുകയും അല്ലാഹു പറഞ്ഞ മാർഗത്തിലൂടെ നടക്കുകയും ചെയ്തിരുന്നെങ്കിൽ മുസ്‌ലീംകൾ വലിയ ശക്തിയാകുമായിരുന്നു. പിന്നെ ഇത്തരം ആക്രമണങ്ങൾ ഉണ്ടാകുമായിരുന്നില്ല. യുദ്ധത്തിനും എന്തെങ്കിലും നിയമങ്ങളും ചട്ടങ്ങളും ഉണ്ടാകുകയും ചെയ്യുമായിരുന്നു. ഇസ്റായേലിനെതിരിൽ ഫലസ്തീനികൾക്ക് ഒരു ശക്തിയുമില്ല. ഹമാസും അക്രമം ചെയ്തുകൊണ്ടിരിക്കുന്നുവെന്നാണ് പറയുന്നതെങ്കിൽ മുസ്‌ലിം രാഷ്ട്രങ്ങൾ അവരേയും തടയേണ്ടതാണ്. പക്ഷേ, ഇവർ രണ്ടുകൂട്ടരുടേയും അക്രമങ്ങളുടെ ബന്ധം നോക്കുക! ഒരാൾ തന്റെ ലാത്തികൊണ്ട് അക്രമം ചെയ്തുകൊണ്ടിരിക്കുന്നു. രണ്ടാമത്തേത് ഒരു സൈന്യം പീരങ്കികൾ ചലിപ്പിച്ചാണ് അക്രമം ചെയ്തുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം തുർക്കിയിൽ ദുഃഖപ്രകടനം നടത്തുകയുണ്ടായി. അനുശോചനം രേഖപ്പെടുത്തി അവർ അവരുടെ കടമ നിറവേറ്റി! ഇതുപോലെതന്നെ പാശ്ചാത്യശക്തികളും അവരുടെ കടമ നിറവേറ്റുന്നില്ല. രണ്ടു കൂട്ടരേയും ശക്തമായി തടയുകയായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്. എന്തായാലും നമുക്ക് ദുആ ചെയ്യാനെ സാധിക്കുകയുള്ളു. അല്ലാഹു തആല മർദിതരേയും നിരപരാധികളേയും ഈ അക്രമങ്ങളിൽനിന്ന് രക്ഷിക്കുമാറാകട്ടെ. സമാധാനം നിലനില്ക്കുമാറാകട്ടെ. ഇതുപോലെ തന്നെ മുസ്‌ലിം രാഷ്ട്രങ്ങളുടെ ഉള്ളിലും ഒരു കൂട്ടർ മറ്റേ കൂട്ടരുടെമേൽ അക്രമം ചെയ്തുകൊണ്ടിരിക്കുന്നു. കലഹങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നു. അല്ലാഹു അവർക്കും ബുദ്ധിനല്കുമാറാകട്ടെ. കലിമ ചൊല്ലുന്നവൻ, കലിമ ചൊല്ലുന്നവന്റെ രക്തം കൊണ്ട് കൈകളിൽ മൈലാഞ്ചി ഇടുകയാണ്. ഇതിൽ നിന്ന് ഇവർ രക്ഷപ്പെടുമാറാകട്ടെ. പസ്പരം ഐക്യവും അഖണ്ഡതയും നിലനില്ക്കുമാറാകട്ടെ. ഇതുകൂടാതെ അവരുടെ ആരാധനയുടെ കടമ നിറവേറ്റപ്പെടുകയില്ല. ലയ്‌ലത്തുൽ ഖദ്ർ കിട്ടണമെന്ന് ആഗ്രഹവും പൂർത്തിയാവുകയില്ല. കാരണം സമൂഹത്തിൽ ഐക്യവും അഖണ്ഡതയും ഇല്ലാതാകുമ്പോൾ ലയ്‌ലത്തുൽ ഖദ്റും ഉയർത്തപ്പെടുന്നു. രാത്രികളും അന്ധകാരങ്ങളും ഇരുട്ടുകളുമാത്രം വിധിയായിത്തീരുന്നു. അഭിവൃദ്ധി നിലച്ചുപോകുന്നു.

ലയ്‌ലത്തുൽ ഖദ്റിന്റെ അർഥമാണ് മനുഷ്യന്റെ ഭാഗ്യം നിർണയിക്കപ്പെടുന്ന രാവ്. അടുത്ത വർഷം അവനുമായി എന്തുകാര്യമാണ് ഉണ്ടായിരിക്കുക, അത് എത്രമാത്രം വളരുകയും മെച്ചപ്പെടുകയും ചെയ്യും, എന്തെന്തെല്ലാം നേട്ടങ്ങൾ കൈവരിക്കും, എന്തെല്ലാം നഷ്ടം സഹിക്കേണ്ടിവരും തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കപ്പെടുന്നു. മനുഷ്യന്റെ അഭിവൃദ്ധിയുടെ എല്ലാ തീരുമാനങ്ങളും രത്രിയിൽ അഥവാ അന്ധകാരത്തിലാണുണ്ടാകുന്നത്.

നബി(സ)തിരുമേനി പറഞ്ഞു, ഒരാൾ എത്രത്തോളം അല്ലാഹുവിന് പ്രിയങ്കരനാകുന്നുവോ അത്രത്തോളം അവന് പരീക്ഷണങ്ങളുമുണ്ടാകുന്നു. അതുകൊണ്ട് നമ്മളും ചിലയിടങ്ങളിൽ പരീക്ഷണങ്ങളിലൂടെ കടന്നുപോകുന്നുണ്ടെന്ന കാര്യം ഓർമ വെക്കേണ്ടതാണ്. ഈ ലയ്‌ലത്തുൽ ഖദ്ർകൊണ്ടുതന്നെയാണ് യഥാർഥ ലയ്‌ലത്തുൽ ഖദ്റിന്റെ അന്വേഷണവും ശക്തമായിട്ടുണ്ടാകുന്നത്. ആ നേരത്ത് ദുആകളിലേക്ക് ശ്രദ്ധയുമുണ്ടാകുന്നു. ബുദ്ധിമുട്ടുകളുണ്ടാകുന്ന നേരത്താണ് മനുഷ്യൻ അല്ലാഹുവിലേക്ക് പ്രത്യേകമായും കുനിയുന്നത്. ശിക്ഷണത്തിന്റേയും പരിപാലനത്തിന്റേയും കാലഘട്ടം പിന്നീട് വിജയപ്രദമായി കഴിച്ചുകൂട്ടുന്നു. എന്നാൽ, നാം അതിൽ നമ്മുടെ ഐക്യത്തിന്റേയും അഖണ്ഡതയുടേയും നിലവാരത്തെ നഷ്ടപ്പെടുത്തിപ്പോകുകയാണെങ്കിൽ ലയ്‌ലത്തുൽ ഖദ്റിന്റെ ശരിയായ ഫലം ആസ്വദിക്കാൻ കഴിയുകയില്ല. നമ്മുടെ ത്യാഗങ്ങളെ അല്ലാഹുവിന്റെ തൃപ്തി എന്നുമനസ്സിലാക്കി ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ വിജയങ്ങളെ ആലിംഗനം ചെയ്തുകൊണ്ടു പോകുന്നതായിരിക്കും. വിജയങ്ങളെ ആശ്ലേഷിച്ചുകൊണ്ട് ഒരു പുതിയ ജീവിതം പ്രാപിക്കുന്നവരായിത്തീരുന്നതാണ്. ഒരു പുതിയ വർണത്തിൽ ഉയരുന്നതായിരിക്കും. പരസ്പരമുള്ള ഐക്യ

ത്തേയും അഖണ്ഡതയേയും അല്ലാഹുവിനുവേണ്ടി നിലനിറുത്തുന്നതായിരിക്കും. അപ്പോൾ അഭിവൃദ്ധിയുടെ പുതിയ നിലകൾ ഇൻശാഅല്ലാഹ് കാണുന്നതായിരിക്കും.

ലയ്‌ലത്തുൽ ഖദ്റിൽനിന്ന് ഉപകാരം നേടാൻ നമുക്ക് ഇക്കാര്യങ്ങളെല്ലാം എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. അല്ലാഹുവിന്റെ മുമ്പിൽ ത്യാഗം സ്വീകരിക്കപ്പെടുന്ന നിമിഷത്തിന്റെ പേരാണ് ലയ്‌ലത്തുൽ ഖദ്ർ. ആരാണോ അല്ലാഹുവിന്റെ പക്കൽ സ്വീകാര്യനായിത്തീരുന്നത് അതിനെക്കാൾ വലിയൊരു ലാഭക്കച്ചവടമില്ല തന്നെ. അത് കൊണ്ട് സ്വീകരിക്കപ്പെടുന്ന ത്യാഗങ്ങൾ ചെയ്യാൻ ശ്രമിക്കേണ്ടതാണ്. ഇസ്‌ലാമിക യുദ്ധങ്ങളിൽ ഉദാഹരണത്തിന് ബദ്ർ യുദ്ധത്തിൽ അവിശ്വാസികളും വധിക്കപ്പെട്ടിരുന്നു; മുസ്‌ലീംകളും. പക്ഷേ, അവിശ്വാസികളുടെ വധിക്കപ്പെടൽ ലയ്‌ലത്തുൽ ഖദ്ർ അല്ലായിരുന്നു. അവരുടെ ത്യാഗങ്ങൾ ലയ്‌ലത്തുൽ ഖദ്ർ ആയിരുന്നില്ല. പക്ഷേ, മുസ്‌ലീംകൾ ശഹീദായത് ലയ്‌ലത്തുൽഖദ്റായിരുന്നു. കാരണം അല്ലാഹു ആ ത്യാഗങ്ങളെ സ്വീകാര്യാർഹമാക്കി. ഏതൊരു ബുദ്ധിമുട്ടിനാണോ അല്ലാഹു ഒരു വില നിശ്ചയിക്കാത്തത് അത് ലയ്‌ലത്തുൽ ഖദ്റല്ല. അത് ശിക്ഷയാണ്. അദാബാണ്. എന്നാൽ ഏതൊരു ബുദ്ധിമുട്ടിനാണോ അല്ലാഹു വിലനിശ്ചയിക്കുന്നത് അത് ലയ്‌ലത്തുൽ ഖദ്റാണ്.

ചില രാഷ്ട്രങ്ങളിൽ അഹ്‌മദികൾക്കെതിരിൽ കഠിനമായ അവസ്ഥയാണുള്ളത്. ഈ കഠിനമായ അവസ്ഥകൾ പ്രഭാതം പൊട്ടിവിടരാൻപോകുന്നു എന്ന സുവിശേഷം നല്കുന്നതോടൊപ്പം ലയ്‌ലത്തുൽ ഖദ്റിന്റെ ഫലമായി ലോകത്തിലെ ഓരോരോ രാജ്യത്തും ഓരോരോ നഗരത്തിലും അഹ്‌മദിയ്യത്തിന്റെ കുട്ടികളുടെ പിറവിയും നടന്നുകൊണ്ടിരിക്കുന്നു. പുതിയ പുതിയ ജമാഅത്തുകൾ സ്ഥാപിതമായിക്കൊണ്ടിരിക്കുന്നു. ഇതിൽനിന്ന് കൂടുതൽ ഉപകാരം ഉണ്ടാകുന്നതിനും ലയ്‌ലത്തുൽ ഖദ്റിന്റെ കൂടുതൽ ആനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നതിനുമായി നമ്മളിൽ എല്ലാ ഓരോരുത്തരും നമ്മളിലെ ഐക്യവും അഖണ്ഡതയും മുമ്പത്തെക്കാൾ കൂടുതലായിരിക്കുമെന്നും അതിൽ എവിടെയെങ്കിലും വിടവുണ്ടാകുകയാണെങ്കിൽ, വിള്ളലുണ്ടാകുകയാമെങ്കിൽ ക്ഷണത്തിൽ ഞങ്ങൾ അത് നികത്തുമെന്നും പ്രതിജ്ഞയെടുക്കേണ്ടതാണ്. റുഹമാഉ ബയ്‌നഹും എന്നതിന്റെ മാതൃകയായിക്കൊണ്ട് ലയ്‌ലത്തുൽ ഖദ്റിന്റെ യഥാർഥ ഉപകാരം പറ്റുന്നവരായിരിക്കും.

അതുകൊണ്ട് ഈ റമദാനിൽ വ്യക്തിഗതമായ നിലയിൽ ലയ്‌ലത്തുൽ ഖദ്റിന്റെ അനുഗ്രഹം നേടുന്നതിനും ജമാഅത്തിപരമായ നിലയിൽ അല്ലാഹു വിധിച്ചിട്ടുള്ള ഫലങ്ങളിലും വിജയങ്ങളിലും പുരോഗതികളിലും സമ്മാനങ്ങളിലും ഭാഗഭാക്കാകുന്നതിനും പരസ്പരമുള്ള വ്യക്തിപരമായ വൈരാഗ്യങ്ങളും അവസാനിപ്പിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ മഴ വർധിക്കുന്നതിനൊപ്പം അതേ വേഗത്തിൽ ശത്രുക്കൾ നമുക്ക് തടസമുണ്ടാക്കുമെന്നും പ്രയാസങ്ങളുണ്ടാക്കുമെന്നും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നവെന്നും നാം ഓർക്കേണ്ടതാണ്. ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുമുണ്ട്. ഇത് അല്പം രാഷ്ട്രങ്ങളിൽ പരിമിതമാണെന്ന് കരുതരുത്. അസൂയാഗ്നി പുരോഗതി തടയുന്നതിനായി അതിന്റെ എല്ലാ പരിശ്രമവും നടത്തുന്നതാണ്. എല്ലായിടത്തും ഇങ്ങനെ ചെയ്യുന്നതാണ്. പക്ഷേ, ലയ്‌ലത്തുൽഖദ്ർ വരുന്നതിന്റെ സുവാർത്ത നാം അതിന്റെ ദുസ്സ്വാധീനത്തിൽനിന്നും രക്ഷപ്പെടുന്നതിന്റേയും ജമാഅത്തിന്റെ പുരോഗതിക്കായി ചെയ്തിട്ടുള്ള ദുആകളുടെ സ്വീകാര്യതയുടേയും വിവരം അറിയിച്ചുകൊണ്ടിരിക്കുന്നു.

നാം നമ്മുടെ അവസ്ഥകളെ അല്ലാഹുവിന്റെ തൃപ്തിയനുസരിച്ച് അച്ചിൽ വാർത്തെടുക്കാൻ ശ്രമിക്കുമ്പോൾ ലയ്‌ലത്തുൽ ഖദ്റിൽനിന്നും ഫലമെടുത്തുകൊണ്ടേ പോകും. ജമാഅത്തിന്റെ പുരോഗതിയെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ചുള്ള ഉന്നതിയിൽ കാണാനാണ് സത്യവിശ്വാസികൾ ഉദ്ദേശിക്കുന്നതും പരിശ്രമിക്കുന്നതും ആഗ്രഹിക്കുന്നതും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്ന നമ്മളും ആ മഹാത്മാവ് നമ്മോടു പറഞ്ഞതുപോലെ ഈ രീതിയിൽ ആ പുരോഗതിയുടെ ഭാഗമാകാൻ ശ്രമിക്കേണ്ടതാണ്. ആ രീതി ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ വരവിന്റെ ഉദ്ദേശ്യമായി പറഞ്ഞ ആ രണ്ടുകാര്യങ്ങളിൽ അടങ്ങിയിട്ടുണ്ട്. ഒന്ന് മനുഷ്യരെ അല്ലാഹുവുമായി അടുപ്പിക്കുക. രണ്ട് മനുഷ്യനെ മറ്റുമനുഷ്യരോടുള്ള കടമകൾ നിറവേറ്റുന്നവരാക്കിത്തീർക്കുക. ഈ രണ്ടു കാര്യങ്ങളാണ് നമ്മെ ഏല്പിച്ചിട്ടുള്ളത്. നിങ്ങളുടെ ആരാധനകളുടെ നിലവാരങ്ങളേയും ഉയർത്തുക. നിങ്ങളുടെ അഭിപ്രായഭിന്നതകളും വഴക്കുകളും വിപാടനം ചെയ്ത് പരസ്പരം കടമകൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധിക്കുക. കടമകൾ നിറവേറ്റപ്പെടുകയും വൈരാഗ്യങ്ങളും ഭിന്നതകളും അതേപടി നില്ക്കുകയും ചെയ്യുക എന്നത് സംഭാവ്യമല്ല. ഈ നിയമമനുസരിച്ച് മുന്നോട്ടുപോകുകയാണെങ്കിൽ ലയ്‌ലത്തുൽ ഖദ്റിന്റെ യാഥാർഥ്യം മനസ്സിലാക്കുന്നവരായിത്തീരും. അത് പ്രാപിക്കുന്നവരുമാകും. ലയ്‌ലത്തുൽ ഖദ്റിനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് ഇങ്ങനേയും നിർവചിച്ചിട്ടുണ്ട്: ലയ്‌ലത്തുൽ ഖദ്ർ മനുഷ്യന് അവന്റെ വളരെ തെളിഞ്ഞ നേരമാണ്. അതുകൊണ്ട് നിങ്ങളുടെ ജീവിതം പരിശുദ്ധമാക്കുന്നതിനുവേണ്ടി അത്തരം ലയ്‌ലത്തുൽ ഖദ്റും നാം അന്വേഷിക്കാൻ ശ്രമിക്കേണ്ടതാണ്. നമ്മൾ നമ്മുടെ ജീവിതത്തെ പരിശുദ്ധരാക്കുന്നവരാകുമ്പോഴാണ് അത് യഥാർഥ ലയ്‌ലത്തുൽ ഖദ്റാകുന്നത്.

രണ്ടാമത്തെ കാര്യം ഞാൻ പറഞ്ഞതുപോലെ ജുമുഅത്തുൽ വിദാ ആകുന്നു. ഇതിനെക്കുറിച്ചും വിസ്മയകരങ്ങളായ ഭാവനകളാണ് നിലവിലുള്ളത്. അല്ലാഹു കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ നമുക്ക് തൗഫീഖ് നല്കി എന്നത് അവന്റെ അനുഗ്രഹവും ഔദാര്യവുമാണ്. തെറ്റായ തരത്തിലുള്ള ചിന്താ

ഗതികളിൽനിന്ന് നമ്മെ പരിശുദ്ധരാക്കി. ആ ചിന്താഗതികളിൽനിന്ന് ഒരു അഹ്മദി പരിശുദ്ധനായിരിക്കേണ്ടതാണ്. ഇല്ലെങ്കിൽ അഹ്മദിയായതുകൊണ്ട് ഒരു ഫലവുമില്ല. റമദാനിന്റെ അവസാന ജുമുഅയിൽ പങ്കെടുത്താൽ അറിഞ്ഞുകൊണ്ട് ഉപേക്ഷിച്ച നമസ്കാരങ്ങൾപോലും മാപ്പാക്കപ്പെടും എന്നാണ് ഒരുപാട് അനഹ്മദികളുടെ വിശ്വാസം. അതായത് ഇന്ന് ഒരു ഖുത്വ്ബ കേട്ട് രണ്ട് റക്അത്ത് നമസ്കരിക്കുന്നതുകൊണ്ട് മുമ്പേ ചെയ്തിട്ടുള്ള എല്ലാ പാപങ്ങളിൽനിന്ന് മനുഷ്യൻ പരിശുദ്ധനാകുമത്രെ! ഈ കാലയളവിൽ ഒരു മനുഷ്യന്റെമേൽ എത്രത്തോളം അനുഗ്രഹവും ഔദാര്യവും ഉണ്ടാകുന്നുവോ അതെല്ലാം ഈ ഒരൊറ്റ ജുമുആയിൽ പങ്കെടുക്കുന്നതുകൊണ്ട് ലഭിക്കുമത്രെ!

ഈ ജുമുഅ വന്നിട്ടുള്ളത് അത് നമ്മൾ അനുഷ്ഠിച്ച് അതിനോട് വിട ചൊല്ലുന്നതിന് വേണ്ടിയിട്ടല്ലെന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. പ്രത്യുത നമ്മൾ ആഗ്രഹിക്കുകയാണെങ്കിൽ അതിൽനിന്ന് ഫലമെടുത്ത് എന്നെന്നേക്കുമായി അതിനെ നമ്മുടെ മനസ്സിൽ സ്ഥാപിക്കുക എന്നതാണ്. ജുമുഅയെ നബി(സ)തിരുമേനി മുസ്‌ലീംകൾക്ക് പെരുന്നാളുകളിൽ ഒരു പെരുന്നാളായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ഹദീഥുകളനുസരിച്ച് അതിൽ ദുആകൾ പ്രത്യേകമായി സ്വീകരിക്കപ്പെടുന്ന ഒരു നിമിഷമുണ്ട്. അതിൽനിന്ന് നമ്മൾ ഫലമെടുക്കണം. നീ എതൊരു മുസീബത്താണോ റമദാനിന്റെ രൂപത്തിൽ ഞങ്ങളിൽ ഇട്ടത് അത് ഇന്ന് വിടചൊല്ലുന്നു, യാത്രയാകുന്നു അതുകൊണ്ട് നിനക്ക് നന്ദി എന്നു അല്ലാഹുവിനോട് പറയാനല്ല നമ്മൾ പള്ളിയിൽ വന്നിട്ടുള്ളത് -ആ ഉദ്ദേശ്യത്തോടെ വരാനും പാടില്ല. ഒരു അഹ്മദി അങ്ങനെ ചിന്തിക്കാനും പാടില്ല. നമ്മൾ പള്ളിയിൽ വന്നിട്ടുളളത് ആ അനുഗൃഹീതനിമിഷങ്ങളിൽ ദുആ ചെയ്യാനാണ്. അതായത് റമദാനിലെ ദിനങ്ങൾ മൂന്നു നാലു ദിവസംകൊണ്ട് അവസാനിച്ചുപോകും. പക്ഷേ, അല്ലാഹുവേ! നീ റമദാനിന്റെ യാഥാർഥ്യവും അതിൽ ഞങ്ങൾ നടത്തിയ ആരാധനകളും മറ്റു സൽകർമങ്ങളും ഞങ്ങളുടെ മനസ്സിൽ സുരക്ഷിതമാക്കിവെച്ചാലും. അത് ഞങ്ങളിൽനിന്ന് ഒരിക്കലും അകലാൻ പാടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ന് നമ്മൾ ജുമുആയെ നിർവചിക്കുകയാണെങ്കിൽ, ഇന്നത്തെ ജുമുആയിൽനിന്ന് ഫലമെടുക്കുകയാണെങ്കിൽ അത് വലിയ അനുഗ്രഹമായിരിക്കും. പക്ഷേ, ഈ ജുമുആയോടുകൂടി അല്ലെങ്കിൽ മൂന്നുനാല് ദിവസത്തിനുശേഷം റമദാൻ നമ്മളിൽനിന്ന് വിട്ടകലുകയും അതിൽ ചെയ്ത നന്മകൾ നാം മറക്കുകയുമാണെങ്കിൽ അത് വലിയ നിർഭാഗ്യമാണ്. പിതാവ് പുത്രനിൽനിന്നും പുത്രൻ പിതാവിൽനിന്നും സഹോദരൻ സഹോദരനിൽനിന്നും അകലുമ്പോൾ ലോകത്ത് ആരും സന്തോഷിക്കുകയില്ല. എന്നല്ല യഥാർഥ സുഹൃത്തും സ്നേഹിതനും ബന്ധുവും കൂടി സന്തോഷിക്കുകയില്ല. എപ്പോഴും നമുക്ക് സന്തോഷം ഉണ്ടാകുന്നത് ശത്രു നമ്മളിൽനിന്ന് അകലുമ്പോഴാണ്. ഇതുപോലെ റമദാൻ അകലുമ്പോൾ ഒരു സത്യവിശ്വാസിയും സന്തോഷിക്കുകയില്ല. ബർക്കത്ത് അകലുമ്പോൾ ആരും സന്തോഷിക്കുകയില്ല. ബർക്കത്ത് അകലുമ്പോൾ സന്തോഷിക്കുന്നവൻ ആരാണ്? ബർക്കത്ത് അകലുമ്പോൾ സന്തോഷിക്കുന്നവൻ നിർഭാഗ്യവാനാണ്. അതല്ലാതെ അവനെ എന്താണ് പറയേണ്ടത്? അതുകൊണ്ട് അല്ലാഹു ഈ ദിസത്തെ എന്നെന്നേക്കുമായി ബന്ധപ്പെടുത്തിനിറുത്താൻ ഇന്ന് നമ്മൾ എല്ലാവരും ദുആ ചെയ്യേണ്ടതാണ്. നമ്മുടെ ഒരു നിമിഷവും റമദാനിൽനിന്ന് അകലാതിരിക്കട്ടെ. റമദാൻ എന്താണെന്ന് നമ്മൾ എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു നമുക്ക് പറഞ്ഞുതന്നിട്ടുള്ള അതിന്റെ യാഥാർഥ്യത്തെ സംബന്ധിച്ചാണ് ഞാൻ തുടക്കത്തിൽ പറഞ്ഞത്. **ശഹറുറമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ (2:186)**

വിശുദ്ധ ഖുർആൻ ഇറങ്ങിയ അനുഗൃഹീതമാസത്തിനാണ് റമദാൻ എന്നു പറയുന്നത്. ഖുർആനിന്റെ ഇറക്കം നിലച്ചു കഴിഞ്ഞാൽ പിന്നീട് ആ ദിവസം അനുഗൃഹീതമായിരിക്കുകയില്ല. അത് പിന്നീട് അമംഗളമായ ദിനമായിരിക്കും. അതുകൊണ്ട് ആ ദിനങ്ങളിൽ വിശുദ്ധ ഖുർആൻ വായിക്കുകയും പഠിക്കുകയും ചെയ്യുന്നതിലേക്ക് ഉണ്ടായ ശ്രദ്ധ വർഷം മുഴുവൻ ജീവിത്തിന്റെ ഭാഗമാക്കിമാറ്റാൻ ശ്രമിക്കേണ്ടത് സത്യവിശ്വാസികളുടെ കടമയാണ്. വർഷം മുഴുവൻ വിശുദ്ധ ഖുർആൻ പാരായണം ചെയ്യാൻ ശ്രദ്ധിക്കുക. വർഷം മുഴുവൻ അതനുസരിച്ച് പ്രവർത്തിക്കുക. വിശുദ്ധ ഖുർആനിന്റെ ഇറക്കത്തിന്റെ യഥാർഥ ഉദ്ദേശ്യം അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കുമ്പോഴും നമ്മുടെ മനസ്സുകളിൽ അതിനെ ഇറക്കി പിന്നീട് നമ്മുടെ മനസ്സിൽ സുരക്ഷിതമാക്കുമ്പോഴുമായിരിക്കും പൂർത്തിയാവുക; ജീവിതത്തിന്റെ ഓരോ വളവിലും നമുക്ക് അതിൽനിന്ന് അനുഗ്രഹം പ്രാപിക്കണം. ഞാൻ പറഞ്ഞ രണ്ടുകാര്യങ്ങളിലേക്കും എന്നെന്നും നമ്മുടെ ശ്രദ്ധ ഉണ്ടാകാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. അതിന്റെ യാഥാർഥ്യത്തെ നാം അറിയുന്നവരായിത്തീരട്ടെ. നമ്മുടെ ലയ്‌ലത്തുൽ ഖദ്ർ നമ്മെ വിജയങ്ങളുടെ അത്യുന്നത സ്ഥാനത്ത് കൊണ്ടെത്തിക്കുന്നത് ആയിത്തീരട്ടെ. അതിന്റെ യഥാർഥ ഗ്രാഹ്യം നമുക്കുണ്ടാവട്ടെ. റമദാനിലെ ഈ അവസാനത്തെ ജുമുആയെ 'ജുമുഅത്തുൽ വിദാ' എന്ന് പറയാൻ പാടില്ല. ഈ ജുമുആ റമളാനിലെ അനുഗ്രഹങ്ങളോട് വിട പറയുന്ന ജുമുആ ആകാതിരിക്കട്ടെ. പ്രത്യുത അത് നമ്മുടെ ജീവിതത്തിന്റെ ഭാഗമായിത്തീരട്ടെ. വിശുദ്ധ ഖുർആനിന്റെ ഇറക്കത്തിന്റെ ഉദ്ദേശ്യം എപ്പോഴും പൂർത്തിയാക്കിക്കൊണ്ടിരിക്കട്ടെ.

(വിവ. മൗലവി മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ)

# അബോറിജിനുകളുടെ ദൈവ വിശ്വാസം

ആസ്ത്രേലിയയിലെ ആദിമ നിവാസികളാണ് അബോറിജിനുകൾ. അബോറിജിനുകൾക്കിടയിൽ ഉന്നതനായ ഏക ദൈവത്തിന്റെ സങ്കൽപം പ്രബലമാണ്. അവരുടെ ദൈവ വിശ്വാസത്തെ പറ്റി സോഷ്യോ ളജിസ്റ്റുകൾ ബുദ്ധി ശൂന്യവും യുക്തി രഹിതവുമായ സിദ്ധാന്തങ്ങളാണ് വിളമ്പുന്നത്.

ഹ്ദറത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയാണ് എന്നതിനേക്കാൾ ദൈവം മനുഷ്യന്റെ സൃഷ്ടിയാണ് എന്ന ആശയം തങ്ങളുടെ വിചിത്രമായ സ്വന്തം യുക്തി ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ തെളിയിക്കാൻ ശ്രമിക്കുന്ന പാശ്ചാത്യ സോഷ്യോളജിസ്റ്റുകളുടെ സമകാലീന സിദ്ധാന്തം തെറ്റാണെന്ന് തെളിയിക്കാനാണ് നാം ഇത് വരെ ശ്രമിച്ചത്. അവർ തങ്ങളുടെ സിദ്ധാന്തത്തിനനുകൂലമായി ഉയർത്തിക്കാട്ടുന്ന തെളിവുകളെല്ലാം ഊഹങ്ങളല്ലാതെ മറ്റൊന്നുമല്ല. പത്ത് ലക്ഷം വർഷങ്ങളെടുത്തു കൊണ്ട് മനുഷ്യന്റെ ജൈവ പരിണാമത്തിലൂടെ നിലവിൽ വന്ന മനസ്സിനെപ്പറ്റിയുള്ള പഠനം അവരുടെ ഈ വിഭ്രമാത്മകമായ പരികൽപനയെ എത്രമാത്രം പിന്തുണക്കുന്നതാണെന്ന് കൂടുതൽ അന്വേഷിക്കേണ്ടതും അഗാധമായ പഠനങ്ങൾ നടത്തേണ്ടതുമായ ഒരു വിഷയമാണ്. മതങ്ങളുടെ ചരിത്രത്തെപറ്റിയുള്ള നിഷ്പക്ഷമായ പഠനം വ്യക്തമാക്കുന്നത് ദൈവത്തിലുള്ള വിശ്വാസം മനുഷ്യന്റെ അന്ധവിശ്വാസത്തിന്റെ ഫലമല്ല. ദൈവമാണോ മനുഷ്യനെ സൃഷ്ടിച്ചത്, അതല്ല മനുഷ്യനാണോ ദൈവത്തെ സൃഷ്ടിച്ചത് എന്ന പ്രശ്നം ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ ചില പ്രബലമതങ്ങളുടെ ചരിത്രവുമായി ബന്ധപ്പെടുത്തിക്കൊണ്ട് നാം ചർച്ച ചെയ്തു കഴിഞ്ഞു.

ദൈവ വിശ്വാസം എന്ന ആശയം ക്രമേണ പരിണമിച്ചുണ്ടായതാണെന്ന സോഷ്യോളജിസ്റ്റുകളുടെ സങ്കൽപം ആസ്ത്രേലിയയിലെ അബോറിജിനുകളുടെ മതവിശ്വാസത്തെ മുൻനിറുത്തി നാമിവിടെ വിമർശനാത്മകമായി പരിശോധിക്കാനുദ്ദേശിക്കുന്നു. സോഷ്യോളജിസ്റ്റുകളുടെ അന്വേഷണ രീതിയിൽ അടങ്ങിയിരിക്കുന്ന അബദ്ധങ്ങൾ ഈ പഠനങ്ങൾ വെളിപ്പെടുത്തുന്നതാണ്. ദൈവം ഇല്ല എന്ന ഉറച്ച മുൻധാരണയോടെയാണ് അവരുടെ അന്വേഷണം ആരംഭിക്കുന്നത്. അന്വേഷണം ആരംഭിക്കുന്നതിന് മുമ്പേ തന്നെ വിധി പ്രസ്താവം നടത്തുന്നതിനെ സുബോധമുള്ള ഒരു മനുഷ്യനും ശാസ്ത്രീയമെന്ന് പറയാൻ സാധ്യമല്ല. അനിഷേധ്യമായ ആസ്ത്രേലിയൻ തെളിവുകളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ അവരുടെ വൈരുദ്ധ്യങ്ങൾ മറനീക്കി പുറത്ത് വരുന്നു. അന്വേഷണം ആരംഭിക്കുന്നതിന് മുമ്പേ അന്വേഷണ തത്വങ്ങൾ വ്യക്തമായി നിർണയിക്കണം. പക്ഷേ സോഷ്യോളജിസ്റ്റുകൾ അന്വേഷണ തത്വങ്ങൾ എന്താണെന്ന് നിർവചിക്കുകയോ അതിന്റെ ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാക്കുകയോ ചെയ്യാനുള്ള യാതൊരു ശ്രമവും നടത്തിയിട്ടില്ല. അവർക്ക് അറിയാവുന്ന ഏകതത്ത്വം ദൈവം ഇല്ല എന്ന അവരുടെ ബോദ്ധ്യം മാത്രമാണ്. അവരുടെ അന്വേഷണത്തിന്റ ഉദ്ദേശ്യം ദൈവം ഇല്ലാതിരിക്കെ ആളുകൾ എന്തുകൊണ്ട് ദൈവത്തെയോ ദൈവിക ബിംബങ്ങളെയോ ആരാധിക്കുന്നു എന്ന് അന്വേഷിക്കുക മാത്രമാണ്. അതായത് ഒടുവിൽ ദൈവത്തെ സൃഷ്ടിക്കുന്ന അന്ധവിശ്വാസങ്ങളും വളർച്ചയും അതിന്റെ രൂപാന്തരവുമാണ് അവരുടെ ഒരേയൊരു അന്വേഷണ വിഷയം.

ഇത് പറയുമ്പോൾ വായനക്കാരന്റെ ശ്രദ്ധയെ ആസ്ത്രേലിയൻ ഭൂഖണ്ഡത്തിലെ മതചരിത്രത്തിലേക്ക് കൊണ്ടു പോകേണ്ടതുണ്ട്. ഈ ഭൂഖണ്ഡത്തിലെ സാംസ്കാരിക സാമൂഹിക മത ചരിത്രം ചുരുങ്ങിയത് ഇരുപത്തയ്യായിരം വർഷം പഴക്കമെങ്കിലും ഉള്ളതാണെന്ന് നമുക്ക് കണ്ടെത്താനാവും. പല പണ്ഡിതൻമാരും അത് നാൽപതിനായിരമോ അതിനപ്പുറം വരെയോ ആകാമെന്ന് പറയുന്നു. ആസ്ത്രേലിയൻ മതചരിത്രത്തെ സംബന്ധിച്ച് ചില ഗവേഷകൻമാരുടെ അഭിപ്രായപ്രകാരം ഇടമുറിയാത്തതും കലർപ്പില്ലാത്തതും പുറമെ നിന്ന് യാതൊരു ഇടപെടലുകളുമില്ലാത്തതുമായ ഒരു ലക്ഷത്തിമുപ്പതിനായിരം വർഷത്തെ അതിപുരാതനമായ മതചരിത്രം അതിനുണ്ടെന്നാണ്.

പുറം ലോകത്ത് നിന്ന് പരിപൂർണമായും ഒറ്റപ്പെട്ട ഒരു ഭൂഖണ്ഡം എന്ന നിലക്ക് മാത്രമല്ല, ആ ഭുഖണ്ഡത്തിലുള്ള നൂറുക്കണക്കിന് സാമൂഹിക ദ്വീപുകൾ കൊണ്ടു കൂടിയാണ് ആസ്ത്രേലിയ അതുല്യമാവുന്നത്. അതായത് ഓരോ സാമൂഹിക ദ്വീപും മറ്റുള്ളവരിൽ നിന്ന് തികച്ചും ഒറ്റപ്പെട്ട ഗോത്രസമൂഹങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അത്തരത്തിലുള്ള അഞ്ഞൂറു മുതൽ അറുനൂറ് വരെയുള്ള ഗോത്രസമൂഹങ്ങൾ അവിടെയുണ്ട്. അവർക്കെല്ലാം തന്നെ ഇരുപത്തി അയ്യായിരം മുതൽ നാൽപതിനായിരം വരെ വർഷം പഴക്കമുള്ള സാമൂഹികവും മതപരവുമായ വികാസത്തിന്റെ സ്വതന്ത്രമായ ചരിത്രവുമുണ്ട്. ഓരോ ഗോത്രവർഗത്തിന്റെയും അതിർത്തികളിൽ വെച്ച്

വളരെ അപൂർവം സന്ദർഭങ്ങളിലുണ്ടായ നാമമാത്രമായ സമ്പർക്കങ്ങളൊഴികെ ഈ കാലഘട്ടത്തിൽ മുഴുക്കെ ഈ ഗോത്രസമൂഹങ്ങളെല്ലാം ഒറ്റ തിരിഞ്ഞാണ് ജീവിച്ചത്.

അത്തരം സമ്പർക്കങ്ങൾ തന്നെ വളരെ ഹ്രസ്വമായിരുന്നു എന്ന് മാത്രമല്ല അതൊന്നും തന്നെ അവരുടെ ആശയം, വിശ്വാസം, ഇതിഹാസങ്ങൾ എന്നിവയിൽ പരസ്പരം യാതൊരു സ്വാധീനവും ചെലുത്തത്തക്കതല്ലായിരുന്നു. അവരുടെ ഭാഷാപരമായ തടസ്സം കൊണ്ട് മാത്രമായിരുന്നില്ല ഇങ്ങനെ സംഭവിച്ചത്. പുറത്തു നിന്നുള്ളവരുമായി വിനിമയം നടത്താനോ സാമൂഹികവത്കരണത്തിന് (Socialisation) വിധേയമാവാനോ അവർക്ക് പാരമ്പര്യമായുണ്ടായിരുന്ന വിരക്തി കൊണ്ടു കൂടിയായിരുന്നു ഇത്. മറ്റുള്ളവരുമായി ആശയവിനിമയം നടത്തുന്നതിന് ഇതായിരുന്നു തടസ്സമായി വർത്തിച്ചത്.

ദൈവത്തെ നിഷേധിച്ചു കൊണ്ടു തുടങ്ങുന്ന സോഷ്യോളജിസ്റ്റുകളുടെ വീക്ഷണത്തിൽ വല്ല കഴമ്പും ഉണ്ടായിരുന്നുവെങ്കിൽ പ്രകൃതിവസ്തുക്കളെ ആരാധിച്ചു കൊണ്ട് തുടങ്ങുകയും അവസാനം പരമോന്നതനായ ഏകദൈവത്തിൽ എത്തിച്ചേരുകയും ചെയ്തു എന്നു പറയപ്പെടുന്ന സാർവജനീനമായ പ്രവണത ഓരോ അബോറിജിൻ ഗോത്രങ്ങളിലും കാണപ്പെടേണ്ടതുണ്ട്. നാം കണ്ടെത്തുന്നതാവട്ടെ സോഷ്യോളജിസ്റ്റുകളുടെ അന്തസ്സാര ശൂന്യമായ പൊള്ളത്തരങ്ങളിൽ നിന്നും വിഭിന്നമായ മറ്റൊരു കഥയാണ്.

ആസ്ട്രേലിയയിലെ എല്ലാ ഗോത്രവർഗങ്ങളിലും സർവസൃഷ്ടിയുടെയും ആദികാരണമായ ഒരു പരമോന്നത ശക്തിയെക്കുറിച്ചുള്ള വിശ്വാസം നിലനിൽക്കുന്നുണ്ട്. ആ ശക്തിയെപ്പറ്റിയുള്ള അബോറിജിനുകളുടെ വിവരണങ്ങളിലും സാങ്കേതിക സംജ്ഞകളിലും നിസ്സാരമായ വ്യത്യാസങ്ങളുണ്ടെങ്കിലും ആന്ത്രോപ്പോളജിസ്റ്റുകളുടെയും സോഷ്യോളജിസ്റ്റുകളുടെയും ഏകകണ്ഠമായ അഭിപ്രായം അവരെല്ലാം തന്നെ ഒരു പോലെ ഉന്നത ദൈവങ്ങൾ (High Gods) എന്ന് വിളിക്കപ്പെടുന്ന ആത്യന്തികമായ ഒരു ആദികാരണത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നു എന്നാണ്. ആ പരമോന്നത ശക്തിയുടെ മറ്റൊരു പേരാണ് അല്ലാഹു, ദൈവം, ബ്രഹ്മാവ്, പരമാത്മാവ് എന്നൊക്കെ.

മറ്റെന്തൊക്കെ അന്ധവിശ്വാസങ്ങൾ അവർ വെച്ചു പുലർത്തുന്നുണ്ടെങ്കിലും ഒരു പരമോന്നത സ്രഷ്ടാവിനെ സംബന്ധിച്ച കേന്ദ്രതത്ത്വം യാതൊരു ഭംഗവും കൂടാതെ അവർ വിശ്വസിക്കുന്നു. അന്ധവിശ്വാസങ്ങൾ ഗോത്രങ്ങൾ തോറും മാറിമാറി വരുന്നു. പക്ഷേ, അവരുടെ ഏകദൈവത്തിലുള്ള വിശ്വാസം മാറുന്നില്ല. ദൈവ വിശ്വാസത്തിലേക്കുള്ള ക്രമികമായ പരിണാമത്തെ സംബന്ധിച്ച യാതൊരു തെളിവുകളും സോഷ്യോളജിസ്റ്റുകൾക്ക് ആസ്ട്രേലിയയിൽ ഒരിടത്ത് നിന്നും ലഭിച്ചിട്ടില്ല. ദൈവത്തെ സംബന്ധിച്ച വീക്ഷണത്തിന് ആസ്ട്രേലിയൻ ഗോത്രവർഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന വ്യത്യസ്തതകൾ അവരുടെ വിവരണങ്ങളുടെ രീതിയിൽ മാത്രമാണ്. ഉദാഹരണത്തിന് 'വിംബായിയോ' (Wimbaio)ഗോത്രം വിശ്വസിക്കുന്നത് ദൈവം ഭൂമി ഉണ്ടാക്കുന്ന ക്രിയയിൽ ഏർപ്പെട്ടു കൊണ്ടിരിക്കെ ആ ജോലി മുഴുമിപ്പിക്കാതെ പണി നിറുത്തിവെച്ച് നക്ഷത്ര വ്യൂഹങ്ങൾക്കിടയിലേക്ക് പിൻമാറുകയുണ്ടായി എന്നാണ്. അപ്രകാരം തന്നെ വൊട്ജോബലുക്(Wotjobaluk) ഗോത്രത്തിന്റെ വിശ്വാസപ്രകാരം പരമോന്നത ശക്തിയെന്ന് വിശ്വസിക്കപ്പെടുന്ന ബുൻജിൽ (Bunjil)ഒരിക്കൽ ഭൂമിയിൽ മഹാനായ ഒരു മനുഷ്യനായി ജീവിച്ച ആളായിരുന്നു. പക്ഷേ, അവസാനം ആകാശത്തേക്ക് ആരോഹണം ചെയ്യുകയുണ്ടായി.

ആസ്ട്രേലിയയിലെ അബോറിജിനുകളുടെ ഈ വിശ്വാസങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ സോഷ്യോളജിസ്റ്റുകൾ വായനക്കാരനെ പലപ്പോഴും ഒരു കാര്യം ഓർമിപ്പിക്കാൻ മറന്നുപോകുന്നു. അതായത് ഈ അഞ്ഞൂറിലധികം ഗോത്രവർഗക്കാരും സ്രഷ്ടാവിന്റെ അനന്തതയിൽ വിശ്വസിച്ചിരുന്നു എന്നതാണ് ആ കാര്യം, ദൈവം മനുഷ്യ രൂപമെടുക്കട്ടെ അല്ലാതിരിക്കട്ടെ അത് അനുബന്ധ വിഷയമാണ്, ഒരു കേന്ദ്ര വിഷയമല്ല. കേന്ദ്രവിഷയം സ്രഷ്ടാവ് അനന്തനാണ് എന്നതാണ്. മറ്റൊരു കാര്യം അവരുടെ വിശ്വാസത്തിന്റെ കേന്ദ്രതത്ത്വമെന്നതിൽ ഭൂമിയും അതിലടങ്ങിയിരിക്കുന്നതുമെല്ലാം തന്നെ പരമോന്നതനായ ദൈവത്തോടൊപ്പം എന്നെന്നും ശാശ്വതമായി നിലനിൽക്കുന്നില്ല എന്നതാണ്.

അബോറിജിനുകൾക്കിടയിലുള്ള ദൈവവിശ്വാസം എങ്ങനെ ഉടലെടുത്തുവെന്നതിനെക്കുറിച്ച് നരവംശശാസ്ത്രജ്ഞൻമാരിൽ(Anthropologists)തന്നെ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ആസ്ത്രേലിയയിൽ ഗോത്രവർഗങ്ങളുടെ 'സമുന്നതനായ ദൈവങ്ങൾ'(High Gods) മറ്റു പാരമ്പര്യമത വിശ്വാസങ്ങളിലെ പരമോന്നതനായ ദൈവം തന്നെയാണോ എന്ന കാര്യത്തിൽ ആന്ത്രോപോളജിസ്റ്റുകൾ സംശയിക്കുകയാണ്. കാരണം പ്രാകൃതരും താഴ്ന്ന വർഗക്കാരുമായ ഈ ആസ്ത്രേലിയൻ ആദിവാസികളുടെ മതത്തിൽ എങ്ങനെ ഇത്തരത്തിലുള്ള ഉന്നതമായ ഒരു വിശ്വാസത്തിന് കടന്നു കൂടാൻ സാധിച്ചു എന്നതിനെപറ്റി അവർക്ക് വിശ്വസിക്കാനുള്ള പ്രയാസം കൊണ്ടാണ് ഈ സംശയങ്ങൾ.

അവരുടെ അസംബന്ധജടിലമായ നിലപാട് സ്വയം തന്നെ അവർക്കെതിരെ തെളിവ് നൽകുന്നു. കാരണം, സംഭവിക്കണമെന്ന് അവർ കരുതുന്നയാതൊന്നും സംഭവിക്കാത്തതിനാൽ അവർക്ക് അതിൽ വിശ്വസിക്കാൻ കഴിയുന്നില്ല. ഇതാണ് അവരുടെ വാദമുഖത്തിന്റെ ഏറ്റവും വിഷമകരമായ വശം. ഇത് അവരുടെ മുൻവിധി തുറന്ന് കാട്ടുന്നു. ആസ്ത്രേലിയയിലെ അബോറിജിനുകൾക്കിടയിലുള്ളതു പോലെ ആദിമസമൂഹങ്ങൾക്കിടയിൽ തുടക്കം മുതൽ തന്നെ ഏകദൈവവിശ്വാസം കാണപ്പെടുന്നുവെങ്കിൽ പ്രാകൃതമായ അന്ധവിശ്വാസങ്ങളിൽ നിന്നും മിത്തിൽ നിന്നുമല്ല ദൈവത്തിന്റെ

ആശയം രൂപം കൊണ്ടത് എന്ന വസ്തുത സമ്മതിക്കുകയല്ലാതെ സോഷ്യോളജിസ്റ്റുകൾക്കും ആന്ത്രോപോളജിസ്റ്റുകൾക്കും മറ്റുവഴിയില്ല. അതിനുപകരം അവരിൽ നിന്ന് ബാലിശവും ദുർവാശിയുള്ളതുമായ പ്രതികരണം ഇങ്ങനെയാണ്: ഞങ്ങൾക്ക് അത് വിശ്വസിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അത് സംഭവിച്ചിരിക്കാനിടയില്ല.

ഈ വിഷമ പ്രശ്നം ഒഴിവാക്കാൻ വേണ്ടി ഇ.ബി.ടെയ്ലർ(E B Tylor) എന്ന നരവംശശാസ്ത്രജ്ഞൻ ആസ്ത്രേലിയൻ തെളിവുകളെ തമസ്കരിക്കാൻ ഒരു ഒഴിവ്കഴിവ് കണ്ടുപിടിക്കുകയുണ്ടായി. *Journal of Anthropological Institute 1891* എന്ന പ്രസിദ്ധീകരണത്തിൽ *Limits of savage Religion*(പ്രാകൃത മതത്തിന്റെ പരിമിതി) എന്ന തന്റെ ലേഖനത്തിൽ ഒരു പുതിയ ആശയം അദ്ദേഹം സമർപ്പിക്കുകയുണ്ടായി. അതായത് ആസ്ത്രേലിയൻ ഗോത്രവർഗ മതങ്ങളിലെ ഹൈ ഗോഡ്സ് (High Gods) എന്ന ആശയം ക്രിസ്ത്യൻ മിഷനറിമാരുടെ സ്വാധീനഫലമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. തികച്ചും അസംബന്ധ ജടിലമായ ഒരു അഭിപ്രായമാണിത്. ക്രിസ്തു മതത്തിന്റെ ആസ്ത്രേലിയയിലെ പ്രവർത്തനങ്ങളെല്ലാം ചരിത്രവസ്തുതകളിലധിഷ്ഠിതമാണ്.

തീർച്ചയായും ക്രിസ്ത്യൻ മിഷനറിമാരോ അല്ലെങ്കിൽ പടിഞ്ഞാറൻ കുടിയേറ്റക്കാരോ വരുന്നതിന് മുമ്പേ തെക്ക് കിഴക്കൻ ആസ്ത്രേലിയയിലെ ഗോത്രവർഗങ്ങൾക്കിടയിൽ അനശ്വരമായ ഏകദൈവത്തിന്റെ വിശ്വാസമുണ്ടായിരുന്നതായി എ.ഡബ്ളിയു ഹോവിറ്റ്(A.W.Howit) എന്ന മറ്റൊരു പരിണാമവാദി ചൂണ്ടിക്കാട്ടുകയും ടെയ്ലറുടെ അവകാശവാദം പൂർണമായും തള്ളിക്കളയുകയും ചെയ്തു. വിചിത്രമെന്ന് പറയട്ടെ, ക്രിസ്ത്യൻ മിഷനറിമാർ ഏകദൈവ വിശ്വാസത്തിന്റെ വിത്തു വിതച്ചു എന്ന വിചിത്ര വാദം ശ്രദ്ധയിൽപ്പെടുത്തുന്നതിൽ അദ്ദേഹം പരാജയപ്പെട്ടാൽ പോലും ആ അവകാശവാദം ഒറ്റയടിക്ക് കയ്യോടെ തള്ളിക്കളയാവുന്നതാണ്. കാരണം ആസ്ത്രേലിയൻ ഭൂഖണ്ഡത്തിലാകെ എവിടെയും തന്നെ അബോറിജിനുകൾ സാർവലൗകികമായിബഹുമാനിക്കുന്ന ദൈവസങ്കൽപത്തിൽ ത്രിത്വത്തിന്റെ യാതൊരു അടയാളവും കാണാനില്ലായിരുന്നു.

ഹോവിറ്റ് അനുഭവ സാക്ഷ്യങ്ങളിലധിഷ്ഠിതമായ വിശദമായ പഠനം നടത്തിയെങ്കിലും അദ്ദേഹം തന്റെ യുക്തിപൂർണവും വസ്തു നിഷ്ഠവുമായ നിഗമനത്തിലെത്താൻ സ്വന്തം ഗവേഷണങ്ങളിൽ മുന്നോട്ടു പോകുന്നതിൽ വിമുഖത കാട്ടിയതായിട്ടാണ് കാണപ്പെടുന്നത്. എങ്കിലും 1904 ൽ അദ്ദേഹം എഴുതിയ പുസ്തകത്തിൽ അബോറിജിനുകൾ ഒരു സകല പിതാവിൽ(All Father)വിശ്വസിക്കുന്നതായി അദ്ദേഹം എഴുതി.

'ആ സകല പിതാവ് തീർച്ചയായും അനശ്വരനാണ്. എല്ലാറ്റിന്റെയും തുടക്കം മുതൽ തന്നെ അവന്റെ അസ്തിത്വമുണ്ട്. അവൻ ഇപ്പോഴും ജീവിക്കുന്നു. മറ്റുള്ളവർ മാന്ത്രിക ശക്തിയാൽ കൊല്ലപ്പെടുന്നില്ലെങ്കിൽ സകല പിതാവിന്റെ ആ അവസ്ഥയിൽ അവരും ആയിത്തീരുമെന്ന് അബോറിജിനുകൾ വിശ്വസിക്കുന്നു'.

അവരുടെ വിശ്വാസത്തിലെ ദിവ്യത്വത്തെകുറിച്ചുള്ള അനിഷേധ്യമായ തെളിവുകളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി ഹോവിറ്റ് വിഷയത്തിൽ ആകപ്പാടെ ആശയക്കുഴപ്പം ഉണ്ടാക്കുകയാണ്. അദ്ദേഹം പറയുന്നു.

'ഈ അബോറിജിനുകൾക്ക് ബോധപൂർവം ഏതെങ്കിലും രൂപത്തിലുള്ള മതമുണ്ടോ എന്ന് പരിണാമവാദികൾക്ക് അനിവാര്യമായും വന്നുഭവിക്കുന്ന നിരാശാജനകമായ ഒളിച്ചോട്ട ശ്രമത്തിന്റെ മറ്റൊരു ഉദാഹരണമിതാ. ഹോവിറ്റ് ഉയർത്തിക്കാട്ടിയ വസ്തുതകൾ വിഷയത്തിന് അന്തിമ തീർപ്പ് കൽപ്പിക്കുന്നില്ല എന്ന് മാത്രമല്ല അത് ചർച്ച ചെയ്യുന്ന വിഷയത്തെ സംബന്ധിച്ചിടത്തോളം അപ്രസക്തവുമാണ്. ഏതൊരു സോഷ്യോളജിസ്റ്റും അഭിമുഖീകരിക്കേണ്ട ലളിതമായ ചോദ്യം ഇതാണ്. അതായത് യാതൊരു വിനിമയബന്ധവുമില്ലാതെ നൂറുക്കണക്കിന് ഉപഗോത്രങ്ങളായി ഭിന്നിച്ചു നിൽക്കുന്ന അബോറിജിനുകളെ പോലെയുള്ള ഒരു പ്രാകൃത ഗോത്രവർഗ സമൂഹത്തിൽ അനശ്വരനും പരമാധികാരിയുമായ ഒരു ഏകദൈവം എന്ന സങ്കൽപം എങ്ങനെ സ്വതന്ത്രമായി ഉടലെടുത്തു എന്നതാണ് ആ ചോദ്യം. ഇതിന്റെ വെളിച്ചത്തിൽ ദൈവ വിശ്വാസം ക്രമേണ പരിണമിച്ചുണ്ടായതാണ് എന്ന സോഷ്യോളജിസ്റ്റുകളുടെ സിദ്ധാന്തത്തിന് എന്ത് നിയമ സാധുകത്വമാണ് ഉള്ളതെന്ന് കൂടി അവർ വിശദീകരിക്കേണ്ടതുണ്ട്.മാന്ത്രിക വിദ്യയാൽ മരിക്കുന്നില്ലെങ്കിൽ തങ്ങളും ദൈവത്തെപ്പോലെ ആയിത്തീരും എന്ന് എല്ലാ അബോറിജിനുകളും വിശ്വസിക്കുന്നു എന്ന ഹോവിറ്റിന്റെ നെടുനീളൻ വാദമുഖം നാം സ്വീകരിക്കുകയാണെങ്കിൽ തന്നെ അത് അദ്ദേഹത്തിന് യാതൊരു രക്ഷാമാർഗവും ഉണ്ടാക്കിക്കൊടുക്കുന്നില്ല. ദൈവവിശ്വാസം ക്രമേണ പരിണമിച്ചുണ്ടായതാണെന്ന സോഷ്യോളജിസ്റ്റുകളുടെ വിശ്വാസത്തെ അത് യാതൊരർഥത്തിലും പിന്തുണക്കുന്നില്ല. ഈ രണ്ട് വ്യത്യസ്തമായ പ്രശ്നങ്ങളിലും ഹോവിറ്റിനെപ്പോലെയുള്ള ഒരു പ്രതിഭ ആശയക്കുഴപ്പത്തിലാകുന്നത് ആരേയും അദ്ഭുതപ്പെടുത്തും. ബഹുദൈവങ്ങളെ ആരാധിച്ചിരുന്ന പ്രാകൃതമായ അന്ധവിശ്വാസത്തിൽ നിന്ന് അവസാനം ഏകദൈവ വിശ്വാസത്തിലേക്കു പരിണമിച്ചു എന്ന വാദം മനുഷ്യൻ ദൈവങ്ങളായി മാറാനുള്ള സാധ്യതകളെപ്പറ്റിയുള്ള മിഥ്യാ സാങ്കൽപിക ചർച്ചയല്ലാതെ മറ്റൊന്നുമല്ല. മരണത്തോടെ മനുഷ്യജീവിതം അവസാനിക്കുന്നില്ലെങ്കിൽ തങ്ങൾ ദൈവങ്ങളായി മാറുമെന്ന് അബോറിജിനുകൾ വിശ്വസിച്ചിരുന്നു എന്നായിരുന്നു ഈ ചർച്ച. ഈ അബോറിജിൻ വീക്ഷണത്തെ അപ്രകാരമുള്ള ബൈബിൾ പഴയ നിയമത്തിലെ ആദമിന്റെയും ഹവ്വയുടെയും സർപ്പത്തിന്റെയും കഥയുമായി ബന്ധിപ്പിച്ച് ചർച്ച ചെയ്യുന്നതായിരിക്കും ഏറ്റവും നല്ലത്. സർപ്പത്തിന്റെ ന്യായവാദമെന്തെന്നാൽ

# തിരുനബി (സ)യുടെ വരവിനാൽ പ്രവാചകാവതാരം നിലച്ചിട്ടില്ല

പ്രവാചകത്വം എന്നത് മാനവരാശിക്ക് ദൈവത്തിൽ നിന്ന് ലഭിക്കുന്ന ഏറ്റവും അമൂല്യമായ അനുഗ്രഹമാണ്. ഖാതമുന്നബിയ്യീനായ റസൂൽതിരുമേനി (സ)യുടെ അവതാരത്താൽ അത് നിലച്ച് പോയി എന്ന വാദം നബിതിരുമേനി (സ) യുടെ സ്ഥാനത്തിന് അപകീർത്തികരമാണ്. എട്ട് പതിറ്റാണ്ടുകൾക്ക് മുമ്പ് മുജാഹിദ് പണ്ഡി തന്മാരിൽ അഗ്രേസരനായിരുന്ന അബ്ദുൾ ഖാദിർ മൗലവി അഹ്മദിയ്യത്തിനെ വിമർശിച്ചുകൊണ്ടെഴുതിയ ഖത്തമുന്നുബുവ്വത്ത് എന്ന പുസ്തകത്തിന് മഹാപണ്ഡിതനായിരുന്ന ലേഖകൻ എഴുതിയ മറുപടി ഗ്രന്ഥമായ അന്നുബുവ്വത്ത് ഫിൽ ഇസ്‌ലാം എന്ന ബൃഹദ് ഗ്രന്ഥത്തിൽ നിന്നും എടുത്തതാണ് ഈ ലേഖനം.

മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച. എ.

നബി തിരുമേനി(സ)യെക്കുറിച്ച് വിശുദ്ധ ഖുർആനിൽ ഖാതമുന്നബിയ്യീൻ എന്ന് പ്രസ്താവിച്ചിരിക്കുന്നതനുസരിച്ച് തിരുമേനി ഖാതമുന്നബിയ്യീൻ ആണെന്ന് അഹ്മദികൾ ഉറച്ച് വിശ്വസിക്കുന്നു. എന്നാൽ ഈ ശബ്ദത്തിന്റെ അർഥനിർണയത്തിലാണ് അഭിപ്രായ വ്യത്യാസമിരിക്കുന്നത്. അതിന്റെ അർഥം 'അന്ത്യ പ്രവാചകൻ' അഥവാ 'പ്രവാചകത്വത്തെ അവസാനിപ്പിച്ച ആൾ' എന്നാണെന്നും തന്മൂലം തിരുമേനിക്ക് ശേഷം യാതൊരു പ്രകാരത്തിലുള്ള പ്രവാചകനും ഉണ്ടായിരിക്കുവാൻ പാടില്ലെന്നും ഗ്രന്ഥകർത്താവ് സിദ്ധാന്തിക്കുന്നു. എന്നാൽ ഞങ്ങളുടെ പക്കൽ പ്രസ്തുത അർഥം ശരിയല്ലാത്തതും വക്താവിന്റെ ഉദ്ദേശ്യത്തിന് എതിരായിട്ടുള്ളതും തിരുമേനി(സ)യുടെ മാഹാത്മ്യത്തിന് ചേരാത്തതുമാണ്. ഖാതമുന്നബിയ്യീൻ എന്നതിന്റെ അർഥം 'പ്രവാചകന്മാരുടെ ഖാതം' അഥവാ മുദ്ര എന്നാകുന്നു. അതായത് പ്രവാചകത്വത്തിന്റെ സകല പൂർണതകളും തിരുനബി(സ)യിൽ സമ്മേളിച്ചിരിക്കുന്നു എന്നു സിദ്ധം.

---

ആദമിനേയും ഹവ്വായേയും വിലക്കപ്പെട്ട വൃക്ഷത്തിലെ കനി ഭക്ഷിക്കുന്നതിൽ നിന്ന് ദൈവം തടഞ്ഞു. കാരണം കനി ഭക്ഷിച്ചാൽ അവരും അനന്തത പങ്കുവെച്ച് ദൈവത്തെ പോലെ ആയിതീരും എന്നതുകൊണ്ടായിരുന്നു. പ്രാകൃതരായ അബോറിജിനുകളുടെ വീക്ഷണവും യഹൂദ ക്രൈസ്തവരുടെ വിശ്വാസവും തമ്മിലുള്ള ഈ സാമ്യം അബോറിജിനുകളുടെ മത വിശ്വാസങ്ങളെ പരമ്പരാഗത മതങ്ങൾ എന്ന നിലക്ക് ജൂത-ക്രൈസ്തവ മതങ്ങളുമായി കൂടുതൽ അടുപ്പിക്കുന്നു. ഈ പ്രകടമായ തെളിവ് രേഖപ്പെടുത്തുന്നതിൽ ഹോവിറ്റ് പരാജയപ്പെട്ടു എന്നത് വാസ്തവത്തിൽ ആരെയും അദ്ഭുതപ്പെടുത്തുന്നതാണ്.

സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ വ്യക്തമായ ഒരു വിഭജനരേഖ വരക്കുക എന്നത് ഒരു അബോറിജിനൽ രീതിയാണ്. ഇത് നൽകുന്ന സന്ദേശം ഇതാണ്. അതായത് ഭൂതകാലവുമായി താരതമ്യം ചെയ്യുമ്പോൾ മാത്രമല്ല സ്രഷ്ടാവ് അനശ്വരനാകുന്നത്. ഭാവിയെ സംബന്ധിച്ചും അവൻ അനശ്വരനാണ്. അവൻ മാത്രമാണ് ഈ ഗുണത്തിനുടയവനായ ഒരേയൊരുവൻ. ഭാവിയുമായി താരതമ്യം ചെയ്യുമ്പോൾ ഒരു മനുഷ്യനുംതന്നെ ശാശ്വതനാവാൻ സാധ്യമല്ല. കാരണം എല്ലാ മനുഷ്യരും നശ്വരരാണ്. ഇത് അബോറിജിനുകളെ ഏകദൈവ വിശ്വാസികളായ എല്ലാ മതസ്ഥരുടെയും പക്ഷം ചേർക്കുന്നു. അത്തരം മതസ്ഥരാണ് ദൈവം മാത്രമാണ് ഏകനും ശാശ്വതനും എന്നെന്നും ജീവിച്ചിരിക്കുന്നവനുമാണെന്നുള്ള വിശ്വാസം പങ്കിടുന്നവർ

ആരോപിക്കാൻ സാധ്യമല്ല'. അബോറിജിനുകൾക്ക് എന്തെങ്കിലും ഒരു മതവിശ്വാസം ഇല്ലെന്ന് സ്ഥാപിക്കാനുള്ള ഉത്സാഹത്തിൽ അവരിൽ യാതൊരു വിധ ആരാധനകളുടെയും അടയാളമോ ബലികർമത്തിന്റെ ചിഹ്നമോ ഇല്ല എന്ന് അദ്ദേഹം വീണ്ടും വാദിക്കുന്നു. ഹോവിറ്റിന്റെ ഈ നിരീക്ഷണം, വിമർശനാത്മകമായി വിലയിരുത്താൻ യാതൊരു പ്രസക്തിയുമില്ലാത്തതാണ്. അദ്ദേഹം അവരുടെ വിശ്വാസത്തെ മതമെന്നോ അല്ലെന്നോ വിളിച്ചു കൊള്ളട്ടെ. പക്ഷേ, അവർ പരമോന്നതനും ശാശ്വതനുമായ ഒരു സ്രഷ്ടാവിൽ വിശ്വസിക്കുന്നു എന്ന് സമ്മതിക്കുമ്പോൾ ദൈവവിശ്വാസം ക്രമേണ പരിണമിച്ചുണ്ടായതാണെന്ന സോഷ്യോളജിസ്റ്റുകളുടെ സിദ്ധാന്തത്തെ അപ്രസക്തമാക്കുന്നതിൽ വിജയിക്കുക മാത്രമാണ് ചെയ്യുന്നത്.

ആ പുണ്യ പ്രവാചകരുടെ ഉറവിടത്തിൽ നിന്നും കുടിക്കാതിരിക്കുന്നിടത്തോളം കാലം യാതൊരുവനും ആത്മീയമായ സ്ഥാനം പ്രാപ്യമാകുന്നതല്ല. ആകയാൽ തിരുമേനി (സ) യോടുള്ള അനുസരണം മൂലമല്ലാതെ സ്വതന്ത്രലബ്ദമായതോ തിരുമേനി (സ) യുടെ ന്യായപ്രമാണത്തെ ദുർബലപ്പെടുത്തുന്നതിന് അധികാരമുള്ളതോ ആയ പ്രവാചകത്വം മേലിൽ പ്രാപ്യമാകാവതല്ല. എന്നാൽ തിരുമേനിയോടുള്ള അനുസരണം മൂലം ലഭ്യമാകുന്നതും തിരുമേനിയുടെ പ്രതിഛായ ആയിരിക്കുന്നതുമായ പ്രവാചകത്വം നിലച്ചു പോയിട്ടില്ല. ഖാതമുന്നബിയ്യീൻ എന്നത് തിരുനബി (സ) യുടെ മാഹാത്മ്യത്തെ കാണിക്കുന്ന ഒരു അഭിധാനമാണല്ലോ. ഈ സ്ഥാനപേരു തന്നെ കൊണ്ടു അല്ലാഹു നബിതിരുമേനി (സ) യെ പ്രശംസിക്കുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ ഈ പ്രവചനത്തിന്റെ താൽപര്യം തിരുമേനിക്ക് ശേഷം പ്രവാചകത്വമെന്ന അനുഗ്രഹം ലോകത്തിന് ഇല്ലാതായി പോയിരിക്കുന്നു എന്നാണെങ്കിൽ, ഇത് ഒരിക്കലും തിരുമേനിക്ക് ഒരു ബഹുമാനാഭിധാനം ആയിരിക്കാവതല്ല. മനുഷ്യസമുദായത്തിന് വിവിധ ഘട്ടങ്ങളായി സിദ്ധിച്ച കൊണ്ടിരിക്കുന്ന ഒരു ദൈവികാനുഗ്രഹമാണ് പ്രവാചകത്വം ലോകം അന്ധകാരത്തിലും അധർമത്തിലും പെട്ട് പ്രവാചകത്വമാകുന്ന പ്രകാശത്തിന്റെ ആവശ്യം നേരിടുന്ന കാലത്ത് തന്നെയും ഈ അനുഗ്രഹം ലോകത്തിന് സിദ്ധിക്കാവതല്ലെങ്കിൽ തിരുമേനിയുടെ ആവിർഭാവം നിമിത്തം ലോകത്തിന് വലുതായ ഒരു അനുഗ്രഹം നഷ്ടമായിപ്പോയെന്ന് പറയേണ്ടിവരുന്നതാണ്.

***'നാം നിന്നെ ലോകത്തിന് അനുഗ്രഹമായിട്ടു മാത്രമാണ് നിയോഗിച്ചിരിക്കുന്നത്.'( 21:107)***

എന്ന വാക്യം മൂലം അല്ലാഹു നബി (സ) തിരുമേനിയെ ഒരു അനുഗ്രഹമായിട്ടാണ് വർണിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ വലുതായ ഒരു അനുഗ്രഹമായ നബിത്വം നബിതിരുമേനി മുഖാന്തിരം നഷ്ടമായിപ്പോയെങ്കിൽ തിരുമേനി ദൈവാനുഗ്രഹത്തെ അവസാനിപ്പിച്ചയാളാണെന്ന് വരുന്നതാണ്. തിരുമേനി വാസ്തവത്തിൽ ഒരു അനുഗ്രഹം തന്നെയെങ്കിൽ പ്രവാചകത്വം ലോകത്തിന് അത്യാവശ്യമായി വരുന്ന ഘട്ടങ്ങളിലെല്ലാം അത് നബിതിരുമേനി മുഖാന്തിരം ലഭിക്കേണ്ടതാകുന്നു. നബിത്വം അനുഗ്രഹമല്ല വിപത്താണെന്ന് വരുകിൽ അനുഗ്രഹമായി അവതരിച്ച നബിതിരുമേനി മു ഖാന്തിരം ആ വിപത്ത് ലോകത്തിന് ഇല്ലാതായി ഭവിച്ചു എന്ന് പറയാം. എന്നാൽ പ്രവാചകത്വമാകട്ടെ 'റബ്ബും' (സർവപാലകൻ) 'റഹ്മാനും' (അനുഗ്രഹദാതാവ്) ആയ അല്ലാഹു മനുഷ്യർക്ക് നൽകുന്ന അനുഗ്രഹദാനങ്ങളിൽ ഏറ്റവും മഹത്തരമായിട്ടുള്ള ഒന്നാകുന്നു.

***'ഓ എന്റെ ജനമേ, നിങ്ങളിൽ പ്രവാചകന്മാരെ ആക്കുകയും നിങ്ങളെ രാജാക്കന്മാരാക്കുകയും ചെയ്തതു മൂലം നിങ്ങൾക്കുണ്ടായിട്ടുള്ള ദൈവികാനുഗ്രഹത്തെ നിങ്ങൾ ഓർക്കുവീൻ' (5:20)*** എന്ന ഖുർആൻ വാക്യത്തിൽ നിന്നും നബിത്വം വലിയൊരനുഗ്രഹമാണെന്ന് മനസ്സിലാകുന്നു. നബിതിരുമേനി (സ) യുടെ അവതാരം ഈ അനുഗ്രഹം ലോകത്തിന് നഷ്ടമായിപ്പോകുന്നതിന് കാരണമാകുന്നുവെങ്കിൽ അത് ഒരു ബഹുമതി ആയിരിക്കുന്നതല്ല. ചുരുക്കത്തിൽ നബി തിരുമേനി (സ) പ്രവാചകത്വത്തെ അവസാനിപ്പിച്ചുവെന്നും അനുഗ്രഹത്തെ നിറുത്തൽ ചെയ്തുവെന്നുമുള്ളത് തിരുമേനിക്കും അഭിമാനജനകമായ ഒന്നല്ല തന്നെ അവസാനത്തെ പ്രവാചകനായി വന്നതിലല്ല തിരുമേനിയുടെ മഹത്വം സ്ഥിതി ചെയ്യുന്നത്. തിരുമേനിക്കു ലഭിച്ച സ്ഥാനമാഹാത്മ്യത്തിലും തിരുമേനി മുഖാന്തിരം ലോകത്തിന് സിദ്ധിക്കുന്ന അനുഗ്രഹത്തിലുമാണ് ഇന്ത്യ ഭരിച്ച മുസ്ലിം രാജക്കന്മാരിൽ ബഹദൂർഷാ ആയിരുന്നല്ലോ അവസാനത്തെ രാജാവ് എന്നാൽ അദ്ദേഹത്തിന് ശേഷം വേറെ രാജാക്കന്മാരില്ലാതിരുന്നത് കൊണ്ട് അദ്ദേഹമാണ് എല്ലാ രാജാക്കന്മാരിലും വെച്ച് ഏറ്റവും ശ്രേഷ്ഠൻ എന്ന് പറയാൻ സാധിക്കുമോ?. ഈസാ നബി ഇസ്രയേൽ പ്രവാചകത്വം അവസാനിപ്പിച്ച ആളായിരുന്നല്ലോ എന്നാൽ അദ്ദേഹം ഇസ്രയേൽ പ്രവാചകന്മാരിൽ എല്ലാവരേക്കാളും ശ്രേഷ്ഠനായിരുന്നില്ല. അപ്പോൾ ശ്രേഷ്ഠത സ്ഥിതി ചെയ്യുന്നത് അവസാനത്തിൽ വരുന്നതിലോ ആദ്യത്തിൽ വരുന്നതിലോ അല്ലെന്ന് സ്പഷ്ടം. അത് കൊണ്ട് തന്നെയാണ് ദേവ്ബന്ദ് മദ്രസ്സയുടെ സ്ഥാപ കനായ അല്ലാമാ മുഹമ്മദ് ഖാസി, ഇങ്ങനെ പറഞ്ഞിട്ടുള്ളത്: '*സാധാരണക്കാരുടെ അഭിപ്രായത്തിൽ നബിതിരുമേനി (സ) 'ഖാ ത്തം' ആണെന്നതിന്റെ താൽപര്യം തിരുമേനി(സ)യുടെ കാലം കഴിഞ്ഞു പോയ പ്രവാചകന്മാരുടെയെല്ലാം കാലത്തിന് ശേഷവും തിരുമേനി (സ) എല്ലാ പ്രവാചകന്മാരുടേയും അവസാനത്തിലും ആകുന്നുവെന്നതാണ്. എന്നാൽ മുന്നിൽ വരുന്നതിലോ പിന്നിൽ വരുന്നതിലോ യാതൊരു ശ്രേഷ്ഠതയുമില്ലെന്ന് ജ്ഞാനികൾ അറിയുന്നതാണ്.' (തഹ്ദീറുന്നാസ്, ഭാ.3)*

ചുരുക്കത്തിൽ ഖാതമു ന്നബിയ്യീൻ എന്നതിന്റെ താൽപര്യം മേലിൽ ഒരു പ്രവാചകനും വരാൻ പാടില്ലാത്ത അന്ത്യ പ്രവാചകനാണെന്ന് പറയുന്നത് തിരുമേനി ലോകത്ത് ഇന്ന് അനുഗ്രഹമാണെന്ന് പറയു ന്നതിനും തിരുമേനിയുടെ സ്ഥാനമാഹാത്മ്യത്തിനും ചേരാത്തതാകുന്നു. എന്നാൽ പ്രസ്തുത വചനത്തിന്റെ താൽപര്യം തിരുമേനിയോടുള്ള അനുസരണം വഴി അനുയായികളിൽ പ്രവാചകത്വം പ്രാപിച്ചവർ ഉണ്ടായിരിക്കുമെന്നും അവർ തിരുമേനിയുടെ മാർഗത്തിലേക്ക് തന്നെ ലോകത്തെ ക്ഷണിക്കുന്നവരായിരിക്കുമെന്നുമാണെങ്കിൽ, അത് തിരുമേനി ലോകത്തിന് ഒരു അനുഗ്രഹമാണെന്ന് തെളിയിക്കുന്നതിനും തിരുമേനിയുടെ സ്ഥാനമാഹാത്മ്യം വെളിപ്പെടുത്തുന്നതിനും പര്യാപ്ത മായതു തന്നെ.

# ആരാധനയുടെ അന്തഃസ്സാരം

ആരാധനയിലൂടെയാണ് മാനുഷത പൂർണമാവുന്നത്. മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം തന്നെ ആരാധന യിലൂടെ ദൈവത്തെ പ്രാപിക്കുക എന്നതാണ്.

മഹ്മൂദ് കൽക്കുളം

മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യം അർഥപൂർണമാകുന്നത് ആരാധന യിലൂടെയാണ്. അഥവാ ആരാധന യാണ് സൃഷ്ടിയെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുന്നത്.'***നിങ്ങൾ എന്നോട് പ്രാർഥിക്കുവിൻ ഞാൻ നിങ്ങൾക്കു ത്തരം നൽകുന്നതാണ്' (40:61)*** എന്നാൽ പ്രാർഥിക്കാത്തവരെ ദൈവം ഒരു വിലയും കൽപ്പിക്കുന്നത ല്ലെന്നുമുള്ള ഖുർആനിക പരാമർശങ്ങൾ (25:78) ആരാധനയുടെ മഹത്വത്തെ വിളംബരപ്പെടുത്തുന്നു. മുഴു ലോകത്തിന്റെയും സ്രഷ്ടാവും നിയന്താവുമായ ദൈവത്തിന്റെ സവിധത്തിൽ സ്വീകാര്യത ലഭിക്കുകയും അവൻ വിലമതിക്കുകയും ചെയ്യുന്നു എന്നത് ആരാധനയുടെ സമുൽകൃഷ്ടമായ ഫലസിദ്ധിയാകുന്നു. ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുക, അവന് വിധേയത്വം കാണിക്കുക, സമർപ്പണം ചെയ്യുക, അവനോട് യാചിക്കുക എന്നതാണ് ആരാധനയുടെ കാതൽ. സമ്പൂർണവും അന്യൂനവുമായ ദൈവിക ഗുണങ്ങൾക്കനുരോധകമായി പ്രവർത്തിക്കുകയും അവ ജീവിതത്തിൽ പ്രതിഫലിപ്പിക്കുകയും ചെയ്യുക എന്നത് ഇബാദത്തിന്റെ വിവക്ഷയിൽപ്പെടുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: '***അല്ലാഹുവിന്റെ വർണം സ്വായത്തമാക്കുവിൻ. വർണത്തിൽ അല്ലാഹുവിനെക്കാൾ ഉത്തമൻ മറ്റാരുണ്ട്. ഞങ്ങൾ അവനെ മാത്രം ആരാധിക്കുന്നവരാകുന്നു.' (2:139)***

വർണം, പ്രകൃതി മതം, ദൈവത്തിന്റെ അധ്യാപനങ്ങൾ എന്നീ അർഥങ്ങളിൽ മൊഴി മാറ്റം ചെയ്യപ്പെടുന്ന അറബിവാക്ക് '***സിബ്ഗത്ത്'*** എന്നതാണ് അല്ലാഹുവിന്റെ നിറം സ്വായത്തമാക്കുക എന്ന് പറഞ്ഞാൽ അവന്റെ സവിശേഷ ഗുണങ്ങളെ സ്വാംശീകരിക്കുക എന്നാണർഥം.

### ആരാധന നൈസർഗികമായ പ്രേരക ശക്തി

ഭൂമിയിൽ പിറന്നു വീഴുന്ന ശിശുവിന്റെ കരച്ചിലിനും മാതാവിന്റെ കുജത്തിൽ നിന്നും ക്ഷീരം നിർഗളിക്കുന്നതിനും തമ്മിൽ അദൃശ്യവും അഭേദ്യവുമായ ഒരു ബന്ധമുണ്ട്. ശിശുവിന്റെ രോദനം കേൾക്കുമ്പോഴേക്കും മാതാവ് സഹായത്തിനായി പാഞ്ഞെത്തുന്നു. അനന്തരം മാതൃസ്തനത്തിൽ ചുരത്തപ്പെടുന്ന ക്ഷീരം ശിശുവിന് ആ ശ്വാസമായി മാറുകയാണ് ചെയ്യുന്നത്. ഇതേ പ്രകാരം വേദന നിറഞ്ഞ പ്രാർഥനയിലൂടെ ദൈവത്തിന്റെ റഹീമിയ്യത്തിനെ ആകർഷിച്ചെടുക്കാൻ ഒരു ദാസന് സാധിക്കുന്നു അഥവാ ദാസന്റെ മനോവേദന നിറഞ്ഞ തേട്ടമാണ് ദൈവത്തിന്റെ സിഫത്തെ റഹീമിയ്യത്ത്. വെളിപ്പെടുന്നതിന് നിമിത്തമായി തീരുന്നത്. ഇത് സംബന്ധമായി വാഗ്ദത്ത മസീഹ്(അ) വിവരിക്കുന്നു: പ്രാർഥിക്കുകയെന്നത് അല്ലാഹുവിന്റെ പ്രകൃതി നിയമമനുസരിച്ചുള്ളതാണ്. ഉദാഹരണത്തിന് കുട്ടി കരയുകയും വിഷമം പ്രകടിപ്പിക്കുകയും ചെയ്യുമ്പോൾ മാതാവ് വളരെ അസ്വസ്ഥമായി മുല കൊടുക്കുന്നത് നാം കണ്ടു വരുന്നു. സ്രഷ്ടാവും സൃഷിടിയും തമ്മിൽ ഈ രീതിയിലുള്ള ഒരു ബന്ധമുണ്ട്. അത് മനസ്സിലാക്കാൻ എല്ലാവർക്കും സാധ്യമല്ല. മനുഷ്യൻ അല്ലാഹുവിന്റെ സവിധത്തിൽ വീഴുകയും വളരെ വിനയത്തോടും ഭയഭക്തിയോടും കൂടി അവന്റെ തിരുമുമ്പിൽ അവന്റെ അവസ്ഥ സമർപ്പിക്കുകയും അവനിൽ നിന്ന് തന്റെ ആവശ്യം തേടുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ ദയാബോധം വിജൃംബിക്കുകയും ഭക്തദാസന്റെ മേൽ കരുണ ചൊരിയുകയും ചെയ്യുന്നു. അല്ലാഹുവിന്റെ അനുഗ്രഹാശിസ്സാകുന്ന പാൽ ഒരു കരച്ചിൽ ആഗ്രഹിക്കുന്നു. അതുകൊണ്ട് അവന്റെ മുമ്പിൽ കണ്ണുനീർ വാർക്കുന്ന നയനം സമർപ്പിക്കേണ്ടതാണ്. (മൽഫൂസാത്ത്)

### ആരാധനയുടെ അനിവാര്യത

നിസ്സാരമായ ഒരു രേതസ്കണത്തിൽ നിന്നും ജന്മമെടുത്ത് മനുഷ്യനോട് താൻ കടന്നുവന്ന അവസ്ഥയെകുറിച്ച് പരിചിന്തനം നടത്തുവാൻ വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്. ഇതു വഴി താൻ നിസ്സഹായനും ഒട്ടേറെ ആശ്രയങ്ങളിൽ കുടുങ്ങിക്കിടക്കുന്നവനും ആണെന്ന ചിന്ത നിലനിർത്തുവാൻ മനുഷ്യന് കഴിയുന്നു. എന്നാൽ മാതാവിന്റെ മടിത്തട്ടിലും ലാളനയിലും വളർന്നു വന്ന മനുഷ്യൻ തന്റെ പരിമിതികളേയും ദൗർബല്യങ്ങളെയും മറന്ന് നിഷേധ മാർഗം സ്വീകരിക്കാനുള്ള സാധ്യതയെ പറ്റിയും വിശുദ്ധ ഖുർആൻ ജാഗ്രത പ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള ഖുർആൻ സൂക്തങ്ങൾ ശ്രദ്ധേയമാണ്. '***മനുഷ്യൻ അറിഞ്ഞിട്ടില്ലേ? നാം അവനെ വെറും ഒരു രേതസ്കണത്തിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നുവെന്ന്. ഇപ്പോൾ അതാ അവൻ കടുത്ത കുതർക്കിയായി തീർന്നിരിക്കുകയാണ്. നമുക്ക് അവൻ ഒരു ഉപമ എടുത്ത് കാണിക്കുകയും അവന്റെ സൃഷ്ടിപ്പിനെ അവൻ മറക്കുകയും ചെയ്തിരിക്കുന്നു. അസ്ഥികൾ ദ്രവിച്ചിരിക്കെ ആരാണവയെ ജീവിപ്പിക്കുക എന്നവൻ ചോദിക്കുന്നു. പറയുക ആദ്യഘട്ടത്തിൽ അവയെ സൃഷ്ടിച്ചവൻ തന്നെയാണ് വീണ്ടും അവ***

***യെ ജീവിപ്പിക്കുക. അവൻ എല്ലാ സൃഷ്ടികളെക്കുറിച്ചും നല്ലവണ്ണം അറിവുള്ള വനത്രെ.'(36:78-80) 'മനുഷ്യൻ അവൻ പറയത്തക്ക ഒരു വസ്തു വായിരുന്നിട്ടില്ലാത്ത അവസ്ഥ തീർച്ചയായും വന്നു കഴിഞ്ഞിട്ടുണ്ട്. സത്യമായും നാം മനുഷ്യനെ, പല ശക്തികളാൽ) മിശ്രിതമായ ഒരു രേതസ്കണത്തിൽ നിന്നും സൃഷ്ടിച്ചിരിക്കുന്നു; നാം അവനെ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നതിന് വേണ്ടി. അങ്ങനെ നാം അവനെ കേൾവിയും കാഴ്ച്ചയുമുള്ളവനാക്കിതീർത്തു. നാം അവന് വഴി കാണിച്ചു കൊടുത്തു. എന്നിട്ട് അവൻ കൃതഘ്നനോ കൃതജ്ഞനോ ആയിത്തീർന്നു.' (76:1-4) 'മനുഷ്യൻ അനിയന്ത്രിതമായി വിടപ്പെടുമെന്ന് അവൻ വിചാരിക്കുന്നുവോ? തെറിപ്പിക്കപ്പെടുന്ന ശുക്ലത്തിൽ നിന്നുമുള്ള ഒരു കണമായിരുന്നില്ലേ അവൻ? പിന്നെ അവൻ ഒട്ടിപ്പിടിക്കുന്ന ഒരു രക്ത പിണ്ഡമായിതീർന്നു. അങ്ങനെ അല്ലാഹു അതിനെ രൂപപ്പെടുത്തി പരിപൂർണമാക്കി. എന്നിട്ട് അവൻ (അല്ലാഹു) അതിൽ നിന്നും ആൺ പെൺ എന്നീ രണ്ട് ഇണകളെ സൃഷ്ടിക്കുകയും ചെയ്തു. അങ്ങനെയുള്ളവൻ മരിച്ചവനെ ജീവിപ്പിക്കാൻ കഴിവുള്ളവനല്ലേ?' (75: 37-41) 'ഒരു ലക്ഷ്യവും കൂടാതെയാണ് നാം നിങ്ങളെ സൃഷ്ടിച്ചതെന്നും നിങ്ങളെ നമ്മുടെ അടുക്കലേക്ക് മടക്കി കൊണ്ടു വരികയില്ലെന്നും ധരിച്ചു വെച്ചിരിക്കുന്നുവോ? എന്നാൽ യഥാർഥ രാജാവായ അല്ലാഹു പരമോന്നതനാകുന്നു. അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. ആദരണീയമായ സിംഹാസനത്തിന്റെ നാഥനുമാണവൻ.' (23:116,117) 'സർവാധിനാഥനായ സൃഷ്ടികർത്താവുമായി സദാ തങ്ങളെ ബന്ധിപ്പിച്ചു നിർത്തേണ്ടതിന്റെ ആവശ്യകതയെപറ്റി മേൽസൂക്തങ്ങൾ മനുഷ്യരെ ജാഗ്രതപ്പെടുത്തുന്നു. ഭയാനകമായ സന്ദിഗ്ധഘട്ടങ്ങൾ നേരിടുമ്പോൾ നിഷേധികൾക്ക് പോലും ഈ യാഥാർഥ്യം ബോധ്യപ്പെടുന്ന താണെന്നും വിശുദ്ധ ഖുർആൻ മനസ്സിലാക്കിത്തരുന്നു. അവനത്രെ നിങ്ങളെ കരയിലും കടലിലും സഞ്ചരിപ്പിക്കുന്നവൻ. നിങ്ങൾ കപ്പലുകളിലായിരിക്കുകയും ആ കപ്പലുകൾ അവരെയും കൊണ്ട് നല്ല കാറ്റോടുകൂടി സഞ്ചരിക്കുകയും അവർ അതിൽ സന്തുഷ്ടരാവുകയും ചെയ്യുമ്പോൾ ആ കപ്പലിനെ ഒരു കൊടുങ്കാറ്റു ബാധിക്കുകയും നാനാ ഭാഗത്തുനിന്നും തിരമാലകൾ അവർക്ക് വന്നെത്തുകയും തങ്ങൾ വലയം ചെയ്യപ്പെട്ടുപോയി എന്നവർ കരുതുകയും ചെയ്യുന്നു. അവർ (അപ്പോൾ) അല്ലാഹുവിന് മാത്രം കീഴ്‌വണക്കം ചെയ്തു കൊണ്ട് അവനോട് പ്രാർഥിക്കുന്നു. ഇതിൽ നിന്ന് നീ ഞങ്ങളെ രക്ഷപ്പെടുത്തുന്നതായാൽ ഞങ്ങൾ തീർച്ചയായും നന്ദിയുള്ളവരിൽ പെട്ടവരായിരിക്കും. (എന്നവർ പറയും) (വിശുദ്ധ ഖുർആൻ 10:23)***

ചുരുക്കത്തിൽ ഒട്ടേറെ ദൗർബല്യങ്ങളാൽ സൃഷ്ടിക്കപ്പെട്ടവനാണ് മനുഷ്യൻ മനുഷ്യപ്രകൃതി തന്നെ അദൃശ്യമായ രൂപത്തിൽ തന്റെ സ്രഷ്ടാവിനെ തേടിക്കൊണ്ടിരിക്കുന്നു. എന്നുള്ളതാണ് വാസ്തവം. വിശ്വാസികൾ ഇത് തിരിച്ചറിയുകയും സദാസമയവും തന്റെ രക്ഷിതാവിനെ സ്മരിക്കുകയും ചെയ്യുന്നു.

### നമസ്കാരം: ദൈവസ്മരണയുടെ സമ്പൂർണരൂപം

'ദൈവസ്മരണ സമ്പൂർണമായി നിലനിർത്തുന്നതിന്റെ ഭാഗമായിട്ടാണ് ഇസ്‌ലാമിൽ അഞ്ച് നേരം നമസ്കാരം നിഷ്ക്കർഷിച്ചിട്ടുള്ളത്. ***തീർച്ചയായും ഞാൻ തന്നെയാണ് അല്ലാഹു ഞാനല്ലാതെ മറ്റ് ആരാധ്യനുമില്ല. അതിനാൽ എന്നെ ആരാധിക്കുക. എന്നെ സ്മരിക്കുന്നതിന് വേണ്ടി നമസ്കാരം നിലനിർത്തുകയും ചെയ്യുക.'(വിശുദ്ധ ഖുർആൻ 20:15)***

നമസ്ക്കാരത്തിലെ ഓരോഘട്ടത്തിലും വിവിധ രൂപത്തിൽ ദൈവിക പ്രഭാവത്തെ ഓർമപ്പെടുത്തുന്ന വിധത്തിലാണ് അതിന്റെ ബാഹ്യക്രമമുള്ളത്. നമസ്കാരത്തിന്റെ ബാഹ്യക്രമം ആത്മാവിൽ സ്വാധീനം ചെലുത്തുന്നു. ഒരു ദാസൻ ദൈവ സവിധത്തിൽ യാചിക്കുന്നതിന്റെയും വിനയം കാണിക്കുന്നതിന്റെയും നേർക്കാഴ്ച്ചയാണ് നമസ്കാരം. അതിൽ നിൽക്കുകയും കുനിയുകയും കുമ്പിടുകയും ചെയ്യുന്നു. ദൈവ സമക്ഷം നിൽക്കുന്നതിന്റെ ആന്തരാർഥം അവന് വേണ്ടി എല്ലാ പരീക്ഷണങ്ങളേയും പ്രതികൂലാവസ്ഥകളെയും നേരിടാൻ സന്നദ്ധനായിരിക്കുന്നു എന്നാണ്. 'റുക്കൂഅ്' അഥവാ കുനിയുന്നതിന്റെ വിവക്ഷ സകല കെട്ടുപാടുകളെയും സ്നേഹബന്ധങ്ങളെയും ഉപേക്ഷിച്ച് അവനിലേക്ക് കുനിയുന്നു എന്നുള്ളതാണ്. തന്റേതെല്ലാം സമർപ്പണം ചെയ്യുന്നു എന്നതിന്റെ വിളംബരമാണ് സാഷ്ടാംഗ പ്രണാമം. വാഗ്ദത്ത മസീഹ് (അ) പറയുന്നു: '***എന്താണ് നമസ്ക്കാരം? തന്റെ വിനയവും അർഥനകളും ദുർബലതകളും ദൈവസവിധത്തിൽ അവതരിപ്പിക്കലാണ്. തന്റെ ആവശ്യങ്ങൾ അവനിൽ നിന്നും പൂർത്തിയാക്കാനുള്ള ആഗ്രഹം കാരണം ഇടക്കിടെ അവന്റെ മുന്നിൽ ബഹുമാന പുരസ്സരം നിൽക്കുന്നു. അവന്റെ പ്രതാപത്തിന് മുമ്പിൽ ആദരങ്ങളർപ്പിക്കുന്നു. അവന്റെ കൽപ്പനകൾ പൂർത്തിയാക്കുന്നു. പരിപൂർണ വിനയത്തോടും താഴ്മയോടും കൂടി തന്റെ ആവശ്യങ്ങൾക്ക് വേണ്ടി യാചിച്ചു കൊണ്ട് അവന്റെ മുന്നിൽ സാഷ്ടാംഗപ്രണാമം ചെയ്യുന്ന ഒരു യാചകനെ പോലെ ദൈവത്തെ സ്തുതിക്കുന്നു. അവന്റെ പ്രതാപത്തേയും മഹത്വത്തേയും വാഴ്ത്തുകയും അവന്റെ കാരുണ്യവും സഹായവും തേടുകയും ചെയ്യുന്നു' (തഫ്സീർ മഹ്മൂദ്. വാല്യം 3)***

### ആരാധനയുടെ ഫലസിദ്ധികൾ

നടേ പരാമർശിച്ചതു പോലെ ബലഹീനനായ മനുഷ്യന് ശക്തിയും പൂർണതയും കൈവരുന്നത് ആരാധനയിലൂടെയാണ്. ആരാധന പൂർണതയിലേക്കുള്ള പ്രയാണമാകുന്നു. സർവശക്തനും സർവാന്തരാമിയും സർവ ഗുണങ്ങളുടേയും മൂർത്തിമദ്ഭാവവുമായ ദൈവത്തെ അഭയ കേന്ദ്രമാക്കുകയും തന്റെ ഗുണഗണങ്ങളെ സ്വാംശീകരിക്കാൻ ശ്രമിക്കു

കയും ചെയ്യുമ്പോൾ സ്വാഭാവികമായും മനുഷ്യനിലെ ബലഹീനതകളും ന്യൂനതകളും അകന്നുകൊണ്ടിരിക്കുന്നതുമായിരിക്കും. യഥാർഥ ആരാധകനിലൂടെ ദൈവം തന്റെ ശക്തി പ്രതാപം വെളിപ്പെടുത്തുന്നു. നിരാലംബരും നിസ്സഹായരുമായിരുന്ന ദൈവദൂതരുടേയും അനുചരവൃന്ദത്തിന്റേയും ജീവിതവിജത്തിന്റെ രഹസ്യം ഇത്തന്നെയാണ്. സർവ സന്നാഹങ്ങളുമായി അവർക്കെതിരെ രംഗപ്രവേശനം ചെയ്ത് ഭൗതിക ശക്തികൾ തകർന്ന് തരിപ്പണമായി. വിശുദ്ധ ഖുർആൻ പറയുന്നു: എത്രയെത്ര ചെറിയ സംഘങ്ങളാണ് അല്ലാഹുവിന്റെ പിന്തുണയോടെ വലിയ വലിയ സംഘങ്ങളെ ജയിച്ചടക്കിയിട്ടുള്ളത്. ബദർ യുദ്ധത്തിന് മുമ്പ് നബി (സ) തിരുമേനിമനമുരുകി പ്രാർഥിച്ചത് ഇപ്രകാരമാണ്. ***'എന്റെ നാഥാ ഇന്നിപ്പോൾ ഭൂതലത്തി ലാകമാനം നോക്കിയാൽ ഈ മുന്നുറു പേർ മാത്രമേ നിന്നെ ആരാധിക്കുന്നവരായും നിന്റെ ആരാധനയെ നിലനിർത്താൻ ഉറച്ചിരിക്കുന്നവരായുമുള്ളൂ. ഓ രക്ഷിതാവേ ഈ മുന്നൂറു പേരും ഈ യുദ്ധത്തിൽ ശത്രുക്കളാൽ നിഗ്രഹിക്കപ്പടുന്നപക്ഷം നിന്റെനാമത്തെ ഉയർത്തുന്നവരായിഭൂമിയിൽ ആരാണ്ശേഷിച്ചിരിക്കുക? (തബരി)***

നബി(സ)യും അദ്ദേഹത്തോടൊപ്പമുള്ള ആ ചെറു സംഘവും ദൈവാരാധകരായിരുന്നു. ആരാധനയിലൂടെ ആത്മീയ ഗിരിശൃഗംങ്ങളിലെത്തിയവരായിരുന്നു. അവർ. രാവിന്റെ യാമങ്ങളിൽ നിദ്രാ വിഹീനരായി ദൈവസവിധത്തിൽ ദീർഘനേരം തങ്ങളുടെ സങ്കടങ്ങൾ ബോധിപ്പിച്ചു. തന്മൂലം സർവശക്തനായ ദൈവം ആ ദുർബല വിഭാഗത്തെ സഹായിക്കുകയും തന്റെ ശക്തി പ്രകടനം അവരിലൂടെ വെളിപ്പെടുത്തുകയുമുണ്ടായി. അങ്ങനെ സജ്ജരായി വന്ന ശത്രുസംഘം അവർക്കെതിരിൽ നിഷപ്രഭരായി മാറി. അവസാനമായി വാഗ്ദത്ത മസീഹ് (അ)ന്റെ ഏതാനും വരികൾ കുറിച്ചുകൊണ്ട് ഈ ലേഖനത്തിന് വിരാമമിടുന്നു ***'സർവശക്തനായ ഒരു രക്ഷിതാവ് തനിക്കുണ്ടെന്നുള്ള ബോധം പോലുമില്ലാത്തവൻ എത്ര മാത്രം ഭാഗ്യഹീനനാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനു ഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ ഞാൻ അവനെ കാണുകയും സകല സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞും സ്വായത്തമാക്കേണ്ട സമ്പത്താണിത്. സകലവും നഷ്ടപ്പെടുത്തിയിട്ടും വിലകൊടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ ഈ നീരുറവയിലേക്ക് ഓടിവരുവിൻ. ഇത് നിങ്ങൾക്ക് ദാഹശമനം വരുത്തും. നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവ സ്രോതസ്സാകുന്നു ഇത്' (കശ്തീനുഹ്)***

MTA INTERNATIONAL

Reaching the corners of the Earth



Every Friday live at 13.00 GMT on MTA International

**Live Translations:**

English, French, Arabic, German, Bengali

**Translations on repeat**

Russian, Turkish, Swahili, Tamil, Malayalam

**ജുമുഅ ഖുത്വ്ബ**

എല്ലാ വെള്ളിയാഴ്ചകളിലും പള്ളികളിൽ പ്രാർഥനയ്ക്കായ് ഒരുമിച്ചു കൂടാൻ മുസ്‌ലിംകൾ നിഷ്കർഷിക്കപ്പെട്ടിരിക്കുന്നു. ഈ വെള്ളിയാഴ്ച പ്രാർഥനയിലൂടെ വ്യക്തിപരവും സമൂഹപരവുമായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനും ആവശ്യമായ പരിഹാരങ്ങൾ തേടാനും മുസ്‌ലിംകൾക്ക് അവസരം കൈവരുന്നു.

ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പരമാദ്ധ്യക്ഷൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ആഴ്ചതോറും നിർവഹിച്ചു വരുന്ന ജുമുഅ പ്രഭാഷണം **മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ** (MTA)യിലൂടെ ലോകം മുഴുവൻ വിവിധ ഭാഷകളിലുള്ള തർജമ സഹിതം സംപ്രേഷണം ചെയ്യപ്പെടുന്നു. ഇതിലൂടെ അഹ്മദിയ്യാ ഇമാം, പള്ളിയിൽ ഒരുമിച്ചു കൂടിയവരെ മാത്രമല്ല മറിച്ച് മുഴുലോകത്തേയുമാണ് അഭിസംബോധന ചെയ്യുന്നത്. ഈ സംവിധാനം മുഖേന കാലത്തിന്റെ ഇമാമിന് ആഗോള മുസ്‌ലിം സമുദായത്തെ ഉപദേശിക്കാനും അവരെ അലട്ടിക്കൊണ്ടിരിക്കുന്ന കാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരം കൃത്യസമയത്തുതന്നെ നിർദേശിക്കാനും ഔദാര്യവാനായ അല്ലാഹു വഴിയൊരുക്കിയിരിക്കുന്നു.

**www.mta.tv**

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും ദേശീയതയും

മനുഷ്യാവകാശ പ്രവർത്തകനും പ്രശസ്ത എഴുത്തുകാരനുമായ എം. എൻ. കാരശ്ശേരിയുടെ 'ഇസ്‌ലാമിക രാഷ്ട്രീയം വിമർശിക്കപ്പെടുന്നു' എന്ന പുസ്തകത്തിൽ അഹ്മദികളെ പറ്റി വന്ന ഒരു പരാമർശത്തോടുള്ള പ്രതികരണമാണ് ഈ ലേഖനം

എ. എം മുഹമ്മദ് സലിം

കേരളത്തിലെ അറിയപ്പെടുന്ന എഴുത്തുകാരനും മനുഷ്യാവകാശ പ്രവർത്തകനുമായ എം എൻ കാരശ്ശേരി എഴുതി മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച '***ഇസ്‌ലാമിക രാഷ്ട്രീയം വിമർശിക്കപ്പെടുന്നു***' എന്ന പുസ്തകം ഈയ്യിടെയാണ് വായിക്കാനിടയായത്. ആ പുസ്തകത്തിലെ അഹ്മദികളെ കുറിച്ചുള്ള ഒരു പരാമർശമാണ് ഈ കുറിപ്പിനാധാരം. അതിനെക്കുറിച്ചെഴുതുന്നതിന് മുമ്പായി ഗ്രന്ഥകാരനായ കാരശ്ശേരിയെക്കുറിച്ച് അൽപ്പം പറയേണ്ടതുണ്ട്. കേരളത്തിൽ മതേതര ജനാധിപത്യത്തിന് വേണ്ടി പോരാടുന്ന മനുഷ്യസ്നേഹിയായ സാമൂഹ്യ പ്രവർത്തകരിലൊരാളാണ് ബഹുമാന്യനായ കാരശ്ശേരി. അഹ്മദികൾക്കെതിരെ മുസ്‌ലിം ലോകത്ത് വിശിഷ്യാ പാകിസ്താനിൽ നടക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾക്കും കൂട്ടക്കൊലകൾക്കും എതിരെ നീതിയുടെ പക്ഷത്ത് നിന്ന് ശക്തമായി പ്രതികരിക്കുന്ന കാരശ്ശേരി ധീരനായ എഴുത്തുകാരനും വാഗ്മിയും മനുഷ്യാവകാശ പ്രവർത്തകനുമാണ്. അഹ്മദികൾക്ക് നേരെയുണ്ടാകുന്ന എല്ലാ മനുഷ്യാവകാശ നിഷേധങ്ങളോടും എപ്പോഴും അനുഭാവ പൂർവം നിലപാട് സ്വീകരിക്കുന്ന അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ നന്ദി പൂർവം സ്മരിക്കുന്നു. അഹ്മദികളുടെ പക്ഷം നിൽക്കുന്നത് കൊണ്ട് അദ്ദേഹത്തിന് നഷ്ടമല്ലാതെ ലാഭമൊന്നും ഉണ്ടാവില്ല. അങ്ങാടി നിലവാരം നോക്കി അഭിപ്രായം പറയുകയും പക്ഷം ചേരുകയും ചെയ്യുന്ന പൊതു പ്രവർത്തകരിൽ നിന്നും കാരശ്ശേരി വ്യത്യസ്തനാവുന്നത് അവിടെയാണ്. കാരശ്ശേരി ഇങ്ങനെ അഹ്മദികളെ പ്രതിരോധിക്കുന്നത് കൊണ്ടുള്ള മറ്റൊരപകടം അദ്ദേഹത്തെ മുസ്‌ലിം ഭൂരിപക്ഷം അഹ്മദിയായോ അഹ്മദി അനുഭാവിയായോ മുദ്രകുത്തി ഒറ്റപ്പെടുത്താനുള്ള സാദ്ധ്യതയാണ്. കാരശ്ശേരി തന്നെ അത് സംബന്ധിച്ച് ബോധവാനുമാണ് എന്ന് മനസ്സിലാക്കാം. തന്റെ ചിന്തയും നീതിബോധവും ആവശ്യപ്പെടും വിധം അഭിപ്രായം തുറന്ന് പറയുന്ന കാരശ്ശേരിയുടെ പ്രവർത്തനങ്ങൾക്ക് സർവവിധ ഭാവുകങ്ങളും നേരുന്നു.

'***ഇസ്‌ലാമിക രാഷ്ട്രീയം വിമർശിക്കപ്പെടുന്നു***' എന്ന പുസ്തകം ജമാഅത്തെ ഇസ്‌ലാമിയുടെ ഫാസിസത്തിന് സമാനമായ മതരാഷ്ട്രവാദത്തിന്റെ യുക്തിരാഹിത്യവും മനുഷ്യത്വവിരുദ്ധതയും അപ്രായോഗികതയും തുറന്ന് കാട്ടികൊണ്ടുള്ള നിശിത വിമർശനമാണ്. ജമാഅത്തെ ഇസ്‌ലാമി എന്ന മതരാഷ്ട്രീയ പാർട്ടി ഉയർത്തുന്ന അപകടത്തെക്കുറിച്ച് വേണ്ടവണ്ണം ബോധവാന്മാരല്ലാത്ത സമാധാന കാംക്ഷികളായ മുസ്‌ലിംകൾ ഈ കൃതി വായിച്ചിരിക്കേണ്ടതാണ്. പ്രസ്തുത കൃതിയിൽ അഹ്മദിളെ പറ്റിയും ജമാഅത്തെ ഇസ്‌ലാമി നേതാവ് മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയുടെ നേതൃത്വത്തിൽ നടന്ന രക്തരൂക്ഷിതമായ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തെ കുറിച്ചും അതന്വേഷിക്കാൻ ഗവൺമെന്റ് നിയമിച്ച മുനീർ കമ്മീഷനെ കുറിച്ചും പ്രതിപാദനമുണ്ട്. പുസ്തകത്തിന്റെ ആമുഖത്തിൽ അഹ്മദികളെക്കുറിച്ചുള്ള ഒരു പരാമർശത്തോടുള്ള വിയോജിപ്പ് രേഖപ്പെടുത്താനും അത് സംബന്ധിച്ച് അൽപ്പം വിശദീകരിക്കാനുമാണ് ഈ കുറിപ്പെഴുതുന്നത്.

**അഹ്മദികളുടെ ദേശീയത**

കാരശ്ശേരി എഴുതുന്നു: '*ജിന്നയുടെ പാകിസ്താൻ വാദത്തെ അനുകൂലിച്ചിരുന്ന കൂട്ടരാണ് അഹ്മദികൾ. ആ വാദം യാഥാർഥമായി പുലർന്നപ്പോൾ അഹ്മദികൾക്ക് നഷ്ടമായത് മുസ്‌ലിംകൾ എന്ന് സ്വയം വിളിക്കുവാനുള്ള അവകാശമാണ്.* ***ഏത് മതവിശ്വാസമാണോ ഒരു ദേശീയതയാണ് എന്ന് അഹ്മദികൾ കരുതിയത്, ആ മതവിശ്വാസത്തിൽ നിന്ന് അതേ ദേശീയത അവരെ ചവിട്ടിപ്പുറത്താക്കി.*** *ഇസ്‌ലാം എന്ന് തങ്ങൾ കരുതുന്നത് മാത്രമാണ് ഓരോ കൂട്ടർക്കും ഇസ്‌ലാം എന്നർഥം. പാകിസ്താൻ ഇപ്പോൾ ഒരു മുസ്‌ലിം രാഷ്ട്രം ആണ് എന്ന് അവിടത്തെ അഹ്മദികൾ പറയുമോ?.*' ***(ഇസ്‌ലാമിക രാഷ്ട്രീയം വിമർശിക്കപ്പെടുന്നു- ആമുഖം)***

ഈ പ്രസ്താവനയിലെ 'ഏത്

*മതവിശ്വാസമാണോ ഒരു ദേശീയ തയാണ് എന്ന് അഹ്മദികൾ കരുതി യത്, ആ മതവിശ്വാസത്തിൽ നിന്ന് അതേ ദേശീയത അവരെ ചവിട്ടിപ്പു റത്താക്കി.'* എന്ന ഭാഗം അവ്യ ക്തവും തെറ്റിദ്ധാരണ പരത്തുന്നതു മാണ് എന്ന് പറയാതെവയ്യ ഇവിടെ കാരശ്ശേരി പ്രയോഗിച്ച 'ദേശീയത' എന്ന പദം രാഷ്ട്ര തന്ത്രവിജ്ഞാനീ യത്തിൽ ഉപയോഗിക്കുന്ന വളരെ അമൂർത്തമായ ഒരു സങ്കൽപ്പമാണ്. ഒരു രാജ്യത്തിലെ ജനങ്ങളുടെ ഐക്യബോധം, സ്വരാജ്യ സ്നേഹം, ഒരു രാഷ്ട്രമായി നിൽക്കാൻ ജനങ്ങൾ പുലർത്തുന്ന സവിശേഷ മായ വൈകാരികാവസ്ഥ, എന്നി ങ്ങനെയെല്ലാം ദേശീയത അല്ലെങ്കിൽ ദേശീയ ബോധം വർണിക്കപ്പെടാറു ണ്ട്. തീർച്ചയായും ദേശീയത എന്നത് വ്യാഖ്യാനിച്ച് നിർവചിക്കേണ്ട ഒരു രാഷ്ട്രീയ സാങ്കേതിക പദമാണ്. ഭൗതിക ശാസ്ത്രത്തിൽ സാർവത്രി കമായി നിയതാർഥമുള്ള സാങ്കേതി ക പദങ്ങൾ പോലെയുള്ള ഒന്നല്ല രാഷ്ട്രീയത്തിലെ ഇത്തരം സാങ്കേ തിക പദങ്ങൾ എന്ന് ചുരുക്കം. ഇങ്ങ നെ അമൂർത്തമായി വിവരിക്കപ്പെടു ന്ന ഒരു ദേശീയത അഹ്മദികൾ മതവിശ്വാസമായി കരുതിയിരുന്നു എന്നും ആ ദേശീയത അവസാനം അഹ്മദികളെ ചവിട്ടിപുറത്താക്കി എന്നുമാണ് കാരശ്ശേരിയുടെ പ്രയോ ഗം. കാരശ്ശേരി തന്നെ വ്യക്തമാ ക്കേണ്ട ദുരൂഹമായ ഒരു പ്രസ്താ വനയായി അത് നിൽക്കുന്നു. അഹ്മ ദികളുടെ മതം, രാഷ്ട്രീയാർഥത്തിൽ ഉപയോഗിക്കപ്പെടുന്ന ദേശീയതക്ക് പകരം നിൽക്കുന്ന ഒന്നാണ് എന്ന കാരശ്ശേരിയുടെ നിഗമനം അൽപ്പം കടന്നതാണ്. ദേശീയത നിർണയി ക്കുന്നത് മതം മാത്രമല്ല, വ്യത്യസ്ത മതവിഭാഗങ്ങളുള്ള ബഹുമതസമൂ ഹങ്ങൾക്കും ഒരു ദേശീയ ജനത യായി നിൽക്കാൻ കഴിയും എന്നും അടിയുറച്ച് വിശ്വസിക്കുന്നവരാണ് അഹ്മദികൾ. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വന്ദ്യസ്ഥാപകർ ഹദ്റത്ത് അഹ്മദ്(അ) ഇവിടുത്തെ ഹിന്ദുക്കളും മുസ്‌ലിംകളും യോജിച്ച് ഒരു ജാതിയായി തീരണമെന്ന് ഹൃദയസ്പൃക്കായ രീതിയിൽ തന്റെ മരണശയ്യയിൽ വെച്ച് എഴുതിയ പുസ്തകത്തിൽ ഒസ്യത്തായി പറയു കയുണ്ടായി. ആധുനിക ഇന്ത്യയിലെ ഏതെങ്കിലും ഒരു നേതാവ് മതാതീ തമായ മാനവീക ഐക്യത്തെ പറ്റി മത പക്ഷത്ത്നിന്ന് ഇത്രയും ആത്മാർഥമായി പറഞ്ഞിട്ടുണ്ടോ എന്ന് കാരശ്ശേരി അന്വേഷിക്കേ ണ്ടതുണ്ട്. അഹ്മദിയ്യാ ജമാഅത്തി ന്റെ ഇതപര്യന്തമുള്ള പ്രഖ്യാപിത നിലപാടും പ്രവർത്തനങ്ങളും ആ നിലപാടിന് സാക്ഷിയാണ്. മനുഷ്യാ വകാശ പ്രവർത്തകർ അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗമനപരമായ ഈ കാഴ്ച്ചപാട് തുറന്ന് കാട്ടി അഭിനന്ദിക്കുകയാണ് വേണ്ടത്. കാരണം അങ്ങനെ ചിന്തിക്കുന്ന വർക്ക് വംശനാശം വന്ന കാലമാണി ത്. അങ്ങനെ ചെയ്തില്ലെങ്കിലും അഹ്മദികളെ അവരുദ്ദേശിക്കാത്ത ആശയത്തിന്റെ വക്താക്കളായി ചിത്രീകരിക്കുന്നത് ഒട്ടും ശരിയല്ല. ജിന്നയുടെ ലീഗിന്റെ അവശിഷ്ട മായ കേരളത്തിലെ മുസ്‌ലിം ലീഗിനെ കൂടി കാരശ്ശേരി ഈ വിധം പരാമർശിക്കുന്നില്ല. നിർഭാഗ്യ കരമെന്ന് പറയട്ടെ, അഹ്മദികൾ മുസ്‌ലിമാണെന്ന് പറഞ്ഞിട്ടും, അല്ല നിങ്ങൾ അമുസ്‌ലിമാണെന്ന് ശഠിക്കു ന്ന യാഥാസ്ഥിതിക മുസ്‌ലിം കക്ഷി കളുടെ സമീപനത്തിന് തുല്യമായി പോകുന്നു ഇത്തരം പരാമർശങ്ങൾ. രാഷ്ട്ര നിർമിതിക്കായുള്ള ദേശീയ തയാണ് മതം എന്ന് പറയുന്നവരോ, ഒരേ മതവിശ്വാസികളെല്ലാം ഒരു ദേശീയ ജനവിഭാഗമാണെന്ന് കരുതു ന്നവരോ മതം തന്നെ രാഷ്ട്രമാ ണെന്ന് വാദിക്കുന്നവരോ അല്ല അഹ്മദികൾ എന്ന് കാരശ്ശേരിക്ക് മറ്റാരെക്കാളും നന്നായറിയുന്നതു മാണ്. അഹ്മദികൾ അനുഭവിക്കുന്ന പീഡനത്തെ പറ്റി എഴുതുന്ന കാര ശ്ശേരി അവരുടെ ആശയവും നേരോ ടെ എഴുതണമെന്ന് ആഗ്രഹിക്കുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്ക ത്തിൽ ബഹുസ്വരമായ ഇന്ത്യൻ സമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന ഛിദ്ര തയുടേയും പരസ്പര വൈര ത്തിന്റേയും കാർമേഘങ്ങൾ ഉരുണ്ടു കൂടുന്നത് തന്റെ ക്രാന്തദൃഷ്ടി കൊണ്ട് കണ്ടറിഞ്ഞ പുണ്യാത് മാവാ യിരുന്നു അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്ദ്(അ). 1908 മെയ് 24-ാം തീയതി തന്റെ ചരമത്തിന് രണ്ട് ദിവസം മുമ്പ് ഇന്ത്യൻ സമൂഹത്തെ അഭിസം ബോധന ചെയ്തുകൊണ്ട് അദ്ദേഹം എഴുതി തയ്യാറാക്കിയ പ്രബന്ധം അഹ്മദികൾ ഇന്ത്യൻ സമൂഹത്തെ എങ്ങനെ നോക്കി കാണുന്നു എന്ന തിന് ഉത്തമ ദൃഷ്ടാന്തമാണ്. **പൈ ഗാമെ സുൽഹ്** (മൈത്രീ സന്ദേശം) എന്ന പേരിൽ അത് ഉപന്യാസമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹദ്റത്ത് അഹ്മദ്(അ) എഴുതുന്നു:

***'പ്രിയ സുഹൃത്തുക്കളേ! ഹിന്ദു ക്കളോ മുസ്‌ലിംകളോ ആയ നാമെ ല്ലാവരും നൂറ്റുക്കണക്കായ വിശ്വാ സാഭിപ്രായ വൈപരീത്യങ്ങളോടു കൂടിയവരാണെങ്കിലും ഈ പ്രപഞ്ച സകലത്തിന്റെയും സ്രഷ്ടാവും രക്ഷിതാവുമായ ദൈവത്തിൽ വിശ്വ സിക്കുന്ന വിഷയത്തിൽ ഒന്നാണ ല്ലോ. അപ്രകാരം തന്നെ നാമെല്ലാം മനുഷ്യരെന്ന നിലയിൽ പൊതു താൽപര്യത്തോടു കൂടിയവരു മാകുന്നു. അതെ, മനുഷ്യരെന്ന പേരിൽ നമ്മളെല്ലാവരും പരസ്പരം ബന്ധിതരായിരിക്കുന്നു. അതുമല്ല നാം ഒരേ രാജ്യത്തിൽ നിവസിക്കു ന്നവരാകയാൽ അന്യോന്യം അയൽ ക്കാരെന്ന നിലയിലും ബന്ധപ്പെട്ട വരാകുന്നു. അതിനാൽ നമ്മൾ ആത്മാർഥതയോടും നിഷ്ക്കപട തയോടും കൂടി പരസ്പരം മിത്രങ്ങ ളായി വർത്തിച്ചും മതപരവും ലൗകികവുമായ വൈഷമ്യഘട്ടങ്ങളി ലെല്ലാം അന്യോന്യം സഹതാപം പ്രദർശിപ്പിച്ചും ഒരേ ശരീരത്തിലെ അവയവങ്ങളെപോലെയെന്നോണം തമ്മിൽ തമ്മിൽ സഹകരിക്കേണ്ടതു നമ്മുടെ കർത്തവ്യമാകുന്നു.. (പേജ് 7)***

***'പ്രിയജനങ്ങളെ സമാധാനത്തെ പോലെ കാര്യമായിട്ട് മറ്റൊന്നുമില്ല. വരുവീൻ നമ്മൾ ഇരു കൂട്ടർക്കും ഈ ഉഭയ സമ്മതം മുഖേന ഒന്നി ക്കാം. ഒരു ജാതിയായി തീരാം.***

***അന്യോന്യം പ്രവാചകന്മാരേയും മതഗ്രന്ഥങ്ങളേയും ആക്ഷേപിക്ക മൂലം എത്രമാത്രം ഛിദ്രവും വഴക്കുമാണ് ഉണ്ടായി തീർന്നിരിക്കുന്നതെന്നും രാജ്യത്തിന് എത്ര മാത്രം നഷ്ടമാണ് സഹിക്കേണ്ടിവന്നിരിക്കുന്നതെന്നും നിങ്ങൾ കാണുന്നുണ്ടല്ലോ. വരുവീൻ! ഇനി അന്യോന്യം മതബോധങ്ങളെ വകവെച്ചു കൊടുക്കുന്ന സഹിഷ്ണുതാ ശീലത്തിന്റെ അനുഗ്രഹ ഫലങ്ങളെയും ഒന്നു പരീക്ഷിച്ചു നോക്കുവീൻ ! ഇതത്രേ പരസ്പരം സന്ധിക്കുവാനും മൈത്രീഭാവം പുലർത്താനുമുള്ള ഉത്തമ മാർഗം (പേജ് 34)***

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് പിൽക്കാലത്ത് നെടുനായകത്വം വഹിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് 1889 ലും ഇന്ത്യൻ മുസ്ലിംകളുടെ സാമുദായിക താൽപര്യ സംരക്ഷണത്തിനായി ആൾ ഇന്ത്യാ മുസ്ലിം ലീഗും 1906 ൽ രൂപീകരിക്കപ്പെട്ടത് ഹദ്റത്ത് അഹ്മദ്(അ)ന്റെ ജീവിതകാലത്തായിരുന്നു. മതകീയവും ജാതീയവുമായ ഛായയിൽ നിന്നും മുക്തമായി രാഷ്ട്രീയവത്കൃതമായ ഒരു സിവിൽ സമൂഹമായി ഇപ്പോഴും മാറിയിട്ടില്ലാത്ത ഇന്ത്യൻ ജനതയുടെ ഒരു നൂറ്റാണ്ടു മുമ്പത്തെ അവസ്ഥ ആലോചിച്ചുനോക്കൂ. അക്കാലത്ത് കോൺഗ്രസ്സും ലീഗും രണ്ട് മതസമുദായങ്ങളുടെ താൽപര്യങ്ങളെ പ്രതിനിധീകരിക്കുന്നവരായിട്ടാണ് പലരും കരുതിയിരുന്നത്. ഈ രണ്ട് സംഘടനകളുടെയും പിറവി നോക്കിക്കണ്ട ഹദ്റത്ത് (അ) അവരുടെ വ്യത്യസ്ത വഴികളിലുള്ള സഞ്ചാരത്തെ പറ്റി ആശങ്കപ്പെട്ടിട്ടുണ്ട്. കോൺഗ്രസ്സിനോടൊപ്പം സഹകരിച്ച് പ്രവർത്തിക്കാത്തതിന് ഹദ്റത്ത് അഹ്മദ്(അ) മുസ്ലിം ലീഗിനെ കുറ്റപ്പെടുത്തുകയാണ് ചെയ്യുന്നത്. ഹദ്റത്ത് അഹ്മദി(അ)ന്റെ വാക്കുകൾ തന്നെ നോക്കൂ.

***'ഈയ്യിടെയായി ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ അവിശ്വാസവും അനൈക്യവും ഛിദ്രതയും വർധിച്ചുവന്നിരിക്കുന്നത് മതപരമായ വൈപരീത്യങ്ങൾ കാരണമായിട്ടുമാത്രമല്ല, അതിലേക്ക് രാഷ്ട്രീയമായ പ്രലോഭനങ്ങളും സ്ഥാനാഭിലാഷങ്ങളും കൂടെ കാരണമായിട്ടുണ്ടെന്നും ഞാൻ പറയുന്നതിൽ എനിക്ക് സ്വാർഥ പരമായ യാതൊരു ഉദ്ദേശ്യവുമില്ല. ദൃഷ്ടാന്തമായി ഹിന്ദുക്കൾ ആദ്യം മുതൽക്കേ രാജ്യ ഭരണത്തിലും രാഷ്ട്രീയ കാര്യങ്ങളിലും തങ്ങൾക്ക് കൈകാര്യമുണ്ടായിരിക്കണമെന്നും ചുരുങ്ങിയ പക്ഷം ഭരണ കാര്യ ങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ ഗവൺമെന്റ് അന്വേഷിക്കേണ്ടതാണെന്നും ഇംഗ്ലീഷുകാർക്കെന്ന പോലെ തങ്ങൾക്കും ഭരണ സംബന്ധമായി വലിയ വലിയ ഉദ്യോഗങ്ങൾ ലഭിക്കേണ്ടതാണെന്നും ആഗ്രഹമുള്ളവരാണ്. ഈ കാര്യസാധ്യത്തിനായിട്ട് ഹിന്ദുക്കൾ ചെയ്തു തുടങ്ങിയ പരിശ്രമങ്ങളിൽ മുസ്ലിംകൾ പങ്കെടുക്കാതെ അകന്നു നിന്നത് അബദ്ധമായി പോയി.' (പേ. 35)*** മതപരമായി ആഴത്തിൽ വേരുകളുള്ള ജനങ്ങളുടെ ഈ വിഭാഗീയാവസ്ഥ സാമൂഹ്യവത്ക്കരണത്തിനും ദേശീയോദ് ഗ്രഥനത്തിനും വിഘാതമായി നിൽക്കുന്നു. ഈ വിഘടിതാവസ്ഥക്ക് മതപരമായ രീതിയിലും ഈ ഉപന്യാസത്തിൽ ഹദ്റത്ത് അഹ്മദ് (അ) പരിഹാരം നിർദേശിക്കുന്നുണ്ട്. ഇന്ത്യൻ സമൂഹത്തിൽ മതകീയ ജീവിതവും മതവിശ്വാസവും അനിഷേധ്യമായ ഒരു യാഥാർഥ്യമായിരിക്കെ മതസംഘർഷങ്ങളെ പറ്റി വ്യാകുല രാകുന്ന ഭൗതിക ചിന്തകന്മാരുടേയും ബുദ്ധിജീവികളുടേയും നിരർഥകമായ വാചോടാപം പോലെയുള്ള ഒരു ഫോർമുലയല്ല ഹദ്റത്ത് അഹ്മദ് (അ) ഇവിടെ പരിഹാരമായി നിർദേശിക്കുന്നത്. മതങ്ങളുടെ ഉള്ളിൽ നിന്നു തന്നെയുള്ളതും യാഥാർഥ്യ ബോധത്തോടുകൂടിയതും ജനങ്ങളുടെ ധാർമികവും അധ്യാത്മികവുമായ നിലവാരത്തെ ഉയർത്തിക്കൊണ്ടുവരുന്നതുമായ ഒരു സുസ്ഥിര പരിഹാരമാണ് ഇതെന്ന് സൂക്ഷ്മദൃക്കുകൾക്ക് കാണാവുന്നതാണ്. അത് മതപരിവർത്തനം ചെയ്ത് ഒറ്റമതസമൂഹമായി തീരുക എന്ന പരിഹാരമല്ല എന്ന് പ്രത്യേകം ഓർക്കുക. എല്ലാ മതങ്ങളിലും കാണുന്ന സാർവത്രികമായ പ്രമാണങ്ങളിലൂന്നികൊണ്ട് മതങ്ങൾ സമാധാനത്തിന് വേണ്ടി പരസ്പരം ഏർപ്പെടുന്ന ഒരു കരാറാണത്. ഇത്തരത്തിൽ ഒരു ബഹുസ്വര സമൂഹത്തിൽ ആത്മീയമായ ഉറപ്പുകളോടെയുള്ള ഒരു പരിഹാരം ഇന്ത്യയിൽ ഇനിയും പരീക്ഷിച്ചിട്ടില്ലാത്ത ഒരു സമാധാന മതഫോർമുലയാണ്. ആ വിഷയത്തെ പറ്റി കൂടുതൽ പ്രതിപാദിക്കേണ്ട സന്ദർഭമല്ല ഇത്. ചുരുക്കത്തിൽ ഒരു ബഹുസ്വര സമുഹത്തിന്റെ മതപരമായ ഐക്യം അഹ്മദിയ്യാ ജമാഅത്തിന്റെ പ്രഖ്യാപിത ആദർശമായിരിക്കേ അഹ്മദിയ്യാ ജമാഅത്തിന് മതരാഷ്ട്ര ദേശീയതയുടെ വക്താവായിരിക്കാൻ ഒരിക്കലും സാദ്ധ്യമല്ല. അഹ്മദികളുടെ ബഹുസ്വര സങ്കൽപ്പം ആത്മീയ ദാർഢ്യമുള്ളതും പ്രാമാണികമായി അടിസ്ഥാനമുള്ളതുമാണ്. എല്ലാ മതങ്ങളും മോക്ഷം തങ്ങളുടെ മതത്തിലൂടെ മാത്രമേ ലഭിക്കൂ എന്ന് അവകാശപ്പെടുന്നവരാണ്. എന്നാൽ ഇസ്ലാമിന്റെ മോക്ഷ സങ്കൽപ്പം അപ്രകാരമല്ല. ഇസ്ലാം തീർച്ചയായും മോക്ഷ മാർഗം തന്നെയാണ് അപ്രകാരം മറ്റു മതാനുയായികൾക്ക് മോക്ഷം ലഭിക്കില്ല എന്ന് വിശുദ്ധഖുർആൻ പറയുന്നില്ല. മാത്രമല്ല എല്ലാമതങ്ങളും ദൈവത്തിൽ നിന്നാണെന്നും അവരെയെല്ലാം ഒരേവിധം ആദരിക്കണമെന്നും അവരുടെ യഥാർഥ മതഗ്രന്ഥങ്ങളിൽ വിശ്വസിക്കണമെന്നും ഖുർആൻ മുസ്ലിംകളെ ഉപദേശിക്കുന്നു. അപ്പോൾ അന്യമതസ്ഥരുടെ ആത്മീയതയെ ആത്മാർഥമായി ആദരിക്കുന്നതാണ് അഹ്മദികളുടെ പ്രാമാണിക നിലപാട്.

### അഹ്മദിയ്യാ ഖിലാഫത്ത് ഒരു ആത്മീയ സാമൂഹിക സ്ഥാപനം

ഇനി അഹ്മദിയ്യാ ജമാഅത്തിന്റെ ഘടനയും അതിന്റെ സാമൂഹിക വീക്ഷണത്തെ പറ്റിയും പറയുകയാണെങ്കിൽ അത് ഒരു

അധികാര സ്ഥാപനമല്ല. ആത്മീയ പ്രസ്ഥാനമാണ്. സമൂഹനിർമാണത്തിൽ രാഷ്ട്രത്തിന്റെ അധികാരത്തിലധിഷ്ഠിതമായ രീതിയല്ല ആത്മാവിനെ സ്പർശിക്കുന്ന മത ധാർമിക ഉദ്ബോധനങ്ങളാണ് അത് അവലംബിക്കുന്നത്. രാഷ്ട്രത്തിന്റെ ഘടനയോ ഉപകരണങ്ങളോ പ്രവർത്തന ശൈലിയോ അല്ല അഹ്മദിയ്യാ ജമാഅത്തിനുള്ളത്. ദേശീയതയല്ല അതിരുകളില്ലാത്ത അന്തർദേശീയതയാണ് അഹ്മദിയ്യാ ജമാഅത്ത് വിഭാവന ചെയ്യുന്നത്. രാഷ്ട്രത്തിന്റെ സമ്മർദ സ്വഭാവമുള്ള ഉപകരണങ്ങൾ അഹ്മദിയ്യാ ജമാഅത്തിന് അന്യമാണ്. ഭൂരിപക്ഷം അഹ്മദികളുള്ള രാജ്യം വന്നാലും അങ്ങനെയായിരിക്കും എന്ന് അഹ്മദിയ്യാ ഖലീഫമാർ വ്യക്തമാക്കിയിട്ടുണ്ട്. അതായത് അഹ്മദിയ്യാ ഖലീഫ ഭൗതികമായ ചെങ്കോലും സിംഹാസനവും സ്വീകരിക്കില്ല. പാർലമെന്റിന്റെ അധികാര സോപാനത്തിലല്ല വിശ്വാസികളുടെ ഹൃദയ സാമ്രാജ്യത്തിലായിരിക്കും അദ്ദേഹത്തിന്റെ സിംഹാസനം. അത്കൊണ്ട് തന്നെ അഹ്മദിയ്യാ ഖിലാഫത്തിന് രാഷ്ട്രങ്ങളുടെ നിർമിതിക്കാവശ്യമായ ദേശീയതയുടെയും കക്ഷിരാഷ്ട്രീയത്തിന്റെയും ആവശ്യമില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ഘടനയും പ്രവർത്തന രീതിയും വ്യത്യസ്തമാണെന്ന് മനസ്സിരുത്തി കാര്യങ്ങൾ ഗ്രഹിക്കുന്നവർക്ക് മനസ്സിലാവും. പ്രവാചക പ്രസ്ഥാനങ്ങളുടെ സ്വഭാവം ഈവിധമാണ്. ഖുർആൻ പറയുന്നു: ***'നിശ്ചയമായും മനുഷ്യ വംശത്തിന്റ ഗുണത്തിനായി നാം നിനക്ക് ഗ്രന്ഥത്തെ വെളിപ്പെടുത്തിതന്നിരിക്കുന്നു. ആർ സന്മാർഗത്തെ പിന്തുടരുന്നുവോ അത് അവന്റെ ആത്മാവിന്റെ നന്മക്കായി മാത്രം. വഴി തെറ്റുന്നവനാരോ അവൻ അവന്റെ തായ നാശത്തിലേക്കും. അവരുടെ മേൽ നീ ഒരു അധികാരസ്ഥനായി നിയോ ഗിക്കപ്പെട്ടിട്ടില്ല.' (39:42)*** അത്കൊണ്ട് അഹ്മദിയ്യാ ജമാഅത്തിനെ ഒരിക്കലും ഒരു രാഷ്ട്രീയ കക്ഷിയെ പോലെയോ രാഷ്ട്രീയ സ്ഥാപനത്തെപോലെയോ കരുതരുത്.

**അഹ്മദിയ്യാ ജമാഅത്തും മുസ്‌ലിം ലീഗും**

അത്യന്തം സങ്കീർണവും കലാപകലുഷിതവുമായ സവിശേഷമായ ഒരു രാഷ്ട്രീയ സാഹചര്യത്തിൽ അഹ്മദികളുടെ ജീവനും സ്വത്തിനും സുരക്ഷക്കും ജമാഅത്തിന് അതിന്റെ നിലനിൽപ്പിനും സുഖമമായ പ്രവർത്തനത്തിനും വേണ്ടി പ്രായോഗികതക്ക് മുൻതൂക്കം കൊടുത്ത് കൊണ്ട് എടുത്ത ഒരു തീരുമാനമായിരുന്നു മുസ്‌ലിംലീഗിനോട് ചേർന്ന് നിൽക്കാനും അതിന്റെ ആസ്ഥാനം പാകിസ്താനിലേക്ക് മാറ്റുക എന്നതും. അല്ലാതെ ലീഗിന്റെ പ്രത്യയശാസ്ത്രം സ്വീകരിച്ചതോ പിന്തുണച്ചതോ ആയിരുന്നില്ല. മുസ്‌ലിം ലീഗ് ദ്വിരാഷ്ട്രവാദമുയർത്തിയെങ്കിൽ അത് മുസ്‌ലിം ലീഗിന്റെ കാര്യം. അഹ്മദിയ്യാ ജമാഅത്തുമായി അതിനെ ബന്ധപ്പെടുത്തുന്നത് തെറ്റിദ്ധാരണാ ജനകമാണ്. ആ വാദത്തിന് വിരുദ്ധമായ ആശയമാണ് ജമാഅത്തിനുള്ളതെന്ന് നേരത്തെ വ്യക്തമാക്കിയല്ലോ. ഇന്നത്തെ പാകിസ്താൻ നിലകൊള്ളുന്ന ഭൂമേഖലയിലായിരുന്നു അഹ്മദിയ്യാ സമൂഹത്തിന്റെ ഭൂരിഭാഗവും നിലകൊണ്ടിരുന്നത്. ഹിന്ദുമുസ്‌ലിം വർഗീയ കലാപത്തിന്റെ ചുഴിക്കണ്ണായ പഞ്ചാബിലെ ഗുരുദാസ്പൂർ ജില്ലയിലെ ഖാദിയാനിലായിരുന്നു അഹ്മദിയ്യാ ജമാഅത്തിന്റെ ജന്മഗേഹവും ആസ്ഥാനവും. ഇന്ത്യാ പാക് അതിർത്തിയോട് ചേർന്ന ഖാദിയാൻ ഇന്ന് നമ്മുടെ പഞ്ചാബിലാണെങ്കിലും, വിഭജനവേളയിൽ ബൗണ്ടറി ക്കമ്മീഷന്റെ പ്രഖ്യാപനം വരുന്നത് വരെ ആ പ്രദേശവും പാകിസ്താനിൽ ചേരുമെന്നായിരുന്നു കരുതിയിരുന്നത്. ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിലുള്ള ധ്രുവീകരണം സംഘർഷാത്മകവും ഭയാനകവുമായി തീർന്ന ആ കാലം നാലുഭാഗത്തും കൂട്ടക്കൊലകളും കലാപങ്ങളും അരങ്ങേറി. ആ പ്രദേശത്ത് ജീവിച്ചിരുന്ന അഹ്മദികളടക്കം മുസ്‌ലിംകളെല്ലാം അവരുടെ ജീവന്റെ രക്ഷയ്ക്കും സമാധാന ജീവിതത്തിനും കൂടുതൽ സുരക്ഷിതമായ പാകിസ്താൻ ഭാഗത്തേക്ക് പോകുക എന്നതായിരുന്നു പ്രായോഗികം. ഒരു മുസ്‌ലിം പ്രസ്ഥാനമായ അഹ്മദിയ്യാ ജമാഅത്ത് മുസ്‌ലിംകൾക്കിടയിൽ പ്രവർത്തിക്കാൻ അഭിലഷിക്കുക സ്വഭാവികം. അല്ലാതെ മുസ്‌ലിം ലീഗിന്റെ ആശയം സ്വീകരിച്ചത് കൊണ്ടല്ല. അഹ്മദിയ്യാ ജമാഅത്തിന്റെയും ലീഗിന്റെയും ആദർശവും ലക്ഷ്യവും വ്യക്തിത്വവും തമ്മിൽ യാതൊരു താരതമ്യവുമില്ല.

**മുഹമ്മദലി ജിന്ന**

ദേശീയ സമരത്തിന്റെ ഒരു ഘട്ടത്തിൽ അഹ്മദിയ്യാ ജമാഅത്തും ലീഗുമായി സഹകരിച്ചത് പോലെ ലീഗും കോൺഗ്രസ്സും സഹകരിച്ചിട്ടുണ്ട്. അത് സംബന്ധിച്ച് പിന്നീട് പ്രതിപാദിക്കാം. അഹ്മദിയ്യാ ജമാഅത്തും ലീഗുമായുള്ള ബന്ധം കൂടുതൽ ശ്രദ്ധിക്കപ്പെടാൻ കാരണം പാകിസ്താൻ രൂപീകരണത്തിലും ലീഗിലും പങ്കു വഹിച്ച അഹ്മദിയായ സർ സഫറുല്ലാഹ് ഖാന്റെ സാന്നിദ്ധ്യം കൊണ്ടാണ്. അനിതര സാധാരണമായ പ്രതിഭയും പാണ്ഡിത്യവും കഴിവുമുണ്ടായിരുന്ന സഫറുല്ലാഹ് ഖാൻ ആയിരുന്നു പാകിസ്താന്റെ ആദ്യത്തെ വിദേശകാര്യ മന്ത്രി. ലീഗിലെ ബഹുഭൂരിപക്ഷം മുസ്‌ലിംകളും വിശ്വാസപരമായി കാഫിർ ആണെന്ന് കരുതുന്ന സർ സഫറുല്ലാഹ് ഖാനെ സർവേന്ത്യാ മുസ്‌ലിം ലീഗ് 1931-32 വർഷത്തിൽ അവരുടെ പ്രസിഡന്റായും തിരഞ്ഞെടുക്കുകയുണ്ടായി. വാസ്തവത്തിൽ ജിന്ന സഫറുല്ലാഹ് ഖാനെ കണ്ടെത്തുകയായിരുന്നു. ജിന്നയുടെ അധൃഷ്യ വ്യക്തിത്വത്തിന് മുമ്പിൽ മതയാഥാസ്ഥിതിക ത്വത്തിന്റെ പിന്തിരിപ്പത്തരം വിലപ്പോയില്ല. ലീഗ് ആശയാധിഷ്ഠിത പാർട്ടിയായിരുന്നില്ല. ജിന്നയുടെ നിലപാടുകളനുസരിച്ചാണ് ആ പാർട്ടി മുന്നോട്ട് പോയത്. അത് കൊണ്ട് ജിന്നയെ കുറിച്ച് പരാമർശിക്കുന്നത് ഉചിതമായിരിക്കും.

ദാദാഭായ് നവറോജിയുടെയും ഗോപാല കൃഷ്ണ ഗോഖലെ യുടെയും ശിഷ്യനായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ 1904 മുതൽ

ജിന്ന പ്രവർത്തനമാരംഭിച്ചിരുന്നു. കടുത്ത സെക്കുലരിസ്റ്റായിരുന്നു ജിന്ന. . 1906 ൽ മതസാംസ്കാരിക സംഘടനയായി മുസ്‌ലിം ലീഗ് രൂപികരിക്കപ്പെടുമ്പോൾ ജിന്ന കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനും ലീഗിന്റെ പ്രതിയോഗിയുമായിരുന്നു. മുൻ കേന്ദ്ര മന്ത്രി ജസ്വന്ത് സിങ്ങ് എഴുതിയ പുസ്തകത്തിൽ ലീഗിന്റെ സ്ഥാപക നേതാക്കളിലൊരാളും ആദ്യ പ്രസിഡന്റുമായിരുന്ന ആഖാ ഖാന്റെ ആത്മകഥയിൽ നിന്നും ഉദ്ധരിക്കുന്നത് കാണുക. *'നമ്മുടെ വീറുറ്റ പ്രതിയോഗി ആരായിരുന്നെന്നോ? നമ്മോട് സൗഹൃദത്തിൽ വർത്തിച്ചിരുന്ന ബോംബേയിലെ പ്രഗല്ഭ അഭിഭാഷകനായിരുന്നു (ജിന്ന). ഈ ഘട്ടത്തിൽ ഞാനും എന്റെ സുഹൃത്തുക്കളും പ്രവർത്തിച്ചതിനേയും ശ്രമിച്ചതിനേയുമെല്ലാം അദ്ദേഹം എതിർത്തു. ഈ നിലപാട് സ്വീകരിച്ച ഒരേയൊരു മുസ്‌ലിം അദ്ദേഹമായിരുന്നു.'* (Jinnah: India - Patrition Indipendence. P.81 By Jaswant sing ) മുസ്‌ലിം പ്രാതിനിധ്യം ഏറ്റെടുത്ത് ആഖാഖാന്റെ നേതൃത്വത്തിൽ ലീഗ് പ്രതിനിധികൾ വൈസ്റോയി മിൻടോ മോർലിയെ സന്ദർശിച്ചതിനേയും മുസ്‌ലിംകൾക്ക് പ്രത്യേക നിയോജക മണ്ഡലം അനുവദിച്ചതിനേയും ജിന്ന നിശിതമായി വിമർശിക്കുകയുണ്ടായി. 1912 ലാണ് അദ്ദേഹം മുസ്‌ലിം ലീഗിൽ അംഗമാവുന്നത് എന്നിട്ടും കോൺഗ്രസ്സ് അംഗത്വം അദ്ദേഹം ഉപേക്ഷിച്ചില്ല. 1914 ൽ ബ്രിട്ടനിലേക്കുള്ള കോൺഗ്രസ്സ് പ്രതിനിധി സംഘത്തെ നയിച്ചത് ജിന്നയായിരുന്നു. ഇന്ത്യാ സെക്രട്ടറിയുടെ കൗൺസിലിൽ (ഇന്നത്തെ ക്രേന്ദ്രമന്ത്രിസഭക്ക് തുല്യം) തെരഞ്ഞടുക്കപ്പെട്ട ഇന്ത്യക്കാരെ ചേർക്കണം എന്ന കോൺഗ്രസ്സ് നിർദേശം അദ്ദേഹമാണ് ബ്രിട്ടീഷ് ഗവൺമെന്റിന് സമർപ്പിച്ചത്. പിന്നീട് കോൺഗ്രസ്സിനെയും ലീഗിനേയും ഒന്നിപ്പിക്കാനുള്ള കൊണ്ട്പിടിച്ച ശ്രമമായിരുന്നു ജിന്ന നടത്തിയത്. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ സുവർണ സ്മരണയായി തീർന്ന 1916 ലെ ലക്നോ പാക്റ്റ് എന്നറിയപ്പെട്ട കോൺഗ്രസ്സ് ലീഗ് സഖ്യത്തിന്റെ മുഖ്യശിൽപ്പി ജിന്നയായിരുന്നു. ലക്നോ പാക്റ്റിനെ കുറിച്ച് ജവഹർ ലാൽ നെഹ്റു എഴുതുന്നു:

*'1916 ലെ ലക്നോ കോൺഗ്രസ്സ് മറ്റൊരു കാരണംകൊണ്ടു കൂടി സ്മരണീയമായിതീർന്നിട്ടുണ്ട്. ഒരു ഹിന്ദു മുസ്‌ലിം കാര്യമാണത്. കോൺഗ്രസ്സ് എന്നും ദേശീയാടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്ന ഒരു സ്ഥാപനമാണ്. എങ്കിലും അതിലുള്ള ഹിന്ദുക്കളുടെ വമ്പിച്ച ഭൂരിപക്ഷം കാരണം അനുഭവത്തിൽ അത് ഒരു ഹിന്ദു സംഘടനയായിരുന്നു. ലക്നോസമ്മേളനത്തിൽ വെച്ച് ഇന്ത്യയുടെ ഭാവി ഭരണഘടനയെ സംബന്ധിച്ച് ഇരുവരും (കോൺഗ്രസ്സുംലീഗും) തമ്മിൽ ഒരു യോജിപ്പുണ്ടായി. കോൺഗ്രസ്സ് ലീഗ് സ്കീം എന്ന് വിളിക്കപ്പെട്ട ഈ പദ്ധതിയിൽ മറ്റു പല കാര്യങ്ങളുടെയും കൂട്ടത്തിൽ മുസ്‌ലിം ന്യൂനപക്ഷങ്ങൾക്ക് സംവരണം ചെയ്യേണ്ട സ്ഥാപനങ്ങളുടെ തോതും നിർവചിച്ചിരുന്നു. ഇതോടെ ഈ കോൺഗ്രസ്സ് ലീഗ് സ്കീം ഒരു സംയുക്ത പരിപാടിയെന്ന നിലയിൽ രാജ്യത്തിന്റെ പൊതു ആവശ്യമായി അംഗീകരിക്കപ്പെട്ടു. അന്നത്തെ രാഷ്ട്രീയ ബോധമുള്ള ഏക വിഭാഗമായിരുന്ന ഇടത്തരക്കാരുടെ മുഴുവൻ ആവശ്യമായി തീർന്നു ഇത്. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രക്ഷോഭണം വളർന്നു ശക്തിപ്പെടാൻ തുടങ്ങി' (വിശ്വചരിത്രാ വലോകം.- നെഹ്റു. പേ. 925)*

ലക്നോ പാക്റ്റിന്റെ ഫലമായി കോൺഗ്രസ്സ് ലീഗ് സമ്മേളനങ്ങൾ ഒരേ പന്തലിൽ വെച്ച് നടക്കുന്ന അവസ്ഥ സംജാതമായി. ഹിന്ദു മുസ്‌ലിം ഐക്യവും ബലപ്പെട്ടു. അതുകൊണ്ടാണ് ഇന്ത്യയുടെ വാനമ്പാടി എന്ന് കീർത്തികേട്ട സരോജിനി നായിഡു ജിന്നയെ 'ഹിന്ദു മുസ്‌ലിം ഐക്യത്തിന്റെ അംബാസഡർ' എന്ന് വിളിച്ചത്.

**ഖിലാഫത്ത് പ്രക്ഷോഭണം**

ജിന്ന കോൺഗ്രസ്സുമായി തെറ്റിപിരിയാനുണ്ടായ കാരണം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ നെടുനായകത്വം വഹിച്ചത് കോൺഗ്രസ്സ് ആയിരുന്നുവല്ലോ. മതേതര മൂല്യങ്ങൾക്ക് മാതൃകയായിതീരേണ്ട കോൺഗ്രസ്സ് ഖിലാഫത്ത് പ്രക്ഷോഭണത്തിന് നൽകിയ പിന്തുണയാണ് മതേതരനായ ജിന്നയെ കോൺഗ്രസ്സിൽ നിന്നും എന്നന്നേക്കുമായി അകറ്റിക്കളഞ്ഞത്. വാസ്തവത്തിൽ ഖിലാഫത്ത് പ്രക്ഷോഭണത്തിന് കോൺഗ്രസ്സ് ഏറ്റെടുത്തതിന്റെ യുക്തിയും സാംഗത്യവും വളരെയേറേ ചോദ്യം ചെയ്യപ്പെട്ട വിഷയമാണ്. അത് ഇന്ത്യൻ ദേശീയതയുടെ സെക്കുലർ ധാരക്ക് ഉണ്ടാക്കിയ പ്രത്യഘാതങ്ങൾ വൻ വിമർശനങ്ങൾക്ക് വിധേയമായി. കോൺഗ്രസ്സിന്റെ രാഷ്ട്രീയ ചരിത്രത്തിലെ പിഴവായി അത് വിലയിരുത്തപ്പെടുന്നു. ഭരണഘടനാമാർഗങ്ങളിലൂടെയുമുള്ള നിയമ പോരാട്ടത്തിന്റെ വഴിയിൽ നിന്നും ജിന്ന ഒരു കാലത്തും വ്യതിചലിച്ചിരുന്നില്ല. ഗാന്ധിജിയുടെ സിവിൽ നിസ്സഹകരണനിയമലംഘന പ്രസ്ഥാനം ഖിലാഫത്ത് പ്രക്ഷോഭണങ്ങളുമായി കൂട്ടികെട്ടിയതിനെ ജിന്ന രൂക്ഷമായ ഭാഷയിലാണ് വിമർശിച്ചത്. ഖിലാഫത്ത് മുസ്‌ലിംകൾ ഒരു മത രാഷ്ട്രീയ ഭരണമായിട്ടാണ് കണ്ടിരുന്നത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ അത് ഉണ്ടാക്കാവുന്ന പ്രത്യഘാതങ്ങളുടെ സ്ഫോടക ശേഷി ജിന്ന മുൻകൂട്ടി കണ്ടിരുന്നയത്ര അളവിൽ ഗാന്ധിജി കണ്ടിരുന്നിരിക്കാനിടയില്ല. രാഷ്ട്രീയത്തെ വർഗീയ വത്ക്കരണത്തിന് ആക്കം കൂട്ടാനും പാകിസ്താൻ വാദം ശക്തിപ്പെടാനും ഇടയാക്കിയത് ഖിലാഫത്ത് പ്രക്ഷോഭണമാണ് എന്ന് വ്യക്തമാണ്. ദേശീയ പ്രസ്ഥാനത്തിലേക്ക് മുസ്‌ലിം ജനസാമാന്യത്തെ ആകർഷിക്കാനും മുസ്‌ലിം ലീഗിന്റെ പ്രഭാവത്തിന് മങ്ങലേൽപ്പിക്കാനും ഉദ്ദേശിച്ചായിരുന്നുഗാന്ധിജി ഖിലാഫത്ത് പ്രക്ഷോഭണത്തെ കോൺഗ്രസ്സുമായി കൂട്ടികെട്ടിയത്. ഗാന്ധിജിയുടെ തന്ത്രം ഫലിച്ചു. മുസ്‌ലിംകൾ വൻ പ്രവാഹമായി ദേശീയ സമരത്തിൽ

വന്നു ചേർന്നു.

പക്ഷേ മുസ്‌ലിംകളിൽ ഉള്ളടങ്ങിക്കിടന്ന ജിഹാദ് എന്ന മാരകമായ മതവികാരം ഭരണവികാരവും ഖിലാഫത്ത് സമരവുമായി മിശ്രണം ചെയ്ത് പലസ്ഥലങ്ങളിലും ആളിക്കത്തുകയുണ്ടായി. മുസ്‌ലിംകൾക്ക് ഏറ്റവും സുപരിചിതമായ മതസമരം ജിഹാദ് ആയിരുന്നു. എല്ലാ കാലത്തും സമാധാനത്തിനും അഹിംസക്കും വേണ്ടി നിലകൊണ്ടിരുന്ന ദേശീയ പ്രസ്ഥാനത്തിന്റെ ഏറ്റവും ആദരണീയനായ ഗാന്ധിജിയിൽ നിന്ന് മുസ്‌ലിംകളുടെ മതസമര വികാരം ഉദ്ദീപിപ്പിക്കുന്ന രീതിയിൽ പോലും ആഹ്വാനമുണ്ടായി. ഗാന്ധിജിയുടെ പ്രസംഗം നോക്കൂ: ***'ഏഴു കോടി മുസൽമാന്മാരോട് ബ്രിട്ടീഷ് ഗവൺമെന്റ് അനീതി കാണിച്ചിരിക്കുന്നു. തുർക്കിയിലെ ഖലീഫ മുഹമ്മദ് നബിയുടെ അനന്തരാവകാശിയാണ്. ലോകത്തിലെ എല്ലാ മുസൽമാന്മാരുടേയും മതപരവും ആത്മീയവുമായ നേതാവാണ് അദ്ദേഹം. എന്നിരിക്കേ ഖിലാഫത്ത് നിർത്തലാക്കൽ മുസൽമാന്മാരുടെ വിശ്വാസത്തിനെതിരായി ചെയ്ത അനീതിയാണ്. അതിനാൽ ബ്രിട്ടീഷ് ഗവർമെന്റുമായി നിസ്സഹകരിക്കേണ്ടത് എല്ലാ മുസൽമാന്മാരുടേയും കടമയാണ്. ഹിന്ദുക്കൾ തങ്ങളുടെ സഹോദരന്മാരായ മുസൽമാന്മാരോട് തോളോട്തോൾ ചേർന്ന് ഖിലാഫത്ത് പ്രസ്ഥാനത്തെ വിജയിപ്പിക്കണം. ഖിലാഫത്ത് പ്രസ്ഥാനം നിസ്സഹകരണം കൊണ്ട് മാത്രം ഫലപ്രഥമാകുന്നില്ലെങ്കിൽ, മുസൽമാന്മാർ ഖുർആനിൽ പറഞ്ഞിരിക്കുന്ന മുസ്‌ലിംകളുടെ ബാദ്ധ്യതകൾക്കനുസൃതമായി ഇസ്‌ലാമിനെ രക്ഷിക്കാനായി ഗവൺമെന്റുമായി സമരം ചെയ്യണം' (The Hindu 1920 August 21)*** കോഴിക്കോട് കടപ്പുറത്ത് വെച്ച് സദുദ്ദേശത്തോടെ ഗാന്ധിജി നടത്തിയ ഈ മതസമരാഹ്വാനത്തിന് മലബാറിൽ നിന്ന് തന്നെ രക്തപങ്കിലമായ പ്രതികരണമുണ്ടായി. ആലി മുസലിയാർ ഖലീഫയായി പ്രഖ്യാപിക്കപ്പെടുകയും രക്തരൂക്ഷിതമായ സമരങ്ങളും സംഘട്ടനങ്ങളും വാഗൺ ട്രാജഡി പോലെയുള്ള ദുരന്തങ്ങളുമുണ്ടായി. ഖിലാഫത്ത് പ്രസ്ഥാനത്തിനുണ്ടായ സംഹാരാത്മകവും ദുരന്തപൂർണവുമായ ഈ പരിണിതി കേരളീയരായ നാം അടുത്ത് നിന്ന് കണ്ടതാണല്ലോ. ലീഗിന്റെ വേദിയിൽ പോലും ഖിലാഫത്ത് പ്രക്ഷോഭണത്തെ തള്ളി പറഞ്ഞ ജിന്ന കടുത്തരീയിൽ ഒറ്റപ്പെട്ടു.

ഡൽഹി ജെ എൻ യുവിലെ ഡോ. അജിത് ജാവേദ് എഴുതുന്നു: ***'രാഷ്ട്രീയ പ്രശ്നങ്ങളോട് മതേതര സമീപനമായിരുന്നു ജിന്ന പുലർത്തിയത്. അത്കൊണ്ടാണ് ഖിലാഫത്ത് പ്രക്ഷോഭണത്തെ ജിന്ന എതിർത്തത്. അതൊരു കപടമതഭ്രാന്താണെന്നും ഇന്ത്യക്ക് അത്കൊണ്ട് നേട്ടമൊന്നുമുണ്ടാകില്ലെന്നും അദ്ദേഹം വിശ്വസിച്ചു. മതപരമായ സമീപനം പ്രതിലോമപരമാണെന്നും ഇന്ത്യൻ സമൂഹത്തെഭിന്നിപ്പിക്കുമെന്നും ചൂണ്ടിക്കാണിച്ചു. ഖിലാഫത്ത് ഇന്ത്യയെ സ്പർശിക്കുന്നതല്ലെന്നും അതുകൊണ്ട് അതിൽ പങ്കുചേരരുതെന്നും 1918 ലെ ലീഗ് സമ്മേളനത്തിൽ വെച്ചു മുസ്‌ലിം ലീഗുകാർക്കും മുന്നറിയിപ്പു നൽകി. പക്ഷേ ബഹുഭൂരിപക്ഷവും അതിനോട് യോജിച്ചില്ല. ജിന്നയും മഹ്മൂദാബാദ് രാജയും യോഗത്തിൽ നിന്നും ഇറങ്ങിപ്പോയി' (മുഹമ്മദലി ജിന്ന അറിപ്പെടാത്ത മുഖം - അജീത് ജാവേദ്. വിവ: എം.പി. സദാശിവൻ. പേ. 73)***

ഖിലാഫത്ത് പ്രക്ഷോഭണത്തിന്റെ അത്യന്തം ഭീബത്സമായ മറ്റൊരു മുഖം ഹിജ്റത്ത് പ്രസ്ഥാനമായിരുന്നു. ഗാന്ധിജിയുടെ ഖിലാഫത്ത് പ്രക്ഷോഭണ പ്രഖ്യാപനത്തെ തുടർന്ന് ഉലമാക്കന്മാർ തുർക്കി ഖലീഫക്കെതിരെ യുദ്ധം ചെയ്തു ബ്രിട്ടൻ ഭരിക്കുന്ന ഇന്ത്യ ദാറുൽ ഹർബ് (ശത്രു രാജ്യം) ആണെന്ന് പ്രഖ്യാപിച്ചു ഇന്ത്യയിൽ ജീവിക്കൽ മുസ്‌ലിംകൾക്ക് ഹറാമാണെന്ന് ഫത്‌വയിറക്കി. അതേസമയം അറബ് ജനത മുഴുവനും ബ്രിട്ടന്റെ പക്ഷം ചേർന്ന് തുർക്കിക്കെതിരെ യുദ്ധത്തിലേർപ്പെട്ടിരിക്കുകയാണെന്നും നാം ഓർക്കണം. മുസ്‌ലിം ലീഗ് നേതാവ് ജി. എം. ബനാത്ത്‌വാല അത് സംബന്ധിച്ച് എഴുതുന്നു .

***'ഖലീഫയെ സംരക്ഷിക്കാൻ വേണ്ടിയുള്ള ജിഹാദ് മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം നിർബന്ധമാണെന്ന് മൗലാനാ അബുൾ കലാം ആസാദ് വാദിച്ചു. ഒരു ഫത് വയിൽ ഇന്ത്യദാറുൽ ഹർബ് ആയി പ്രഖ്യാപിക്കപ്പെട്ടു. ഏതാണ്ട് അഞ്ചു ലക്ഷം മുതൽ ഇരുപത് ലക്ഷം വരെ വരുന്ന ആളുകൾ ദാറുൽ ഇസ്‌ലാ മായ അഫ്ഘാനിസ്ഥാനിലേക്ക് ഹിജ്റ പോകുന്ന പ്രതിഭാസത്തിന് ലോകം നടുക്കത്തോടെയാണ് സാക്ഷ്യം വഹിച്ചത്. ഇന്ത്യയിൽ നിന്ന് ഹിജ്റ പോകാൻ ആഹ്വാനം ചെയ്യുന്ന ഫത്‌വയെ തുടർന്നായിരു ന്നു ഈ പലായനം. കുടുംബം മുഴുവൻ***

## ദുനിയാവ് ഒരു വഴിയമ്പലം

അബ്ദുല്ല (റ) നിവേദനം: നബി(സ) എന്റെ ചുമല് പിടിച്ച് കൊണ്ട് പറഞ്ഞു: നീ ഈ ദുൻയാവിൽ ഒരു അപരിചിതനെപ്പോലെയാകുക. അല്ലെങ്കിൽ ഒരു വഴിയാത്രക്കാരനെപ്പോലെ. ഇബ്നുഉമർ(റ)പറയാറുണ്ട് നീ വൈകുന്നേരത്തിൽ പ്രവേശിച്ചാൽ പ്രഭാതത്തെയും പ്രഭാതത്തിൽ പ്രവേശിച്ചാൽവൈകുന്നേരവും പ്രതീക്ഷിക്കരുത്. നിന്റെ ആരോഗ്യത്തിൽ നിന്റെ രോഗത്തിനു വേണ്ടി നീ സമ്പാദിക്കുക. നിന്റെ ജീവിതത്തിൽ നിന്റെ മരണത്തിനു വേണ്ടിയും. **(ബുഖാരി)**

*എന്നല്ല ഗ്രാമം മുഴുവൻ ഹിജ്റ പോയി, അത്രകണ്ടുണ്ടായിരുന്നു ഈ ഫത്വയുടെ സ്വാധീനം. നിസ്സഹകരണ പ്രസ്ഥാനം നിയമ ലംഘനം-ഇത്തരം സമരതന്ത്രങ്ങൾക്കെല്ലാം ഫത്വയുടെ പിന്തുണയുണ്ടായിരുന്നു. 117 പണ്ഡിതന്മാരോടൊപ്പം ചേർന്ന് മൗലാനാ അബ്ദുൾ ബാരി ഒപ്പിട്ട് പുറപ്പെടുവിച്ച പ്രശസ്തമായ 'മുത്തഫിഖു ഫത്വ' ബ്രിട്ടീഷുകാരോടുള്ള നിസ്സഹകരണം മുസ്ലിംകൾക്ക് നിർബന്ധ ചുമതലയാണെന്ന് വിധിയെഴുതി. വിദേശ സാധനങ്ങൾ മുസ്ലിംകൾ ബഹിഷ്ക്കരിച്ചത് രാഷ്ട്രീയ സാമ്പത്തികായുധം എന്ന നിലയിൽ മാത്രമല്ല മത ശാസനകൾ പൂർത്തിയാക്കുന്നതിന്റെ ഭാഗവുമായാണ്. മതപണ്ഡിതന്മാർ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ വിജയത്തിന് വേണ്ടി വ്യാപകമായി സഞ്ചരിക്കുകയും കഷ്ടപ്പാടുകൾ സഹിക്കുകയും ചെയ്തിരുന്നു ശൈഖുൽ ഇസ്ലാം മൗലാനാ മഹ്മൂദ് ഹസ്സൻ, അലി സഹോദരന്മാർ തുടങ്ങിയ മത പണ്ഡിതരെ പരാമർശിക്കാതെ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ചരിത്രം എഴുതാനാവില്ല. ഖിലാഫത്ത് പ്രസ്ഥാനത്തോട് കടുത്ത എതിർപ്പുള്ള പണ്ഡിതന്മാരും ഉണ്ടായിരുന്നു. മൗലാനാ അഷ്റഫ് അലി താനവിയും ബറേലിയിലെ മൗലാനാ റസാഖാനും ഫിറങ്കി മഹല്ലിൽ ബഹറുൽ ഉലൂം പാർട്ടിയും മുതഫിഖ് ഫത്വയെ എതിർത്ത വരാണ്. (G. M.Banathwala - Religion and Politics in India page 59 . ഉദ്ധരണം 'മുസ്ലിം രാഷ്ട്രീയത്തിന്റെ നൂറ് വർഷങ്ങൾ'. എം. സി വടകര പേജ്. 109)*

### ഗാന്ധിജിയുടെ നിലപാടുകൾ

ദലിതരുടെ വിമോചനത്തിനും അവരുടെ ക്ഷേമത്തിനും വേണ്ടി ഗാന്ധിജി ചെയ്ത സേവനം മറക്കാൻ ആർക്കും സാദ്ധ്യമല്ല. അയിത്തോച്ചാടനവും ഹരിജനോദ്ധരണവും ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമാക്കിയതിന്റെ ഖ്യാതി ഗാന്ധിജിക്കുള്ള താണെന്നതിൽ സന്ദേഹമില്ല. അപ്രകാരം തന്നെ ഇന്ത്യയിലെ അധസ്ഥിതജനകോടികളോട് ജിന്നകാട്ടിയ അനുഭാവം സുവിമാണ്. ഈ പാവങ്ങളെ ജിന്ന ഒരിക്കലും കൈവെടിഞ്ഞിട്ടുണ്ടാ യിരുന്നില്ല. നിർഭാഗ്യകരമെന്ന് പറയട്ടെ ജാതിശ്രേണിയിൽ വിശ്വ സിച്ച ഗാന്ധിജിയുടെ പ്രവർത്തന ങ്ങളെ കുറിച്ചുള്ള വിപ്രതിപത്തിയും ജിന്നയോടുള്ള പ്രതിപത്തിയും അംബേദ്കർ അടക്കമുള്ള ദലിത് നേതാക്കന്മാർ പ്രകടിപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കേരളത്തിലെ ദലിത് നേതാവായിരുന്ന കല്ലറ സുകുമാരന്റെ അഭിപ്രായത്തോട് ഈ ലേഖകൻ യോജിക്കുന്നില്ലെങ്കിലും ജിന്നയുടെ ദലിത് ആഭിമുഖ്യം സൂചിപ്പിക്കാൻ കല്ലറ സുകുമാരനെ ഇവിടെ ഉദ്ധരിക്കാം. അദ്ദേഹം എഴുതുന്നു.

*'രണ്ടാം വട്ടമേശ സമ്മേളനത്തിൽ വെച്ച് അയിത്ത ജാതിക്കാരുടെ വോട്ടവകാശ വാദത്തെ എതിർക്കാൻ തയ്യാറാകുന്ന പക്ഷം ലീഗ് ഉന്നയിച്ച പതിനാല് ആവശ്യങ്ങളും പരിഗണിക്കാമെന്ന് വിശുദ്ധ ഖുർആന്റെ പരിഭാഷയുമായി ചെന്ന് ലീഗ് നേതാക്കളെക്കണ്ട് ഗാന്ധി പറഞ്ഞു. എന്നാൽ മുസ്ലിമിന്റെ യാതൊരു ആവശ്യങ്ങളും പരിഗണിച്ചില്ലെങ്കിലും അധകൃതരുടെ വോട്ടവകാശം അംഗീകരിച്ചു കൊടുക്കണമെന്ന് മറുപടി പറഞ്ഞുവിട്ട മുഹമ്മദലി ജിന്ന രാജ്യദ്രോഹിയും അയിത്ത ജാതിക്കാർക്ക് വോട്ടവകാശം കൊടുത്താൽ ജീവൻ വെടിയുമെന്ന് പ്രഖ്യാപിച്ച ഗാന്ധി രാഷ്ട്രപിതാവുമായിതീർന്ന മണ്ണിലാണ് നാം ജീവിക്കുന്നത്' (കല്ലറ സുകുമാരൻ - മർദിതരുടെ മോചനം ഇന്ത്യയിൽ. ഉദ്ധരണം-മുസ്ലിം രാഷ്ട്രീയത്തിന്റെ നൂറ് വർഷങ്ങൾ- എം. സി. വടകര പേ. 144)*

ഇന്ത്യൻ രാഷ്ട്ര സങ്കൽപ്പത്തെക്കുറിച്ചുണ്ടായ മറ്റൊരു തെറ്റിദ്ധാരണ ഇന്ത്യ രാമരാജ്യമായിരിക്കും എന്ന ഗാന്ധിജിയുടെ പ്രസ്താവനയാണ്. കാരശ്ശേരിയുടെ പുസ്തകത്തിൽ അക്കാര്യം ചർച്ചചെയ്യുന്നുണ്ട്. ഗാന്ധിജിയുടെ രാഷ്ട്രീയ പ്രവർത്തനവും ആദർശവും പിന്നീട് ഗാന്ധിജി തന്നെ രാമരാജ്യത്തിന് നൽകിയ വിശദീകരണവും വെച്ചു നോക്കുമ്പോൾ വളരെ നിഷ്ക്കളങ്കവും സദുദ്ദേശപരവുമായ പ്രസ്താവനയാണ് രാഷ്ട്രപിതാവ് നടത്തിയത് എന്നതിൽ തർക്കമില്ല. ഹദ്റത്ത് ഉമറിന്റെ ഭരണമാണ് ഇന്ത്യയിൽ വരേണ്ടതെന്ന് പറഞ്ഞ ഗാന്ധിജി ഒരിക്കലും സഖാവ് ഇ. എം. എസ് വിശേഷിപ്പിച്ചത് പോലെ മതമൗലിക വാദിയാകാൻ സാദ്ധ്യമല്ല. പക്ഷേ ആധുനിക ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയെ ഒരു മതപ്രതീകമോ മതപുരുഷന്റെ നാമമോ ചേർത്ത് വിശേഷിപ്പിക്കുന്നത് പ്രാഥമികമായി ആശയക്കുഴപ്പമുണ്ടാക്കുന്നതും ബഹുസ്വര സമൂഹമുള്ള ഒരു സെക്കുലർ സ്റ്റേറ്റിന്റെ ഉത്തമ താൽപര്യങ്ങൾക്ക് നിരക്കാത്തതുമാണ്. ഇന്ത്യ ക്ഷേമരാഷ്ട്രമായിരിക്കുമെന്നോ ജനാധിപത്യ രാഷ്ട്രമായിരിക്കുമെന്നോ സോഷ്യലിസ്റ്റ് രാജ്യമായിരിക്കുമെന്നോ പറഞ്ഞാൽ ഈ കുഴപ്പമുണ്ടാകുമായിരുന്നില്ല. അങ്ങനെയാണെങ്കിൽ ഹുക്കൂമത്തെ ഇലാഹിക്കാരായ ജമാഅത്തെ ഇസ്ലാമിയുടെയും ഹിന്ദുരാഷ്ട്ര വാദികളായ സംഘ്പരിവാറിന്റേയും ദുർവ്യാഖ്യ ങ്ങളുംകാരശ്ശേരിയേ പോലുള്ള വർ മറുപടി പറഞ്ഞ് ബുദ്ധിമുട്ടുന്നതും ഒഴിവാക്കാമായിരുന്നു. പണ്ട് മാർത്താണ്ഡവർമ മഹാരാജാവ് ശ്രീ പത്മനാഭന് തൃപ്പടിദാനം നൽകി തിരുവി താംകൂറിനെ ദൈവരാജ്യമാക്കിയത് പോലെയല്ല ഭരണഘടനാനുസൃതമായ ആധുനിക സെക്കുലർ രാജ്യത്തിന്ന് അത്തരം നാമകരണം നടത്തുന്നത്. അത് മതേതരത്വം സ്വീകരിച്ച ഒരു ആധുനിക രാജ്യ ത്തിന് നിരക്കുന്നതല്ല. മതദേശീയ വാദിയായി ചിത്രീകരിക്കപ്പെടുന്ന ജിന്ന പാകിസ്താന് നൽകിയ പേര് 'പീപ്പിൾസ് റിപ്പബ്ളിക്ക് ഓഫ് പാകിസ്താൻ' എന്നായിരുന്നു. പാകിസ്താനിൽ പിന്നീട് വന്ന മതപ്പാർട്ടികളാണ് 'ഇസ്ലാമിക് റിപ്പബ്ളിക്ക് ഓഫ് പാകിസ്താൻ 'എന്ന പേര് നൽകിയത് എന്ന് നാം ഓർക്കണം.

രാഷ്ട്രം ഒരു അധികാര സ്വരൂ

പമാണ്. അത് പൂർണമായും സെക്കുലരായിരിക്കണം. മതസിംബലുകളുപയോഗിച്ച് രാഷ്ട്രത്തെ വിശേഷിപ്പിക്കുമ്പോൾ ആദ്യം ഇല്ലാതാവുന്നത് ഈ സെക്കുലർ പരിവേഷമാണ്. ജനാധിപത്യത്തിൽ രാഷ്ട്രം മാത്രമാണ് സെക്കുലറായിരിക്കുന്നത്. കമ്മ്യൂണിസ്റ്റ് രാജ്യങ്ങൾ ചെയ്തത് പോലെ ജനങ്ങളെ സെക്കുലറൈസ് ചെയ്യാൻ പാടില്ല. അത് ഫാസിസ്റ്റ് രീതിയാണ്. ജനാധിപത്യത്തിൽ ജനസമൂഹങ്ങൾക്ക് മതവും സംസ്കാരവുമാകാം. ദേശീയ സാംസ്കാരിക മണ്ഡലങ്ങളിൽ അത് പ്രതിഫലിക്കുകയും ചെയ്യാം. പക്ഷേ അധികാരത്തിന്റെ മൂർത്തരൂപമായ രാഷ്ട്രം സെക്കുലറായിരിക്കണം അതിന് മതത്തിന്റെ യാതൊരു നിറവും നൽകാൻ പാടില്ല. സ്റ്റേറ്റിന്റെ നാമകരണം തന്നെ രാമരാജ്യം എന്ന് വരുമ്പോൾ അതാണ് സംഭവിക്കുന്നത്.

ഇന്ത്യൻ രാഷ്ട്രീയത്തിൽ മനം മടുത്ത ജിന്ന ലണ്ടനിലേക്ക് പോയി. അവിടെ പ്രവാസിയായി കഴിയുകയായിരുന്നു. ലണ്ടനിൽ വെച്ച് പാകിസ്താൻ ആശയത്തിന്റെ ആദ്യ പ്രണേതാവായിരുന്ന റഹ്മത്തലി ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ മുസ്‌ലിം പ്രദേശങ്ങളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ഇന്ത്യക്ക് ബദലായി കൊണ്ടുള്ള തന്റെ ദീനിയാ പദ്ധതി (INDIA എന്ന വാക്കിലെ അക്ഷരങ്ങൾ പുനക്രമീകരിച്ചതാണ് DINIA) ജിന്നക്ക് മുമ്പിൽ വെച്ചപ്പോൾ ജിന്ന അതിനെ പുച്ഛരിച്ച് തള്ളുകയായി രുന്നു. പിന്നീട് ഇന്ത്യയിൽ തിരിച്ചു വന്ന ജിന്ന പാകിസ്താന് വേണ്ടി വിട്ടുവീഴ്ച്ചയില്ലാതെ വാദിക്കുന്ന മുസ്‌ലിം ലീഗിന്റെ അനിഷേധ്യനായ നേതാവായാണ് കാണപ്പെട്ടത്. ദ്വിരാഷ്ട്രവാദത്തെയും ഇന്ത്യാ വിഭജനത്തയും അനുകൂലിച്ച് ആദ്യം പുസ്തകമെഴുതിയത് തീവ്ര ഹിന്ദു നേതാവായ വിനായക് ദാമോദർ സവർക്കറും ഹിന്ദുമഹാ സഭയുമായിരുന്നു. ഗാന്ധിവധത്തിൽ സവർക്കർ പ്രതിയായിട്ടുണ്ട്. മുസ്‌ലിം ലീഗിന് ദ്വിരാഷ്ട്ര വാദം പരിചയപ്പെടുത്തിയത് മഹാകവി സർ മുഹമ്മദ് ഇഖ്ബാലാണ്. സെക്കുലറിസ്റ്റും ജനാധിപത്യവാദിയുമായ ജിന്ന പാകിസ്താൻ വാദത്തിന് വേണ്ടി സമർഥമായി അത് ഉപയോഗപ്പെടുത്തുകയായിരുന്നു. പക്ഷേ ജിന്ന അകകാമ്പിൽ തന്നെ സെക്കുലറിസ്റ്റായിരുന്നു. പാകിസ്താൻ ലഭിച്ചതിന് ശേഷം ഭരണഘടനാ നിർമാണ സഭയിൽ വെച്ച് ജിന്ന ചെയ്ത പ്രസംഗത്തിൽ ദ്വിരാഷ്ട്ര വാദം ഉയർത്തിയതിന്റെ പാപ പരിഹാരം കാണാം. എല്ലാ മതസ്ഥർക്കും തുല്യസ്വാതന്ത്ര്യമാണ് ജിന്ന സ്വതന്ത്ര പാകിസ്താനിൽ വാഗ്ദാനം ചെയ്തത്.

**ഉപസംഹാരം**

ചുരുക്കത്തിൽ ദ്വിരാഷ്ട്ര വാദവുമായോ മുസ്‌ലിം ലീഗ് ഉയർത്തിയ സമുദായിക ദേശീയ തയുമായോ അവരുടെ ആശയങ്ങളുമായോ അന്തർ ദേശീയ സ്ഥാപനമായ അഹ്മദിയ്യാ പ്രസ്ഥാനത്തിന് യാതൊരു ബന്ധവുമില്ല. നിയമ ലംഘനവും നിസ്സഹകരണവും ഭരണഘടനാ വാദിയായ ജിന്ന ഒരിക്കലും അനുകൂലിച്ചിരുന്നില്ല. അഹ്മദിയ്യാ ജമാഅത്തും സാമൂഹിക പരിവർത്തനത്തിന് കൂടിയാലോചനയുടെ മാർഗമല്ലാതെ പ്രക്ഷോഭണത്തിന്റെ മാർഗത്തെ അനുകൂലിച്ചിരുന്നില്ല. ജിന്നയുടെ നൈതികവും ജനാധിപത്യപരവുമായ എല്ലാനല്ല തീരുമാനങ്ങളോടും മാത്രമാണ് അഹ്മദിയ്യാ ജമാഅത്ത് സഹകരിച്ചിരുന്നത്. ലീഗുമായി സഹകരിച്ച അഹ്മദികളെ പിന്നീട് മതമൗലിക വാദം സ്വീകരിച്ച പാകിസ്താൻ അവിടെ നിന്നും ചവിട്ടി പുറത്താക്കി എന്നാണ് കാരശ്ശേി എഴുതിയത്. ശരിയാണ് അതിന് മുമ്പ് പാകിസ്താൻ ആദ്യം ജിന്നയുടെ സെക്കുലറിസത്തെയും ജനാധിപത്യത്തെയുമാണ് ചവിട്ടിപുറത്താക്കിയത്. ഒരു ഘട്ടത്തിൽ ലീഗുമായി സഹകരി ച്ചതിന് അഹ്മദികൾക്ക് ലഭിച്ച ശിക്ഷയായിട്ടായിരിക്കാം കാരശ്ശേരി ഇത് പരാമർശിച്ചത്. ഒരു കാര്യം നാം ഓർക്കണം ഗാന്ധിജിയും കോൺഗ്രസ്സും വാങ്ങിച്ചുതന്ന ഇന്ത്യയിലും ഭാവിയിൽ അത്തരത്തിലുള്ള ചവിട്ടി പുറത്താക്കലുകളുണ്ടായേക്കാം. ഏതായാലും ശാസ്ത്ര സാങ്കേതിക രംഗം ലോകത്തെ ഒരു ഗ്രാമമായി ചുരുക്കിയിരിക്കുന്നു. ചോര തിളക്കുന്ന രീതിയിലുള്ള ദേശീയത ആധുനിക കാലത്ത് യാഥാസ്ഥിതികമായ ഒന്നാകാതിരിക്കാൻ നാം ശ്രദ്ധിക്കണം. അതിർത്തികൾ ഗൗനിക്കാത്ത നൈസർഗികതയുടെ ബലത്താൽ ജീവിക്കുന്ന പക്ഷികളും ജീവികളും മനുഷ്യരെ പോലെയുള്ള സമൂഹമാണെന്ന് ഖുർആൻ പറയുന്നുണ്ട്. ദേശാതിർത്തികൾ പ്രസക്തമല്ലാത്ത എല്ലാവരേയും ഉൾക്കൊള്ളുന്ന ആകാശം പോലെ വിശാലമായ സാർവജനീനമായ സാർവദേശീയതയാണ് ലോകസമൂഹത്തിന് ഇനി വേണ്ടത്. ഭാവിലോകം അത്തരത്തിലുള്ളതായി തീരട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം.

## കട ബാധ്യത

ഹദ്റത്ത് ആയിശ(റ) പറയുന്നു: നബി (സ) നമസ്കാരത്തിൽ ഇപ്രകാരം പ്രാർഥിക്കാറുണ്ട്.. അല്ലാഹുവേ! പാപത്തെ തൊട്ടും കടത്തെ തൊട്ടും ഞാൻ നിന്നോട് രക്ഷ തേടുന്നു. ഒരാൾ ചോദിച്ചു: പ്രവാചകരേ! താങ്കൾ കടത്തിൽ നിന്ന് രക്ഷ തേടുന്നതിനെ വർദ്ധിപ്പിക്കുന്നുവല്ലോ?! നബി(സ) അരുളി: തീർച്ചയായും ഒരു മനുഷ്യൻ കടക്കാരനായാൽ സംസാരിച്ചാൽ കളവ് പറയും. കരാർ ചെയ്താൽ ലംഘിക്കും. **(ബുഖാരി)**

# ആദമിന് മുമ്പും മനുഷ്യൻ ഉണ്ടായിരുന്നു

ഖാലിദ് സൈഫുല്ലാ ഖാൻ സിഡ്നി

13,000 വർഷങ്ങൾ പഴക്കമുള്ള തെന്നുകരുതപ്പെടുന്നതും ഏറ്റവും പുരാതനവുമായ ആയിക്കണക്കിന് കര കൗശലവസ്തുക്കളോടൊപ്പം 12,500 കാലടികൾ ചിലിയിൽ കണ്ടെത്തിയതായി ലണ്ടനിലെ ടെലിഗ്രാഫ് പത്രത്തെ ഉദ്ധരിച്ചുകൊണ്ട് ഒരു റിപ്പോർട്ട് സിഡ്നിയിലെ Morning Herald (12th February 1997) പ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. അമേരിക്കയിൽ പുരാതന മനുഷ്യൻ എപ്പോഴാണ് എത്തിചേർന്നത് എന്നതിനെ പറ്റിയുള്ള ചർച്ചകളിലാണ് ഈ കണ്ടുപിടുത്തം പരാമർശിക്കപ്പെട്ടത്. ചില മാസങ്ങൾക്ക് മുമ്പ് ആസ്ത്രേലിയയിലെ അബോറിജിൻ വർഗത്തിൽപെട്ട ആളുകൾ 14,000 വർഷങ്ങൾക്ക് മുമ്പ് അമേരിക്കയിൽ എത്തിച്ചേർന്നതായി ഒരു ആസ്ത്രേലിയൻ പത്രത്തിൽ റിപ്പോർട്ടുണ്ടായിരുന്നു. അതായത് അമേരിക്കയിൽ ആദ്യമെത്തിച്ചേർന്നവർ ആസ്ത്രേലിയക്കാരായിരുന്നു എന്നാണ് ആ പത്രത്തിന്റെ അവകാശവാദം. ചില നരവംശ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായ പ്രകാരം ആസ്ത്രേലിയൻ അബോറിജിനുകൾ അവിടെ ജീവിക്കാൻ തുടങ്ങിയിട്ട് 40,000 വർഷങ്ങൾ കഴിഞ്ഞിട്ടുണ്ട് സമീപകാലത്തെ ഒരു പഠന പ്രകാരം അവിടെ അവർ 176,000 വർഷങ്ങൾക്ക് മുമ്പ് ഹോമോ എറക്റ്റസ് ഘട്ടത്തിൽ ( Homo Erectus Stage) തന്നെ എത്തിയിട്ടുണ്ട്. അപ്രകാരം ആഫ്രിക്ക, മദ്ധ്യേഷ്യ, ജാവ, ആസ്ത്രേലിയ മുതലായ ഭൂമിയിലെ വിവിധ കേന്ദ്രങ്ങളിൽ മനുഷ്യജീവിതം ആരംഭിക്കുകയും ചെയ്തു. ആഫ്രിക്കയിൽ നിന്ന് മനുഷ്യ ജീവൻ ആരംഭിക്കുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് അത് പരക്കുകയും ചെയ്തു എന്ന സിദ്ധാന്തത്തിന് വിരുദ്ധമാണ് പല കേന്ദ്രങ്ങളിൽ നിന്നും മനുഷ്യ ജീവൻ ആരംഭിച്ചുവെന്ന ഈ സിദ്ധാന്തം. ഇത്തരത്തിലുള്ള നരവംശ ശാസ്ത്രപരവും പുരാവസ്തു ശാസ്ത്രപരവുമായ തെളിവുകൾ ആദമിന് മുമ്പ് തന്നെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മനുഷ്യാധിവാസമുണ്ടായിട്ടുണ്ട് എന്നാണ് തെളിയിക്കുന്നത്. ഭൂമിയിൽ സൃഷ്ടിക്കപ്പെട്ട ആദ്യമനുഷ്യനാണ് ആദം എന്ന ബൈബിളിലെ (ഉൽപത്തി1:26-28) പരാമർശത്തിന് എതിരാണ് ശാസ്ത്രത്തിന്റെ ഈ കണ്ടെത്തലുകൾ. വെളിപാടു ഗ്രന്ഥമാണെന്ന് കരുതുന്ന ബൈബിളിന്റെ ഈ പ്രസ്താവന ശാസ്ത്ര വസ്തുതകളുമായി ഒത്തു പോകുന്നതല്ല. ബൈബിളിന്റെ അനുയായികളിൽ ഇത് സംശയത്തിന്റെ നിഴൽ പരത്തുകയും അവർ നിരീശ്വര വാദത്തിലേക്കും ആജ്ഞേയ വാദത്തിലേക്കും തിരിയുകയും ചെയ്യുന്നു.

പക്ഷേ ഖുർആൻ നമ്മോട് പറയുന്നത് മറ്റൊരു കഥയാണ്. മേൽ പരാമർശിച്ച കണ്ടു പിടുത്തങ്ങൾ നടത്തുന്നതിന് മുമ്പ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞു: ***'ആദമിന് മുമ്പ് മനുഷ്യ സമൂഹം നിലനിന്നതായി ഞങ്ങൾ വിശ്വസിക്കുന്നു.'*** 1908 മെയ്18 ന് ഇംഗ്ലീഷുകാരനായ ഒരു ഗോള ശാസ്ത്രപണ്ഡിതൻ പ്രൊഫസർ റേയ്ഗ് ലാഹോറിൽ വെച്ച് വാഗ്ദത്ത മസീഹിനെ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം ചോദിച്ച ചില ചോദ്യങ്ങൾ മൽഫൂസാത്ത് വാ. 10.പേജ് 353,426 താളുകളിൽ രേഖപ്പെട്ടു കിടക്കുന്നു. 'ബൈബിളിൽ ആദ്യത്തെ മനുഷ്യനായ ആദം ഗീഹോൻ ദേശത്ത് കാരാണെന്ന് പറയുന്നു. അമേരിക്കയിലും ആസത്രേലിയയിലും കാണപ്പെടുന്ന മനുഷ്യ സമൂഹമെല്ലാം ആ ആദമിന്റെ സന്തതികളാണോ?' ഈ ചോദ്യത്തിന് വാഗ്ദത്ത മസീഹ് (അ) പറഞ്ഞ ഉത്തരം ഇപ്രകാരമാണ്. 'ആറോ ഏഴോ ആയിരം വർഷങ്ങൾക്ക് മുമ്പ് ആദമിന്റെ ജനനത്തോടു കൂടിയാണ് ലോകത്തിന് ആരംഭം കുറിച്ചതെന്നും അതിന് മുമ്പ് ഒന്നും ഉണ്ടായിരുന്നില്ലെന്നും ദൈവം യാതൊരു ജോലിയുമില്ലാതെ വെറുതെ ഇരിക്കുകയായിരുന്നുവെന്നുമുള്ള ബൈബിൾ പരാമർശത്തെ ഞങ്ങൾ പിന്തുടരുന്നില്ല. ഇന്ന് ലോകത്ത് വിവിധ ഭാഗങ്ങളിൽ കാണപ്പെടുന്ന ജനങ്ങൾ ആ ഒരു ആദമിന്റെ സന്തതികളാണെന്നും ഞങ്ങൾ കരുതുന്നില്ല. അതിന് വിരുദ്ധമായി ഈ ആദം ആദ്യ മനുഷ്യനല്ലെന്നും അതിന് മുമ്പും മനുഷ്യനുണ്ടായിട്ടുണ്ടെന്നും' **ഞാൻ ഭൂമിയിൽ ഒരു ഖലീഫയെ നിയമിക്കാൻ പോകുന്നു'** എന്ന ഖുർ

# ഇസ്‌ലാമിക ഖിലാഫത്തും **ബാഗ്ദാദീ ഖലീഫയും**

യാസർ അറഫാത്ത്, തിരുത്തിയാട്

ഇറാഖിൽ ശിയാ അനുകൂല ഭരണത്തിനെതിരെ ISIS എന്ന സുന്നീ പോരാളി സംഘടന രക്ത രൂക്ഷിത കലാപം നടത്തിക്കൊണ്ടിരിക്കുന്നു. ഈ ശിയാ വിരുദ്ധ കലാപവേളയിലും മുസ്‌ലിം ലോകത്തിന്റെ സവിശേഷശ്രദ്ധ നേടിയിരിക്കുന്നത് ISIS തലവൻ അബൂബക്കർ അൽ ബാഗ്ദാദിയുടെ 'ഖിലാഫത്ത്' പ്രഖ്യാപനമാണ്. അൽജമാഅത്ത് (സംഘടന), അൽഇമാറത്ത് (നേതൃത്വം) തുടങ്ങിയ സാങ്കേതിക പദങ്ങളോടൊപ്പം തന്നെ മുസ്‌ലിം മനസ്സുകളിൽ പ്രാധാന്യമേറിയ ഒന്നാണ് 'ഖിലാഫത്ത്' എന്ന പദവും. മുഹമ്മദ് നബി(സ)ക്കു ശേഷമുണ്ടായ ഖിലാഫത്തിനെപ്പറ്റി മാത്രം ഇവിടെ പരാമർശിക്കുകയാണ്. വിശുദ്ധ ഖുർആനിലെ ഇരുപത്തിനാലാം അദ്ധ്യായം സൂറത്തുന്നൂറിലെ അമ്പത്താറാം വചനത്തിൽ,വിശ്വസിക്കുകയും സത്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക്, മുമ്പുള്ളവർക്ക് ഖലീഫമാരെ നല്കിയതു പോലെ അവർക്കും ഖലീഫമാരെ നൽകുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്യുന്നുണ്ട്. ഈ വാഗ്ദാനത്തിന്റെ പുലർച്ചയെന്നോണം അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റ.അൻഹും) തുടങ്ങിയ സച്ചരിതരായ ഖലീഫമാർ നിയോഗിക്കപ്പെടുകയുണ്ടായി. അതിനുശേഷം ഭരണാധികാരികളും അല്ലാത്തവരുമായ ധാരാളം പുണ്യാത്മാക്കളും ഇതരരും ഖലീഫമാരായി നിയോഗിക്കപ്പെടുകയുണ്ടായി. സ്വേച്ഛാധിപതികളും ഏകാധിപതികളും സച്ചരിതരും എല്ലാം ഖലീഫമാരായി ചരിത്രത്തിൽ ഇടം പിടിച്ചിട്ടുണ്ട്.ഖിലാഫത്തിന്റെ പലതരത്തിലുള്ള രൂപപരിണാമങ്ങൾക്കു ശേഷം അവസാനം നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് പുനഃസ്ഥാപിക്കപ്പെടുമെന്ന് മുഹമ്മദ് നബി (സ) പ്രവചനം ചെയ്തിട്ടുണ്ട്. ഈ പ്രവചനപ്രകാരം, എല്ലാവിധ ആത്മീയ ഗുണങ്ങളും നഷ്ടപ്പെട്ട വിധത്തിൽ ഖിലാഫത്ത് അധഃപതിച്ചപ്പോൾ അഹ്മദുൽ ഖാദിയാനി(അ) മഹ്ദി ഇമാമായി നിയോഗിക്കപ്പെടു

---

ആനിക സൂചനയനുസരിച്ച് ഞങ്ങൾ വിശ്വസിക്കുന്നു. 'ഖലീഫ' എന്നാൽ പിന്തുടർച്ചക്കാരൻ എന്നാ ണർഥം. അപ്പോൾ ആദമിന് മുമ്പും മനുഷ്യരുണ്ട് എന്ന് വ്യക്തമാകുന്നു. എങ്കിലും അമേരിക്കയിലേയും ആസ്ത്രേലിയയിലേയും യഥാർഥ പൂർവികർ ആരായിരുന്നുവെന്ന് നമുക്ക് പറയാൻ സാദ്ധ്യമല്ല. ' (മൽഫൂസാത്ത് വാ. 10 പേ. 426)

ആദമിനെ മാത്രമായി പൊടി മണ്ണിൽ നിന്നും സൃഷ്ടിച്ചു എന്ന ബൈബിൾ പ്രസ്താവനക്ക് വിരുദ്ധമായി ആദം മാത്രമല്ല ഈസാ നബി അടക്കം എല്ലാ മനുഷ്യരും മണ്ണിൽ നിന്നാണ് സൃഷ്ടിക്ക പ്പെടുന്നതെന്ന് ഖുർആൻ പറയുന്നു. ***'നിങ്ങളെ അവൻ മണ്ണിൽനിന്നും സൃഷ്ടിച്ചു. അപ്പോൾ നിങ്ങളതാ ഭൂമിയിൽ വ്യാപിക്കുന്ന മനുഷ്യരായി തീർന്നിരിക്കുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. '( 30:21)***

മനുഷ്യൻ അവന്റെ പരിണാമത്തിന്റെ ആദിമ ഘട്ടത്തിൽ തന്നെ ഭൂമിയിൽ പല സ്ഥലത്തും പരന്നിരുന്നു. എന്ന പ്രസ്തുത സിദ്ധാന്തത്തെ ഈ ഖുർആൻ വാക്യം അനുകൂലിക്കുന്നു. മനുഷ്യന്റെ വംശവൃക്ഷത്തിന്റെ ശിഖരങ്ങൾ ഒരേ മൂലത്തിൽ നിന്നും ശാഖകളായും ഉപ ശാഖകളായും വളരു കയായിരുന്നു. അവ വീണ്ടും പിരിവുകളായി വളർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പരന്നു. മനുഷ്യനെ ദൈവം സൃഷ്ടിച്ചതിന് ശേഷം നിരവധി പരിണാമ ഘട്ടങ്ങളിലൂടെ അവന് ശരിയായ രൂപവും മാർഗനിർദേശവും നൽകി. മനുഷ്യന് ശാരീരികമായും ബുദ്ധിപരമായും സാമൂഹികമായും വളർച്ചയും പക്വതയും പ്രാപിച്ചപ്പോൾ മനുഷ്യ വംശത്തിന്റെ ഒരു ശാഖക്ക് ഒരു ആദമിനെ അല്ലാഹു ഖലീഫയായി നിയമിക്കുകയായിരുന്നു. അങ്ങനെ വിവിധഗോത്ര പശ്ചാത്തലമുള്ള മനുഷ്യ സമൂഹങ്ങൾ സാമൂഹികമായി ഒന്നിച്ച് ചേരാനാരംഭിച്ചപ്പോൾ മാനവരാശിക്ക് ആകമാനം സാർവ ജനീനനായ പ്രവാചകനായി മുഹമ്മദ് മുസ്തഫ തിരുമേനി (സ) അവതരിച്ചു. മനുഷ്യ സമൂഹം കോടാനുകോടി വർഷത്തെ പരിണാമ ഫലമായിട്ടാണ് ഭൂമിയിൽ രൂപം പ്രാപിച്ച് ഇന്നത്തെ നിലയിലെ ത്തിയത്. മറിച്ച് ആറായിരം വർഷങ്ങൾക്ക് മുമ്പ് ആദമിന് ശേഷമാണ് മനുഷ്യൻ ഭൂമിയിൽ ആവിർഭവിച്ചതെന്ന സിദ്ധാന്തം ഒരിക്കലും ബുദ്ധിക്ക് യോജിക്കുന്നതല്ല,. വിശുദ്ധ ഖുർആന്റെ വിവരണങ്ങൾക്ക് വിരുദ്ധവുമാണ്.

കയും അദ്ദേഹം 1889 ൽ അഹ്മദിയ്യാ പ്രസ്ഥാനം സ്ഥാപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മരണശേഷം 1908ൽ നുബുവ്വത്തിന്റെ രീതിയിലുള്ള ഖിലാഫത്ത് നിലവിൽ വരികയുണ്ടായി അതോടുകൂടി മുൻപേ തുടർന്നു വന്നിരുന്ന തുർക്കി ഖിലാഫത്തിന്റെ പ്രസക്തി നഷ്ടപ്പെടുകയും ഏതാനും വർഷങ്ങൾക്കു ശേഷം അത് പരിപൂർണമായി ഇല്ലാതാവുകയും ചെയ്തു. അഹ്മദിയ്യാ ഖിലാഫത്തിന്റെ അഞ്ചാമത്തെ ഖലീഫയായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബാണ് ഇന്ന് അമീറുൽ മുഅ്മിനീൻ (വിശ്വാസികളുടെ നായകൻ) പക്ഷേ, ഏതൊരു കാലത്തും ദൈവ നിയോഗിതർക്കും അവരുടെ പ്രസ്ഥാനങ്ങൾക്കും സംഭവിക്കുന്നതു പോലെ മുസ്ലിം പണ്ഡിതന്മാരും ഇസ്ലാമിക രാഷ്ട്രങ്ങളും ഈ ഖിലാഫത്തിനെ എതിർക്കാൻ സർവ ശക്തിയോടെ രംഗത്ത് വരുന്നതാണ് നാം ഇക്കാലത്ത് കാണുന്നത് അതോടൊപ്പം തന്നെ, ഖിലാഫത്ത് വേണമെന്ന അതിയായ മോഹമാണ് അബൂബക്കർ അൽ ബാഗ്ദാദിയെ ഖലീഫാ വാദത്തിന് പ്രേരിപ്പിച്ച ഘടകം. മുൻപും പല ഖലീഫാ വാദികളും നശിപ്പിക്കപ്പെട്ടതുപോലെ, ബലപ്രയോഗവും രക്തച്ചൊരിച്ചിലും മുഖേന സ്ഥാപിക്കപ്പെടുന്ന ഈ ഖിലാഫത്തിനും നിലനിൽപില്ല. ഭൗതിക ഭരണമില്ലാതെ തന്നെ ലോകം മുഴുവനുമുള്ള സത്യവിശ്വാസികളെ ഭരിച്ചുകൊണ്ടിരിക്കുന്ന സമാധാന പ്രചാരകനായ യഥാർഥ ഖലീഫ മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) ഉണ്ടായിരിക്കെ, രക്തച്ചൊരിച്ചിലിലൂടെ ഭൗതിക ഭരണം സ്ഥാപിച്ചിരിക്കുന്ന, സ്ഥാപിക്കാൻ ശ്രമിക്കുന്ന മറ്റെല്ലാ ഖിലാഫത്തുകളും അൽപായുസ്സോടെ ഒടുങ്ങിപ്പോകുന്നത് നമുക്ക് കാത്തിരുന്ന് കാണാം. ഇറാഖിൽ അബൂബക്കർ അൽബാഗ് ദാദി ശിയാ മുസ്ലിംകളെ കൂട്ടക്കൊല ചെയ്യുകയും അവരുടെ സ്മാരകങ്ങളും പള്ളികളും നശിപ്പിക്കുകയും ചെയ്തുകൊണ്ടാണല്ലോ സുന്നീ ഖിലാഫത്ത് സ്ഥാപിച്ചിരിക്കുന്നത്. മുസ്ലിം ലോകത്തെ ഈ ശിയാ സുന്നീ തർക്കത്തിന് മുഹമ്മദ് നബി(സ) യുടെ നാലാം ഖലീഫയായ അലി(റ) യുടെ കാലത്തോളം പഴക്കമുണ്ട്. ഭൂതകാലത്തേക്ക് നോക്കിയാൽ ശിയാക്കളെയും സുന്നികളെയും ഒരുമിപ്പിക്കുന്ന ബിന്ദു മുഹമ്മദ് നബി (സ) ആണെന്നു കാണാം. (ശിയാക്കൾ മുഹമ്മദ് നബി(സ)യുടെ ഖലീഫമാരിൽ അലി (റ) ഒഴികെ മറ്റാരെയും അംഗീകരിക്കുന്നില്ല.) അതുപോലെ അവസാന കാലത്ത് ശിയാക്കളെയും സുന്നികളെയും ഒരുമിപ്പിക്കുന്ന ബിന്ദു മുഹമ്മദ് നബി(സ)യുടെ പ്രതിപുരുഷനായ ഇമാം മഹ്ദി(അ) ആണ്. ശിയാക്കളും സുന്നികളും ഇമാം മഹ്ദിയുടെ ആഗമനത്തിൽ വിശ്വസി ക്കുന്നവരും അദ്ദേഹത്തിലൂടെ ഇസ്ലാമിന്റെ ശോഭനമായ ഭാവി സ്വപ്നം കാണുന്നവരുമാണ്. ഇമാം മഹ്ദിയായി ഇന്ത്യയിലെ പഞ്ചാബിലെ ഖാദിയാൻ സ്വദേശി മിർസാ ഗുലാം അഹ്മദ്(അ) നിയോഗിക്കപ്പെടുകയും അദ്ദേഹത്തിനു ശേഷം അഹ്മദിയ്യാ ഖിലാഫത്ത് സ്ഥാപിക്ക പ്പെടുകയും ചെയ്തു. അഹ്മദിയ്യാ ഖിലാഫത്തിന്റെ അഞ്ചാം സാരഥിയായ മിർസാ മസ്റൂർ അഹ്മദി (അയ്യദഹു) നെ 'അമീറുൽ മുഅ്മി നീൻ' ആയി അംഗീകരിക്കുകയാണ് ശിയാക്കളും സുന്നികളും എല്ലാ ഭിന്നതകളും മറന്ന് ഒരുമിക്കാനുള്ള ഏകമാർഗം. ഇസ്ലാമിക ലോകത്തെ സർവ പ്രശ്നങ്ങൾക്കും അടിസ്ഥാനമായിരിക്കുന്ന ശിയാ സുന്നീ തർക്കം അവ സാനിപ്പിക്കാനുള്ള ഏകമാർഗവും ഇമാം മഹ്ദിയുടെ ജമാഅത്തിൽ ഒരുമിച്ചു കൂടുക എന്നതു മാത്ര മാണ്.

പേജ് 6 ൽ നിന്നും തുടർച്ച

***ക്കളുടെയും തുല്യഗുണത്തിൽ നിർത്തിയ അതിന്റെ ശ്രേഷ്ഠത കൊണ്ടും സത്യം' (അതായത് ഈ വസ്തുക്കളിലെല്ലാം വ്യഷ്ടിഗതമായി കാണപ്പെടുന്ന സവിശേഷതകളെല്ലാം പൂർണത പ്രാപിച്ച് ആ മനുഷ്യന്റെ ആത്മാവിൽ സമഷ്ടിയായി സമ്മളിതമായിരിക്കുന്നതിനാൽ ആ വസ്തുക്കളോരോ ന്നും പ്രത്യേകം പ്രത്യേകമായി മനുഷ്യലോകത്തിന് ചെയ്യുന്ന സേവനങ്ങളത്രയും മുൻപ്രസ്താവിച്ച തിൻവണ്ണം ആ മനുഷ്യോത്തമൻ ഒറ്റക്ക് നിർവഹിക്കുമാറാകുന്നു) ഇപ്രകാരം ആർ തന്റെ ആത്മാവിനെ സംസ്ക്കരിച്ചു വോ അതായത് സൂര്യചന്ദ്രാദികളെ പോലെ ദൈവേച്ഛക്ക് വഴിപ്പെട്ട് മനുഷ്യസേവനത്തിന്തുനിഞ്ഞിറങ്ങിയോ അവൻ മോക്ഷം പ്രാപിച്ചിരിക്കുന്നു. മൃത്യുവിൽ നിന്നും മോചനം നേടിയിരിക്കുന്നു.'(91:1-4)***

മരണത്തിൽ നിന്നുള്ള മുക്തി അഥവാ അമരജീവിതം കൊണ്ട് ഇവിടെ വിവക്ഷിക്കപ്പെട്ടിരിക്കുന്നത് ഭാവിയിൽ പരിപൂർണാത്മാവിന് അഥവാ സിദ്ധപുരുഷന് ലഭിക്കുന്ന നിത്യജീവിതം ആകുന്നു. ഇതിൽ നിന്നും ധർമനിയമമനുസരിച്ചുള്ള ജീവിതം മുഖേന ഭവിഷ്യ ജീവിതത്തിൽ പ്രാപ്യമാകുന്ന പ്രതിഫലം ദൈവദർശനമാകുന്ന ആഹാരം കൊണ്ട് നിത്യസ്ഥിതമായി ഭവിക്കുന്ന ചിരഞ്ജ്ജീവിത്വമാണെന്ന് സിദ്ധിക്കുന്നു. (ഇസ്ലാംമത തത്ത്വജ്ഞാനം)

## പരീക്ഷണം

അബൂഹുറയ്റ(റ)യിൽ നിന്ന്: റസൂൽ(സ) പറഞ്ഞു: സത്യവിശ്വാസിക്ക് തന്റെ ശരീരത്തിലും സന്താനങ്ങളിലും സമ്പത്തിലും പരീക്ഷണമുണ്ടായിക്കൊണ്ടിരിക്കും. അവസാനം അവൻ പാപരഹിതനായി സ്വർഗത്തിൽ പ്രവേശിക്കും. (തിർമിദി)

# ചൈനയിലെ നോമ്പ് നിരോധനം

ടി. അബ്ദുസ്സലാം, കാരപ്പറമ്പ്

**ചൈ**നയിൽ ഏറ്റവും കൂടുതൽ മുസ്ലിംകൾ തിങ്ങിപാർക്കുന്ന സിജിയാങ്ങ് പ്രവിശ്യയിൽ സർക്കാർ ജീവനക്കാർ, വിദ്യാർഥികൾ, അദ്ധ്യാപകർ തുടങ്ങിയവർ നോമ്പെടുക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ട് വിവിധ സർക്കാർ വകുപ്പുകളുടെ വെബ് സൈറ്റുകളിൽ അറിയിപ്പുണ്ട്. പാർട്ടി പ്രവർത്തകർ, യുവാക്കൾ, വിരമിച്ച ജീവനക്കാർ തുടങ്ങിയവരേയും ചില വകുപ്പുകൾ നോമ്പ് വിലക്കിയിട്ടുണ്ട്. അതിന് ചൈനീസ് അധികൃതർ ഉന്നയിക്കുന്ന കാരണമാണ് വിചിത്രം. ആരോഗ്യപരമായ കാരണത്താലാണ് ഈ വിലക്ക് എന്നാണ് അധികൃതരുടെ വിശദീകരണം (മലയാള മനോരമ 2014 ജൂലായ് 4)

നോമ്പ് ഇസ്ലാമിൽ നിർബന്ധ കർമാനുഷ്ഠാനങ്ങളിൽ മൂന്നാമത്തേതാണ്. ഭക്ഷണം ഉപേക്ഷിച്ചുകൊണ്ടും ആത്മസംയമനം പാലിച്ചുകൊണ്ടും വ്യക്തി സ്വയം അനുഷ്ഠിക്കുന്ന ഒരു ആചാരമാണ് നോമ്പ്. അത് തടയുന്നത് ഒന്നാമതായി മനുഷ്യാവകാശ ലംഘനവും വ്യക്തി സ്വാതന്ത്ര്യത്തിന് നേരെയുള്ള കയ്യേറ്റവുമാണ്. ആയിരത്തി നാനൂറ് വർഷങ്ങളായി മുസ്ലിം ലോകം അനുഷ്ഠിച്ചുവരുന്ന ഈ കർമാനുഷ്ഠാനം വിലക്കുന്നത് കമ്മ്യൂണിസം അനുവദിക്കുന്ന വ്യക്തിസ്വാതന്ത്ര്യത്തിന്റെ മാതൃകയാണ്. ചൈനയിൽ കമ്മ്യൂണിസം അതിന്റെ. ക്ലാസിക്കൽ സിദ്ധാന്തങ്ങളിൽ നിന്ന് വളരെയേറെ തിരുത്തലുകൾ വരുത്തിയാണ് മുതലാളിത്ത പാതയിൽ ഇപ്പോൾ മുന്നേറുന്നത്. ഭൗതികമായ അഭിവൃദ്ധിക്ക് വേണ്ടി തങ്ങളുടെ ആദർശങ്ങളിൽ വെള്ളം ചേർക്കുന്ന കമ്മ്യൂണിസ്റ്റ് ഭരണകൂടം മനുഷ്യന്റെ ആത്മീയ മോക്ഷത്തിന്റെ പാതയിൽ വിലക്കുകൾ ഏർപ്പെടുത്തുന്നത് കമ്മ്യൂണിസത്തെ ബാധിച്ച ഭൗതികാസക്തിക്കും ആത്മീയ ദാരിദ്ര്യത്തിനും തെളിവാണ്.

നോമ്പ് ആരോഗ്യ കാരണങ്ങൾക്കൊണ്ട് വിലക്കുന്നു എന്ന കമ്മ്യൂണിസ്റ്റ് അധികൃതരുടെ വാദം. അവർക്ക് ഇക്കാര്യത്തിലുള്ള അജ്ഞത വെളിവാക്കുന്നു. ഖുർആൻ പറയുന്നു: ***'നിങ്ങൾ കാര്യം ഗ്രഹിക്കുന്നുവെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രേ '(2:185)*** ശാസ്ത്രം കമ്മ്യൂണിസം പറയുന്നതോ ഖുർആൻ പറയുന്നതോ ശരിവെക്കുന്നതെന്ന് നോക്കാം.

റമദാൻ കേവലം പട്ടിണിയല്ല. പകൽ അന്നപാനീയങ്ങൾ വർജിക്കുന്നുണ്ടെങ്കിലും രാത്രി ആഹാരത്തിന് വിലക്കേർപ്പെടുത്താത്തത് കൊണ്ട് പട്ടിണിയും പഥ്യാഹാരവും മൂലമുണ്ടാകുന്ന പോഷണക്കുറവ് റമദാൻ വ്രതം കൊണ്ടുണ്ടാകുന്നില്ല എന്നതാണ് വാസ്തവം. സ്വാഭീഷ്ട പ്രകാരമുള്ള റമദാൻ വ്രതം ഒരു ഡോക്ടറുടെ നിർദേശ പ്രകാരമുള്ള പഥ്യാഹാര (ഡയറ്റ് പ്ലാൻ)ത്തിൽ നിന്നും വ്യത്യസ്തമാണ്. റമദാൻ സ്വയം നിയന്ത്രണത്തിന്റെയും പരിശീലനത്തിന്റേയും വസന്ത കാലമാണ്. പകൽ ജലപാനം ഉപേക്ഷിക്കുന്നതു കൊണ്ട് വൃക്കകൾ ആന്റി ഡൈ യൂററ്റിക്ക് (എ.ഡി.എച്ച്) ഹോർമോണിന്റെ അധിക സാന്നിദ്ധ്യത്തിൽ ശരീര ജലാംശം പരമാവധി സംരക്ഷിക്കുകയും ദാഹം കുറക്കുകയും ചെയ്യുന്നു. അത്താഴ സമയത്ത് കഴിച്ച ആഹാരം ആമാശയത്തിൽ നിന്ന് ഏതാണ്ട് അഞ്ച് മണിക്കൂർ കൊണ്ട് ചെറുകുടലിലെത്തുന്നു. തൽഫലമായി കാലിയായ ആമാശയം സങ്കോചിക്കുന്നു. അപ്പോഴാണ് നമുക്ക് വിശപ്പനുഭവപ്പെടുന്നതും തിന്നണമെന്നു തോന്നുന്നതും. കുടലിൽ നിന്ന് ആഗിരണം ചെയ്യപ്പെട്ട ഗ്ലൂക്കോസ് (ഗ്ലൈ ക്കോജൻ ) ഏതാനും ശതഗ്രാം മാത്രമേയുള്ളൂവെങ്കിലും അര ദിവസത്തെ പ്രവർത്തന ത്തിന് വേണ്ട ഊർജം ഇതിൽ നിന്നും ലഭിക്കും. അപ്പോഴേക്കും വ്രത മവസാനിക്കാനുള്ള സമയവുമായി. അതുകൊണ്ട് സാധാരണ ആരോഗ്യമുള്ളവർക്ക് വ്രതമെടുക്കുമ്പോൾ ഊർജക്കമ്മി അനുഭവപ്പെടുന്നില്ല. അത്താഴം പ്രഭാതത്തോടടുത്തായില്ലെങ്കിൽ(അത്താഴം പിന്തിക്കുന്നത് പ്രബലമായ പ്രവാചകചര്യയാണല്ലോ) ശേഖരിത ഗ്ലൂക്കോസ് മധ്യാഹ്നമാകുമ്പോഴും തീർന്നു പോകുകയും ക്ഷീണമനുഭവപ്പെടുകയും ചെയ്യുന്നു. ശരീരത്തിലെ മാംസ്യവും കൊഴുപ്പും വിഘടിച്ചാണ് പിന്നീട് ഗ്ലൂക്കോസ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഈ സങ്കീർണത അത്താഴം പ്രഭാതത്തോടടുപ്പിച്ച് കഴിക്കുന്നത് കൊണ്ട് പരിഹരിക്കാം.

# ഹദ്റത്ത് അഹ്മദ്(അ) ബ്രിട്ടീഷ് രാജ്ഞിയെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നു

അക്കാലത്തെ പല മുസ്‌ലിം പണ്ഡിതന്മാരും ബ്രിട്ടീഷ് രാജ്ഞി വിക്റ്റോറിയാ മഹാറാണിക്ക് സ്തുതി വചനങ്ങൾ ഉരുവിടുകയും കീർത്തി ഗീതങ്ങൾ ആലപിക്കുകയും ചെയ്തപ്പോൾ വാഗ്ദത്ത മഹ്ദി ഹദ്റത്ത് അഹ്മദ്(അ) അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു കൊണ്ട് കത്തയക്കുകയാണുണ്ടായത്.

എ. ക്യു. മഹ്ദി

ആയിരത്തിഎണ്ണൂറ്റി തൊണ്ണൂറ് ഡിസംബർ മാസം, ഖാദിയാനിൽ അഹ്മദിയ്യാ മുസ്‌ലിം ജമാത്തിന്റെ രണ്ടാം വാർഷിക ജൽസ നടക്കുകയാണ്. കേവലം 500 പേർ മാത്രമാണ് ആ ആദ്യകാല സമ്മേളനതിൽ പങ്കെടുത്തത്. പ്രഥമ വാർഷിക സമ്മേളനം നടത്തിയപ്പോൾ സന്നിഹിതരായിരുന്നത് കേവലം എഴുപത്തഞ്ചു പേർ മാത്രമായിരുന്നു വെന്ന് നാം ഓർക്കേണ്ടതുണ്ട്.

ഇന്ന് ഖാദിയാൻ ജൽസയിൽ പങ്കെടുക്കുന്നവരുടെ എണ്ണം പതിനായിരക്കണക്കിനായിട്ടുണ്ട്. അത് ലക്ഷങ്ങളിലേക്ക് പെരുകാൻ പോകുകയാണ്.

ആ ആദ്യകാല സമ്മേളനത്തിൽ ജമാഅത്തിനെക്കുറിച്ചുള്ള നിർണായകമായ പല തീരുമാനങ്ങളും കൈകൊള്ളുകയുണ്ടായി. ഈ വാർഷിക ജൽസ തുടർന്നുള്ള വർഷങ്ങളിലും ഡിസംബർ മാസത്തിൽ തന്നെ മുടങ്ങാതെ നടത്തണമെന്നായിരുന്നു അതിലൊന്ന്. മൗലാനാ സയ്യിദ് മുഹമ്മദ് അഹ്സൻ സാഹിബ് അംഹോറിയെ ഒരു മുബല്ലിഗായി നിശ്ചയിച്ച് ഇന്ത്യയിലങ്ങോളമിങ്ങോളം പ്രചാരണ പര്യടനത്തിനയക്കാനും യോഗത്തിൽ തീരുമാനമായി. ഒരു പക്ഷേ അദ്ദേഹമാവാം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആദ്യ മിഷണറി. ഇസ്‌ലാം മതം പ്രചരിപ്പിക്കുക. പ്രത്യേകിച്ച് പാശ്ചാത്യ ദേശങ്ങളായ അമേരിക്ക യിലും യൂറോപ്പിലും നവ മുസ് ലിംകളുടെ ക്ഷേമാവൃദ്ധിയെക്കുറിച്ച് അന്വേഷിക്കുക, സാത്വികതയും സദാചാരവും ലോകമെങ്ങും ശക്തിപ്പെടുത്താൻ ശ്രമിക്കുക, തിന്മകളും അനാചാരങ്ങളും ഇല്ലായ്മ ചെയ്യാൻ യത്നിക്കുക. തുടങ്ങിയ ലക്ഷ്യങ്ങളും സമ്മേളനത്തിൽ പ്രഖ്യാപിക്കപ്പെട്ടു. അക്കാലത്ത് ഖാദിയാനിൽ ജമാഅത്തിന് സ്വന്തമായ അച്ചടി ശാല ഉണ്ടായിരുന്നില്ല. ആവശ്യമുള്ള നമ്മുടെ പ്രസിദ്ധീകരണങ്ങൾഅച്ചടിക്കാൻ മറ്റു സ്ഥലങ്ങളിലെ പ്രിന്റിങ്ങ് പ്രസ്സുകളെ ആശ്രയിക്കേണ്ടിവന്നു. ജൽസ യിൽ അതും പ്രധാന ചർച്ചാ വിഷയ മായി. ജൽസയിൽ പങ്കെടുത്ത വരിൽ 92 പേർ അപ്പോൾ തന്നെ സമ്മേളന സ്ഥലത്ത് വെച്ച് ജമാഅ ത്തിന് സ്വന്തമായി ഒരു അച്ചടി ശാല സ്ഥാപിക്കുന്നതിന് വേണ്ടി കൈ അയച്ച് സംഭാവനകൾ നൽകി. അതൊരു നല്ല കാൽവെപ്പായിരുന്നു.ആദ്യകാല അഹ്മദികളുടെ മഹത്തായ ധനത്യാഗ സംരംഭം.

---

ശരീരത്തിലെ മറ്റു ജൈവ പദാർഥങ്ങൾക്കും ഹോർമോണുകളടക്കം പറയത്തക്ക മാറ്റം വ്രതം മൂലം ഉണ്ടാകുന്നില്ല. ദിനേന പതിനേഴ് മണിക്കൂർ വരെ നിരാഹാരം ഇരുപത്തൊമ്പത് ദിവസം തുടർച്ചയായനുഷ്ഠിച്ചാൽ രക്തത്തിലെ കോർട്ടിസോൺ, ഗ്ലൂക്കോസ്, ഹോർമോണുകൾ, കൊളസ്ട്രോൾ, ബിലിറൂബിൻ മുതലായവക്ക് നേരിയ വ്യതിയാനം മാത്രമേ സംഭവിക്കുന്നുള്ളൂ. അതുകൊണ്ട് ആരോഗ്യ പ്രശ്നം ഉണ്ടാകുന്നില്ല. വ്രതസമാപ്തിക്ക് ശേഷം നാലാഴ്ച്ചക്കുള്ളിൽ രാസഘടകങ്ങൾ സാധാരണ നിലയിലാകും. ഇതാണ് വ്രതാനുഷ്ഠാനം കൊണ്ടുള്ള ഗുണങ്ങൾ. ലോകം മുഴുവൻ മുസ്‌ലിം വ്രതാനുഷ്ഠാനത്തിന് അമുസ്‌ലിംകളിൽ പോലും പ്രചാരം ലഭിച്ചു കൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിൽ തന്നെ എത്രയോ ഹിന്ദു സഹോദരന്മാർ വ്രതത്തിന്റെ ആരോഗ്യപരമായ ഗുണം കണ്ട് ഒരു മാസക്കാലം അന്നപാനീയങ്ങൾ ഉപേക്ഷിച്ച് വ്രതമനുഷ്ഠിച്ചു വരുന്നത് നാം കാണുന്നു. ആത്മീയാന്ധത ബാധിച്ച കമ്യൂണിസത്തിന് വ്രതാനുഷ്ഠാനത്തിന്റെ സൂക്ഷ്മ ഭാവങ്ങളെ പറ്റി അറിയാൻ സാധ്യമല്ല. ആ അജ്ഞതയിൽ നിന്നുള്ള അവരുടെ നിരോധനം അവരെ ലോകത്തിന് മുമ്പിൽ പരിഹാസ്യരും മനുഷ്യാവകാശധ്വംസകരുമാക്കി മാറ്റും എന്നല്ലാതെ നോമ്പ് പൂർവാധികം ശക്തിയോടെയും ആദര പൂർവവും ലോകത്ത് അനുഷ്ഠിക്കപ്പെടുകതന്നെ ചെയ്യും.

അമൃത്സറിലെ റിയാസ് ഹിന്ദ് എന്ന അച്ചടിശാല അതിന്റെ ഉടമസ്ഥനായ ശേഖ് നൂർ മുഹമ്മദ് സാഹിബ് ഹദ്റത്ത് അഹ്മദി (അ)ന്റെ നിർദേശ പ്രകാരം ഖാദിയാനിൽ കൊണ്ട് വന്ന് സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചു. ഈ സംഭവം ഖാദിയാന്റെ വികാസ ചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴിക കല്ലായി തീരുകയും ചെയ്തു.

ഇസ്ലാംമത തത്ത്വങ്ങളെ പ്രകാശിപ്പിക്കുന്ന ഒരു മഹൽ ഗ്രന്ഥം രചിച്ച് യൂറോപ്പിലും അമേരിക്കയിലും വ്യാപകമായി വിതരണം ചെയ്യണമെന്ന് ഹദ്റത്ത് അഹ്മദ്(അ) നിശ്ചയിച്ചു. കൂടാതെ പ്രിന്റിങ്ങ് പ്രസ്സ് സ്ഥാപിച്ചതോടെ ഖാദിയാനിൽ നിന്ന് ഒരു പത്രം തുടങ്ങാനും പരിപാടിയിട്ടു.

'**ആയിനെ കമാലാത്തെ ഇസ്ലാം**' എന്ന പുസ്തകം ഹദ്റത്ത് അഹ്മദ്(അ) എഴുതി തയ്യാറാക്കിയത് 1892 ലാണ്. ഖാദിയാനിലെ പ്രസ്സിൽ നിന്നും ആദ്യമായി പുറത്തിറങ്ങിയ പുസ്തകവും ഇത് തന്നെ. ഇസ്ലാമിക വിശ്വാസങ്ങളുടെ താത്വിക അടിസ്ഥാനങ്ങളെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ വിശദമായി തന്നെ പ്രതിപാദിച്ചിട്ടുണ്ട്. മലക്കുകൾ, വെളിപാടുകൾ, സ്വർഗനരകങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ഇസ്ലാമിക പാഠങ്ങളിലേക്ക് വെളിച്ചം വീശുന്ന ഈ മഹൽ ഗ്രന്ഥത്തിൽ മനുഷ്യന്റെ ആത്മീയ ജീവിതത്തിലെ ഉദാത്ത സിദ്ധികളെക്കുറിച്ചും പരിവർത്തന ഘട്ടങ്ങളെക്കുറിച്ചും ദൈവസാമീപ്യം കരസ്ഥമാ ക്കാനുള്ള മാർഗങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

അസാധാരണമായ ഒരു അദ്ഭുത ദൃഷ്ടാന്തമാണ് തന്റെ ഈ ഗ്രന്ഥമെന്ന് ഹദ്റത്ത് അഹ്മദ്(അ) തന്നെ വെളിപ്പെടുത്തുകയുണ്ടായി. ഈ ഗ്രന്ഥരചനക്കിടയിൽ രണ്ട് തവണ ജാഗ്രതാവസ്ഥയിൽ തന്റെ യജമാനൻ ഹദ്റത്ത് റസൂൽ കരീം(സ)മുമായി അഭിമുഖദർ ശനമുണ്ടായിട്ടുണ്ടെന്ന് ഹദ്റത്ത് അഹ്മദ്(അ) വെളിപ്പെടുത്തുകയുണ്ടായി. മറ്റൊരിക്കൽ ഇതൊരു അദ്ഭുത ഗ്രന്ഥമാണെന്ന് ഒരു മലക്ക് വിളിച്ചു പറയുന്നതായി കണ്ടുവെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഗ്രന്ഥത്തിൽ '**അത്തബ്ലീഗ്**' എന്ന പേരിൽ ഒരു അറബി ലിഖിതം ഹദ്റത്ത് അഹമദ്(അ) എഴുതി ചേർത്തിട്ടുണ്ട്. ഇന്ത്യയിലെയും അറേബ്യ, ഇറാൻ, മിസ്ര്, തുർക്കിസ്താൻ തുടങ്ങിയ രാജ്യങ്ങളിലേയും മതപണ്ഡിതന്മാരെ യും സൂഫി വര്യന്മാരെയും ഭരണാധികാരികളെയും സംബോധന ചെയ്തു കൊണ്ടുള്ള ഈ സന്ദേശം ഉറുദുവിലെഴു താനാണ് ആദ്യം തീരുമാനിച്ചത്. എന്നാൽ തനിക്കുണ്ടായ ഇൽഹാമുകളെ അടിസ്ഥാനമാക്കി അറബിയിൽ അത് രചിക്കുവാൻ ആ മഹാത്മാവ് തീരുമാനിക്കുകയായിരുന്നു. ഈ അറബി രചനയുടെ ആത്മീയവും സാഹിത്യപരവുമായ മേന്മ ഇത് വായിച്ചവരെ വളരെയേറേ ആകർഷിക്കുകയുണ്ടായി. അന്നത്തെ ഒരു പ്രശസ്ത പണ്ഡിതനായ അസ്സയ്യിദ് മുഹമ്മദ് സഊദ് ഈ അറബി രചനയുടെ മനോഹാരിതയേയും അവതരണ ഭംഗിയേയുംപറ്റി അത്യന്തം പ്രശംസിക്കുകയും ഹദ്റത്ത് അഹ്മദ്(അ)ന്റെ പ്രിയ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു.

തന്റെ ലിഖിതങ്ങളൊക്കെ ദൈവ ശാസിതങ്ങളാണെന്നും അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങളാലാണ് അവയൊക്കെ രചിക്കപ്പെട്ടതെന്നും ആ മഹാത്മാവു തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. ചിലപ്പോൾ ദൈവപ്രേരണയാൽ താൻ എഴുതിയിട്ടുള്ള ചില പ്രധാനപദങ്ങളുടെയും വാചകങ്ങളുടെയും അർഥം തനിക്ക്പോലും അപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ലെന്നും എഴുതിക്കഴിഞ്ഞതിന് ശേഷം നിഘണ്ടുനോക്കിയാണ് അവയുടെ അർഥവും മൂലാർഥവും താൻ ഗ്രഹിച്ചിരുന്നതെന്നും അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. മാത്രമല്ല അദ്ഭുതാവഹമായ ഔചിത്യ ബോധത്തോടെയാണ് ഓരോ പദവും പ്രയോഗിച്ചിട്ടുള്ളതെന്ന് പിന്നീട് തനിക്ക് ബോദ്ധ്യപ്പെട്ടിരുന്നുവെന്നും ഹദ്റത്ത് അഹ്മദ് (അ) തന്നെ പ്രഖ്യാപിച്ചിരുന്നു. ആ വരികളുടെ ആകർ ഷണീയമായ ശൈലിയും ആശയ ഭംഗിയും കണ്ട് ആകൃഷ്ടരായി തീർന്ന എതിരാളികളികളിൽ പലരും അവ അദ്ദേഹം സ്വയം രചിച്ചതാണെന്ന് വിശ്വസിക്കാൻ പോലും കൂട്ടാക്കിയില്ലത്രെ. അജ്ഞാതരായ ഏതോ അറബി പണ്ഡിതന്മാർ അണിയറയിലിരുന്ന് അദ്ദേഹത്തെ ഈ രചനകളിൽ രഹസ്യമായി സഹായിച്ചിട്ടുണ്ടെന്ന് പോലും ശത്രുക്കൾ പറഞ്ഞു പരത്തി.

സൂര്യനസ്തമിക്കാത്ത സാമ്രാജ്യമെന്ന പ്രശസ്തി നേടിയ ബിട്ടീഷ് സാമ്രാജ്യത്തിലെ ചക്രവർത്തിനിയായിരുന്നുവിക്ടോറിയാ മഹാരാജ്ഞി. അവരെ ഇസ്ലാമിലേക്ക് സാദരം ക്ഷണിച്ചു കൊണ്ട് ഹദ്റത്ത് അഹ്മദ്(അ) മഹാറാണിക്കെഴുതിയ ഒരു അറബികത്തും ആയിനാത്തെ കമാലാത്തെ ഇസ്ലാമിൽ ചേർത്തിട്ടുണ്ട്. ഇസ്ലാമിലേക്കുള്ള ദിവ്യ അടയാളം കാണാൻ സത്യസന്ധമായി ചക്രവർത്തി ആഗ്രഹിക്കുന്ന പക്ഷം താനത് കാണിക്കുകയും തെളിയിക്കുകയും ചെയ്യുമെന്ന് മഹാറാണിയെ അഭിസംബോധന ചെയ്തുകൊണ്ട് ആ യുഗപുരുഷൻ എഴുതുകയുണ്ടായി.

ഒന്നോർക്കണം സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപയായിരുന്നു അന്നു മാഹാറാണി. ലോകത്തിന്റെ വലിയൊരു ഭാഗം അന്ന് ബ്രിട്ടന്റെ കീഴിലായിരുന്നു. എല്ലാംകൊണ്ടും പ്രതാപശാലിയായ ആ ചക്രവർത്തിനിക്കാണ് ലോകത്തിന് തീർത്തും അജ്ഞാതമായ ഇന്ത്യയുടെ വടക്ക് കിഴക്ക് മൂലയിലെ അജ്ഞാതമായ ഒരു കൊച്ചു ഗ്രാമത്തിലിരുന്ന് ഒരു മതാചാര്യൻ കത്തെഴുതുന്നത്. ഇസ്ലാം മതത്തിലേക്ക് ക്ഷണിക്കുന്നത്. സാധാരണ ഗതിയിൽ രാജ്ഞിയുടെ ശ്രദ്ധയിലോ പരിഗണനയിലോ വരാൻ സാദ്ധ്യതയില്ലാത്ത ഒരു കത്ത്.

ദൈവത്തിന് സ്തുതി! കാലഘട്ടത്തിന്റെ ദൈവദൂതനിൽ നിന്നുള്ള ആ മഹൽ സന്ദേശം രാജ്ഞിയാൽ

അവഗണിക്കപ്പെട്ടില്ല. അവരത് ശ്രദ്ധയോടെ വായിക്കുകയാണുണ്ടായത്. മാന്യമായ നിലയിൽ രാജ്ഞിപ്രതികരിക്കുകയും ചെയ്തു. തീർച്ചയായും ദൈവികമായ ഒരു ഉദ്ദേശ്യവും പ്രതികരണവും ഇതിലുണ്ടാവണം.

ഹദ്റത്ത് അഹ്മദ്(അ) റാണിക്കെഴുതിയ കത്തിലെ പ്രസക്ത ഭാഗം നമുക്കിവിടെ ശ്രദ്ധിക്കാം.

'പ്രിയ മഹാറാണീ...' ഈ സംബോധനയോടെയാണ് ആ മഹാത്മാവ് തന്റെ കത്ത് ആരംഭി ക്കുന്നത്

**'ഭവതിക്ക് എല്ലാ സുഖക്ഷേമങ്ങളും നേരുന്നു. മഹത്തായ പ്രതിഭാസമ്പന്നതയുടെയും അറിവിന്റെയും ഉൾകാഴ്ച്ചയുടെയും അധിപതിയായ ഭവതിക്ക് ഇസ്‌ലാം മതത്തെപറ്റി അറിയാൻ കഴിഞ്ഞില്ല എന്നതും സ്വന്തം കാര്യങ്ങൾ അതീവ ശ്രദ്ധയോടെ വീക്ഷിക്കുന്ന മട്ടിൽ ഇസ്‌ലാമിനെക്കുറിച്ച് അൽപ്പമെങ്കിലും പഠിച്ചറിയാൻ ശ്രമിക്കുന്നില്ല എന്നതും എന്നിൽ വിസ്മയമുണർത്തുന്നു. രാത്രിയുടെ അന്ധകാരത്തിൽ കാഴ്ച്ച സാദ്ധ്യമല്ലല്ലോ? എന്നാൽ ഭവതി സ്വയം ശ്രദ്ധിക്കൂ, ഇപ്പോൾ അന്ധകാരമില്ല. സൂര്യൻ പ്രകാശിച്ചുകൊണ്ടിരിക്കയാണ്. തെളിഞ്ഞ ഈ പകൽ വെളിച്ചത്തിലും നേർക്കാഴ്ച്ച കാണാതിരിക്കുന്ന ഈ അവസ്ഥ ഭവതിക്കെങ്ങനെ ഉണ്ടായി? ഇസ്‌ലാം എല്ലാ പ്രവാഹങ്ങളുടെയും പ്രഭവസ്ഥാനമാണ്. എല്ലാ പ്രകാശങ്ങളുടെ യും കേന്ദ്ര ബിന്ദുവാണ്. ആത്മീയ ഫലസിദ്ധിയുടെ വിളഭൂമി കൂടി യാണ് ഇസ്‌ലാം. എന്റെ ദൈവം അവന്റെ ദാസരെ വിളിച്ചു കൂട്ടു വാൻ എന്നെ നിയോഗിച്ചിരിക്കയാണ്. അവന്റെ സത്യത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന തിന് വേണ്ടി എനിക്ക് വ്യക്തവും അദ്ഭുതകരവുമായ ചില നിയോഗ ലക്ഷ്യങ്ങൾ നൽകിയിരിക്കുന്നു. അതിനാൽ എന്നെ കൈകൊള്ളുന്നവർക്കും സ്വീകരിക്കുന്നവർക്കും ശുഭവാർത്ത അറിയിച്ചുകൊള്ളട്ടെ.... അല്ലയോ മഹാറാണീ! ദൈവം ഭൗതികമായ എല്ലാ അനുഗ്ര ഹോപഹാരങ്ങളും ഭവതിയിൽ കോരി ച്ചൊരിഞ്ഞിരിക്കുന്നു. ഇനി മറുലോകത്തെ സൗഭാഗ്യം കൂടി ആഗ്രഹമില്ലേ? മനസാന്തരപ്പെടുക. ഒരു പുത്രനേയും സ്വന്തമാക്കിയിട്ടില്ലാത്തവനും ഒരു കൂട്ടുകാരനേയും സ്വീകരിച്ചിട്ടില്ലാത്തവനു മായ ഏക ദൈവത്തിന് മാത്രം കീഴ്വണ ങ്ങുകയും അവനെ മാത്രം സ്തുതിച്ചു കൊണ്ടിരിക്കുകയും ചെയ്യുക. ആ സത്യദൈവത്തിന് പകരം, ഒന്നിനെയും സൃഷ്ടിക്കാൻ കഴിവില്ലാത്ത വ്യാജദൈവങ്ങളെ ഭവതി സ്വീകരിക്കുന്നുവോ?**

**ഇസ്‌ലാമിനെക്കുറിച്ച് മഹാറാണിക്ക് എന്തെങ്കിലും സംശയമുണ്ടെങ്കിൽ അതിന്റെ സത്യതയിലേക്കുള്ള അടയാളങ്ങൾ, അദ്ഭുത ദൃഷ്ടാന്തങ്ങൾ കാണിക്കാൻ ഞാനിതാസന്നദ്ധനാണ്. എന്റെ എല്ലാ അവസ്ഥകളിലും ദൈവം എന്നോടൊപ്പമുണ്ട്. ഞാൻ പ്രാർഥിക്കുമ്പോൾ ദൈവം എന്റെ പ്രാർഥന കേൾക്കുന്നു. സ്വീകരിക്കുന്നു. ഞാൻ വിളിക്കുമ്പോൾ അവൻ എനിക്കുത്തരം നൽകുന്നു. ഞാൻ അഭ്യർഥിക്കുമ്പോൾ അവൻ എനിക്ക് സഹായമെത്തിക്കുന്നു. ഞാൻ എവിടെയായാലും ദൈവം എന്നെ സഹായിക്കുമെന്നും എന്നെ ഒരിക്കലും കൈവിട്ടു കളയുകയില്ല എന്നും ഞാൻ വിശ്വസിക്കുന്നു.**

**അല്ലയോ രാജ്ഞീ, പശ്ചാത്തപിക്കുക.! എന്റെ ശബ്ദം കേൾക്കുക. എന്റെ വാക്കുകൾ ശ്രദ്ധിക്കുക. ദൈവം തീർച്ചയായും ഭവതിയെ അനുഗ്രഹിക്കും.**

**ഭൂമിയിലെ രാജ്ഞീ !.......ഇസ്‌ലാം മതം സ്വീകരിക്കുക. തീർച്ചയായും ഭവതി രക്ഷിക്കപ്പെടും.'**

കത്ത് അവസാനിക്കുന്നു. റസൂൽ തിരുമേനി (സ) ഇസ്‌ലാംമത സന്ദേശമെത്തിച്ചുകൊണ്ട് കൈസറിനും കിസ്റാക്കും മറ്റ് സമകാലീന രാജാക്കന്മാർക്കും അയച്ച ചരിത്ര പ്രസിദ്ധമായ കത്തുകളല്ലാതെ ഇതിനോട് സമാനത പുലർത്തുന്ന മറ്റൊരു സന്ദേശവും ലോക ചരിത്രത്തിലില്ല. ഫിർഔനെ സമീപിക്കാൻ ആജ്ഞാപിക്കപ്പെട്ടപ്പോൾ മൂസാ നബി (അ) തന്റെ പരിമിതി വെളിപ്പെടുത്തിക്കൊണ്ടാണ് ചുമതല ഏറ്റത്. റോമാ ചക്രവർത്തിയെ അഭിസംബോധന ചെയ്യാൻ യേശു ക്രിസ്തു തുനിഞ്ഞില്ല. ഹെരോദോ ആഗ്രഹിച്ചപ്പോഴും യേശു അദ്ഭുത ദൃഷ്ടാന്തം കാണിക്കാൻ തയ്യാറായില്ല. എന്നാൽ നബി തിരുമേനി(സ) ഉപയോഗിച്ച അതേ വാക്കുകളാണ് വാഗ്ദത്ത മസീഹ് സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപതിയായ വിക്ടോറിയാ മഹാറാണിയെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് പ്രയോഗിച്ചത്

കത്ത് കിട്ടിയതിന് ശേഷം മഹാറാണി ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)ക്ക് നന്ദി പ്രകാശിപ്പിച്ചു കൊണ്ട് ഒരു മറുപടി അയച്ചുവെന്നത് പ്രസ്താവ്യമാണ്. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)യുടെ എല്ലാ രചനകളും കൃതികളും തനിക്ക് തരണമെന്ന് ചക്രവർത്തിനി ആഗ്രഹം പ്രകടിപ്പിക്കുക കൂടി ചെയ്തുവത്രെ!. ജീവിതാവസാനത്തിൽ വിക്ടോറിയാ രാജ്ഞിയുടെ ഹൃത്തടത്തിൽ ഇസ്‌ലാം മതത്തോട് പ്രത്യേകമായ മമതയും സ്നേഹവുംപ്രതിപത്തിയും ജനിച്ചുവെന്നും അറിവായിട്ടുണ്ട്. മാത്രമല്ല ഒരു മുസ്‌ലിം പണ്ഡിതനെ വെച്ച് ഉറുദു ഭാഷ പഠിക്കാൻ അവർ ശ്രമം നടത്തുകയും ചെയ്തുവെന്നും ഹദ്റത്ത് അഹ്മദ് (അ) തന്റെ 'നൂറുൽ ഖുർആൻ, എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്.

പാശ്ചാത്യരാജ്യങ്ങളിൽ ആദ്യമായി ഇസ്‌ലാമിന്റെ വിജയ പതാക പാറി പറന്നു തുടങ്ങുക ഒരു പക്ഷേ രാജ്ഞിയുടെ നാടായ ബ്രിട്ടനിൽ തന്നെ ആയി കൂടെന്നില്ല.

mta INTERNATIONAL
Muslim Television Ahmadiyya International



# അതിനിഷ്ഠൂരവും പൈശാചികവുമായ ആക്രമണം!! ഖലീഫത്തുൽ മസീഹ് അപലപിക്കുന്നു

പാകിസ്താനിലെ പഞ്ചാബ് സംസ്ഥാനത്ത് ഗുജ്റൻവാലയിൽ 2014 ജൂലായ് 27 ന് ഒരു അഹ്മദി സ്ത്രീയേയും അവരുടെ രണ്ട് പിഞ്ചു പേരക്കുട്ടികളെയും മതതീവ്രവാദികൾ വീടിന് തീവെച്ച് ശഹീദാക്കുകയുണ്ടായി. പിശാചുക്കൾ പോലും ചെയ്യാൻ മടിക്കുന്ന രീതിയിൽ നിരപരാധികളും നിസ്സഹായരുമായ മനുഷ്യരെ ജീവനോടെ തീവെച്ച് കൊല്ലുകയാണുണ്ടായത്. അതിനേക്കാൾ ഭയാനകമായിട്ടുള്ളത് ഇത് അവർ ചെയ്യുന്നത് പരിശുദ്ധ ഇസ്ലാംമതത്തിന്റെ പേരിലാണ് എന്നതാണ്. പാകിസ്താനിൽ ഭരണകൂടത്തിന്റെയും മത തീവ്രവാദികളുടെയും പിന്തുണയോടെ തുടരുന്ന അഹ്മദിയ്യാ പീഡന പരമ്പരയുടെ അവസാനത്തെ സംഭവമാണിത്. ഒരു വശത്ത് അല്ലാഹു ആ നാടിനെ സ്വന്തം ജനതയാൽ തന്നെ ശിക്ഷിച്ചു കൊണ്ടിരിക്കുന്നത് നാം കാണുകയും ചെയ്യുന്നു. അങ്ങേയറ്റം ഹൃദയ ഭേദകമായ ഈ കിരാത കൃത്യത്തിനെതിരെ ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് പുറപ്പെടുവിച്ച പത്രക്കുറിപ്പാണ് താഴെ കൊടുത്തിരിക്കുന്നത്.

*'ഈ ആക്രമണം അങ്ങേയറ്റം ക്രൂരവും പൈശാചികവുമാണ്. സ്വന്തം വീടുകളിൽ ശാന്തമായി കഴിയുന്ന നിരപരാധികളെയാണ് അക്രമിച്ചു കൊലപ്പെടുത്തിയിരിക്കുന്നത്. അഹ്മദിയ്യാ ജമാഅത്തിലെ ഒരു അംഗം പ്രകോപനമുണ്ടാക്കിയതിന്റെ പേരിലാണ് ഈ അക്രമണം നടന്നതെന്നാണ് അവർ വ്യാജമായി പ്രചരിപ്പിക്കുന്നത്. ഈ ആരോപണം തികച്ചും കളവും യാതൊരു അടിസ്ഥാനമില്ലാത്തതുമാണ്. ഈ പാതകം നിർവഹിച്ചവർ യഥാർഥത്തിൽ ഒരു വ്യക്തിയാൽ പ്രകോപിതരായെങ്കിൽ അയാളുടെ അറസ്റ്റായിരുന്നു അവർ ആവശ്യപ്പെടേണ്ടിയിരുന്നത്. അതിന് പകരം അവർ ഒരു പ്രായം ചെന്ന സ്ത്രീയേയും അവരുടെ രണ്ട് പിഞ്ചുകുഞ്ഞുങ്ങളെയും ജീവനോടെ തീവെച്ച് കൊല്ലുകയായിരുന്നു. സത്യത്തിൽ ഇത് യാതൊരു പ്രകോപനവുമില്ലാതെ നടത്തിയ മനുഷ്യത്വത്തിന്റെ എല്ലാ അതിർവരമ്പുകളും ലംഘിക്കുന്ന വിധത്തിൽ രണ്ട് കുഞ്ഞുങ്ങളടക്കം മൂന്നു പേരുടെ മരണത്തിൽ കലാശിച്ച ഒരു ആക്രമണമായിരുന്നു. ഈ അക്രമണം നടക്കുമ്പോൾ ലോക്കൽ പോലീസ് യാതൊരു നടപടിയും സ്വീകരിക്കാതെ നോക്കി നിൽക്കുകയായിരുന്നു. പാകിസ്താൻ അധികൃതർ അഹ്മദിയ്യാ പീഡകരെ സഹായിക്കുന്നു എന്നതിന്റെ മറ്റൊരു ഉദാഹണമാണിത്.*

*ഒരു കാര്യം ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. ഭൗതികലോകം പ്രതിഷേധിക്കുന്നത് പോലെ നാം പ്രതിഷേധിക്കുകയോ പ്രതിഷേധം തെരുവിലേക്ക് വലിച്ചിഴക്കുകയോ ചെയ്യില്ല. ഇപ്പോൾ നാം അഭിമുഖീകരിക്കുന്ന എല്ലാവിധ പീഡനങ്ങൾക്ക് മുമ്പിലും അല്ലാഹുവിന്റെ മുന്നിൽ തലകുനിച്ചു കൊണ്ട് ഞങ്ങൾ സഹായത്തിനും അവന്റെ കാരുണ്യത്തിനും വേണ്ടി അർഥിക്കുകയാണ്. ഞങ്ങളുടെ പ്രതികരണം എപ്പോഴും അങ്ങനെ തന്നെയായിരിക്കും.*

*കുടിലമായ ഈ ആക്രമണം നടത്തിയിട്ടുള്ളത് ഇസ്ലാം മതത്തിന്റെ പേരിലാണ്. വാസ്തവത്തിൽ ഇസ്ലാമുമായോ അതിന്റെ അധ്യാപനങ്ങളു മായോ ഈ ആക്രമണങ്ങൾക്ക് യാതൊരു ബന്ധവുമില്ല. ഇത്തരം ദയാരഹിതമായ ആക്രമണം അങ്ങേയറ്റത്തെ മനുഷ്യത്വ വിരുദ്ധമായ പ്രവർത്തിയാ ണെന്ന് കരുതാനേ കഴിയൂ. ഇത്തരം മൃഗീയമായ ആക്രമണങ്ങൾ പരിശുദ്ധ ഇസ്ലാമിന്റെ മുഖത്തെ കളങ്കമല്ലാതെ മറ്റൊന്നുമല്ല. കൊല്ലുകയും സംഹാരാത്മകമായി എതിർക്കുകയും ചെയ്യുക എന്നത് ഇസ്ലാമിന്റെ പ്രവർത്തിയല്ല. ദൈവത്തിൽ വിശ്വസിക്കാത്തവരുടെ പ്രവർത്തിയാണ്. അതായത് ഏറ്റവും പ്രാഥമികമായ മാനവിക മൂല്യത്തിൽ പോലും വിശ്വസിക്കാത്ത വരുടെയും മാന്യതയില്ലാത്തവരുടെയും പ്രവൃത്തി.!!. ശഹീദാക്കപ്പെട്ടവരുടെ ബന്ധുക്കൾക്കും ലോകത്തെല്ലായിടത്തുമുള്ള അഹ്മദികൾക്കും അല്ലാഹു സഹനം നൽകുമാറാകട്ടെ.'*

കുറിപ്പുകൾ

# ഫലസ്തീൻ:
# നിലക്കാത്ത ദീനരോധനങ്ങൾ

മുസാഫിർ

പിറന്ന നാട്ടിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട് ഗസ്സ മുനമ്പിൽ പരിമിതമായ സാഹചര്യത്തിൽ അഭയാർഥികളായികഴിയുന്ന നിസ്സഹായരായ സിവിലിയൻ ജനതയുടെ മേൽ സകല നീതി തത്ത്വങ്ങളും യുദ്ധമര്യാദ പോലും ലംഘിച്ചു കൊണ്ട് ഇസ്റയേൽ നടത്തുന്ന ഏകപക്ഷീയമായ യുദ്ധം ഇരുപതു ദിവസം പിന്നിട്ടപ്പോൾ മരണസംഖ്യ 1060 ആയി. 2014 ജൂലായ് 27 ന് 24 മണിക്കൂർ താൽകാലിക വെടിനിർത്തൽ പ്രഖ്യാപിക്കുന്നത് വരെയുള്ള കണക്കാണിത്. രണ്ട് ലക്ഷത്തിലേറെ പേർ അഭയാർഥികളായി. ഫലസ്തീനികളിൽ മരിച്ചവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളും പിഞ്ചുകുട്ടികളുമാണ്. അണ്വായുധം സ്വന്തമായുള്ള രാജ്യമായാണ് ഇസ്റയേൽ വിലയിരുത്തപ്പെടുന്നത്. മാത്രമല്ല അമേരിക്കയിലേക്കും യൂറോപ്പിലേക്കും, ഇന്ത്യയടക്കം ഏഷ്യൻ രാജ്യങ്ങളിലേക്കും ആയുധം കയറ്റുമതി ചെയ്യുന്ന ലോക ആയുധ വ്യാപാരത്തിന്റെ 10% പങ്കും ഇസ്റായേലിന്റെ വകയാണ്. ലോകത്തിലെ അഞ്ചാമത്തെ സൈനികശക്തിയുമാണ് അവർ. ഇസ്റയേലും പ്രതിയോഗിയായ ഹമാസും തമ്മിൽ ദാവീദും ഗോലിയാത്തും പോലെ അന്തരം!!. പീഡിതാവസ്ഥയിൽ നീതി നിഷേധിക്കപ്പെട്ട ഒരു ജനതക്ക് വേണ്ടി ചെറുത്ത് നിൽപ്പ് നടത്തുന്ന, ജിഹാദ് ലഹരിയുള്ള സായുധ രാഷ്ട്രീയ സംഘടനയാണ് ഹമാസ്. ഇസ്റയേലിന്റെ സൈനിക ശക്തിക്കുമുമ്പിൽ അവരുടെ നാടൻ റോക്കറ്റുകളുപയോഗിച്ചുള്ള ജിഹാദ് ഒന്നുമല്ല. അതിർത്തിയിൽ ഫലസ്തീനികൾ കുഴിച്ചുവച്ച തുരങ്കങ്ങൾ മുഴുവൻ തകർത്താൽ മാത്രമേ യുദ്ധത്തിൽ നിന്നും പിൻവാങ്ങുകയുള്ളൂ എന്നാണ് ഇസ്റായേലിന്റെ നിലപാട്. അനീതിപരമായ ഈ യുദ്ധം നിർത്താൻ ഫലപ്രദമായി ഒന്നും ചെയ്യാതെ മൗനം പാലിച്ചു ലോകം നിൽക്കുന്ന കാഴ്ച്ച അങ്ങേയറ്റം വേദനാജനകവും അപലപനീയവുമാണ്. മാനവരാശിക്ക് തന്നെ ഈ കാലഘട്ടത്തിൽ സംഭവിച്ച സാർവത്രികമായ മനുഷ്യത്വമില്ലായ്മയുടെ ആഴം ഈ നിസ്സംഗത വ്യക്തമാക്കുന്നു.



ഗാന്ധിജിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ശ്രീമതി ഇന്ദിരാഗാന്ധിയും ശ്രീ രാജീവ് ഗാന്ധിയുമടക്കം കോൺഗ്രസ്സ് ഭരണ കൂടങ്ങൾ പീഡിതരായ ഫലസ്തീൻ ജനതയോട് എപ്പോഴും അനുഭാവം കാണിച്ചിരുന്നു. ഇന്ദിരാഗാന്ധി എനിക്ക് സഹോദരിയാണെന്ന് പറഞ്ഞ അറഫാത്തിനേയും രാജീവ് ഗാന്ധി വധിക്കപ്പെട്ടപ്പോൾ 'ഞങ്ങളുടെ വലത് കൈ നഷ്ടപ്പെട്ടു' എന്ന് പറഞ്ഞ് വാവിട്ടുകരഞ്ഞ ഫലസ്തീൻ ജനതയേയും സ്മരിക്കുക. അതിൽ നിന്നും വിഭിന്നമായി ഇസ്റയേലി അതിക്രമത്തെ പാർലമെന്റിൽ അപലപിക്കാൻ പോലും തയ്യാറാകാത്ത ബി ജെ പി സർക്കാർ ഇന്ത്യയുടെ മഹത്തായ പാരമ്പര്യമാണ് കളങ്കപ്പെടുത്തിയിരിക്കുന്നത്.

41 കി. മി. നീളവും 6 മുതൽ 12 കി. മി. വീതിയും 365 ച. കി. മി വിസ്തീർണമുള്ളതും ഈജിപ്തും മദ്ധ്യധരണ്യാഴിയും ഇസ്റായേലിനും

മദ്ധ്യേ നിൽക്കുന്നതുമായ ഒരു തുണ്ടു ഭൂമിയാണ് ഗസ്സ. ലോകത്തെ ഏറ്റവും ജനസാന്ദ്രതയേറിയ പ്രദേശങ്ങളിൽ ഒന്നായ ഗസ്സയിൽ ജീവിക്കുന്നത് 18 ലക്ഷം ജനങ്ങളാണ്. ഈസ്റയേലിന്റെ ആക്രമണത്തിൽ നിന്ന് ഓടിയൊളിക്കാൻ ഒരിടം പോലുമില്ലാതെ ബോംബുകൾക്കും തോക്കുകൾക്കും ഇരയായി ദാരുണമാം വിധം അവരുടെ ജീവിതം ഒടുങ്ങി തീരുകയാണ്. 2008 ൽ ഇത് പോലെയുള്ള ആക്രമണത്തിൽ 1417 പേരെയാണ് ഇസ്റയേൽ വധിച്ചത്. യഹൂദ മത പാഠശാലയിലെ മൂന്ന് വിദ്യാർഥികളെ തട്ടികൊണ്ടു പോയി കൊലപ്പെടുത്തി എന്നതാണ് ഇപ്പോഴത്തെ ആക്രമണത്തിന് കാരണമായി ഹമാസിന്റെ മേൽ ഇസ്റയേൽ ഉന്നയിക്കുന്ന ആരോപണം. സംഘർഷഭരിതമായ ഫലസ്തീനിൽ മറ്റാരോ ആണ് അത് ചെയ്തത് തങ്ങൾ അതിന് ഉത്തര വാദികളല്ല എന്ന് ഹമാസ് ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അത്തരം ക്രൂരചെയ്തികൾ ആര് ഏത് സന്ദർഭത്തിൽ ചെയ്താലും അത് അപലപനീയം തന്നെയാണ്.

ലോകത്ത് ക്രൂരമായ രീതിയിൽ പീഡിപ്പിക്കപ്പെടുന്ന ഒരു സമൂഹമാണ് ഫലസ്തീനികൾ. ഫലസ്തീൻ അറബികളെ അവരുടെ ജന്മനാട്ടിൽ നിന്നും എങ്ങനെ പുറത്താക്കി അഭയാർഥികളാക്കി മാറ്റി എന്നതിന്റെ ചരിത്രപശ്ചാത്തലം നാം അറിഞ്ഞിരിക്കണം. എങ്കിൽ മാത്രമേ വഞ്ചിക്കപ്പെട്ട ആ ജനതയുടെ വേദന നമുക്ക് ഗ്രഹിക്കാൻ സാധിക്കൂ. ഒന്നാം ലോക മഹായുദ്ധത്തിൽ തുർക്കി ഖിലാഫത്തിന്റെ കീഴിലുണ്ടായിരുന്ന മദ്ധ്യപൗരസ്ത്യ ദേശം ബ്രിട്ടനും ഫ്രാൻസും ചേർന്ന് രഹസ്യമായി പങ്കുവെച്ച കഥ കഴിഞ്ഞ ലക്കം ഇതേ പംക്തിയിൽ വിവരിച്ചിരുന്നുവല്ലോ. ഫലസ്തീൻ യഹൂദന്മാർക്ക് നൽകണമെന്ന ഉദ്ദേശ്യത്തോടെ ബ്രിട്ടൻ ആ പ്രദേശം മാൻഡേറ്ററി ഭരണത്തിന്നു കീഴിലാക്കി.

യുദ്ധാനന്തരം ഇത് ഒരവസരമായി കണ്ട സയണിസ്റ്റുകൾ ബ്രിട്ടന്റെമേൽ സമ്മർദം ചെലുത്തി. 1917 ൽ ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി ആർതർ ജെയിംസ് ബാൽഫർ ഫലസ്തീനിൽ ഒരു ജൂതരാജ്യം സ്ഥാപിക്കാൻ ബ്രിട്ടന് സമ്മതമാണെന്ന് കാണിച്ച് ബ്രിട്ടീഷ് ജൂയിഷ് കമ്മ്യൂണിറ്റി നേതാവായ ബറോൺ റൂത്ത് ചൈൽഡിന് ഒരു കത്ത് അയച്ചു. ആ കത്തിലാണ് ഇസ്റായേലിന് ഫലസ്തീൻ മണ്ണിൽ ഭൂമി വാഗ്ദാനം ചെയ്തത് ഇതാണ് ബാൽഫർ പ്രഖ്യാപനം എന്ന പേരിലറിയപ്പെടുന്നത്. ഒന്നാം ലോക മഹായുദ്ധത്തിൽ ലോക യഹൂദ ഏജൻസി (Jewish Agency for Israel), ബ്രിട്ടനും സഖ്യകക്ഷികൾക്കും നൽകിയ സഹായത്തിനുള്ള പ്രതിഫലമായിരുന്നു ഈ പ്രഖ്യാപനം. യുദ്ധത്തിൽ ഉപയോഗിക്കുന്ന സ്ഫോടക വസ്തുക്കൾ നൽകിയതിന് അതിന്റെ നിർമാതാവും ഇംഗ്ലണ്ടിലെ സയണിസ്റ്റ് നേതാവുമായ ബയിം വീസ്മാനും ബ്രിട്ടീഷ് ഗവൺമെന്റും തമ്മിൽ 1914 ൽ ഒരു കരാറിലൊപ്പു വെച്ചിരുന്നു. അത് പ്രകാരം ഫലസ്തീനും ഗസ്സയും ജോർദാനുമാണ് സയണിസ്റ്റുകൾക്ക് പ്രതിഫലമായി നൽകാമെന്ന് ബ്രിട്ടൻ സമ്മതിച്ചത്. ആ കരാറാണ് ബാൽഫർ പ്രഖ്യാപനത്തോടെ ബ്രിട്ടൻ നിറവേറ്റിയത്.

ഫലസ്തീനിൽ അക്കാലത്ത് നാമമാത്രമായ യഹൂദർ മാത്രമാണ് താമസിച്ചിരുന്നത്. ബാൾഫർ പ്രഖ്യാപനത്തിന് മുമ്പ് തുർക്കികളുടെ ഭരണകാലത്ത് 1888 ൽ ജെറുസലെം പട്ടണത്തിൽ മാത്രം നടന്ന ഒരു സെൻസസ് ഇത് വ്യക്തമാക്കുന്നു. ജെറുസലേമിലെ മൊത്തം ജന സംഖ്യ 472,455 ആണ്. അതിൽ മുസ്‌ലിംകൾ-403,795 (85%) തദ്ദേശീയ യഹൂദർ-15,001 (3.2%) വിദേശ യഹൂദർ-10,000 (2.1%) ക്രിസ്ത്യാനികൾ-43,659-(9.2%) (http://www.cjpmo.org). ഈ ഘട്ടത്തിൽ ഫലസ്തീനിൽ യഹൂദരുടെ കൈവശം മൊത്തം ഭൂമിയുടെ രണ്ട്ശതമാനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബ്രിട്ടീഷ് ഭരണത്തിന് കീഴിൽ ഫലസ്തീനിൽ നിരവധി ജൂതഗ്രൂപ്പുകൾക്ക് ഗറില്ല യുദ്ധമുറകൾ പരിശീലിക്കാൻ അവസരം അനുവദിച്ചു. അപ്രകാരം സ്വയം രക്ഷക്കെന്ന് പറഞ്ഞ് യഹൂദർക്ക് ആയുധം ധരിക്കാനുള്ള അനുവാദവും ഉണ്ടായിരുന്നു. ഫലസ്തീൻ അറബികൾക്ക് ആയുധം കൈവശം വെക്കുന്നത് നിയമ വിരുദ്ധവുമായിരുന്നു. അങ്ങനെ സായുധരായ ജൂതഭീകര ഗ്രൂപ്പുകൾ കലാപങ്ങളുണ്ടാക്കി ഫലസ്തീകളെ പലായനം ചെയ്യാൻ പ്രേരിപ്പിക്കുകയായിരുന്നു. 1946 ൽ ഫലസ്തീൻ പ്രശ്നം പഠിക്കുവാൻ ഒരു ബ്രിട്ടീഷ് അമേരിക്കൻ സംയുക്ത സമിതിയെ യു.എൻ നിയമിക്കുകയും അവർ അവിടെ സന്ദർശിക്കുകയും ഒരു ലക്ഷം ജൂതരെ അവിടെ കുടിയിരുത്താൻ അനുമതി നൽകണമെന്ന വിചിത്ര നിർദേശം ആ സമിതി മുന്നോട്ട് വെക്കുകയും ചെയ്തു. 1947 ൽ സയണിസ്റ്റുകൾ ബ്രിട്ടനുമേൽ സമ്മർദം ചെലുത്തി ഫലസ്തീൻ വിഭജിക്കണമെന്ന പ്രമേയം ഐക്യരാഷ്ട്ര സഭയുടെ പൊതു സഭയിലെത്തിച്ചു. അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ഹാരി എസ്. ട്രൂമാന്റെ ശക്തമായ സമ്മർദവുമുണ്ടായിരുന്നു. അറബികളായ പ്രതിനിധികൾ പൊതുവേ ദുർബലമായ ന്യായങ്ങൾ നിരത്തിയായിരുന്നു ഫലസ്തീൻ വിഭജനത്തെ നേരിട്ടത്. ആ സന്ദർഭത്തിൽ പുതുരാജ്യമായ പാകിസ്താന്റെ പ്രതിനിധിയായി ഐക്യരാഷ്ട്ര സഭയിൽ എത്തിയ സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഗർജിക്കുന്ന സിംഹത്തെ പോലെ പാശ്ചാത്യ സയണിസ്റ്റ് ലോബിയെ നേരിട്ടു. അന്താരാഷ്ട്ര നിയമങ്ങളിൽ അഗാധ വിജ്ഞാനമാർജിച്ചയാളും ഫലസ്തീൻ ചരിത്രത്തിൽ ആധികാരിക പണ്ഡിതനും വാദപ്രതിവാദത്തിൽ അജയ്യനുമായ സഫറുല്ലാഹ് ഖാന്റെ വാദമുഖങ്ങൾക്ക് മുമ്പിൽ പാശ്ചാത്യ സയണിസ്റ്റ് ലോബിയുടെ എല്ലാ ന്യായവാദങ്ങളും പരാജയപ്പെടുകയായിരുന്നു. സഫറുല്ലാഹ് ഖാന്റെ ഈ ഗംഭീര പ്രകടനത്തെ പറ്റി അന്നത്തെ ഡൽഹി സ്റ്റേറ്റ്മാൻ പത്രം എഴുതുന്നു.:

'ആഗോള പ്രാധാന്യമുള്ളതും ആളിക്കത്തുന്നതുമായ ഒരു വിഷയത്തിൽ ആദ്യമായാണ് ഐക്യ

രാഷ്ട്ര സഭയുടെ കൗൺസിലിൽ പാകിസ്താൻ പ്രതിനിധിയുടെ ശബ്ദം കേൾക്കുന്നത്. ചൊവ്വാഴ്ചത്തെ ലേക്കിൽ ചേർന്ന ഫലസ്തീൻ കമ്മിറ്റിയെ പാകിസ്താൻ പ്രതിനിധി സർ സഫറുല്ലാഹ് ഖാനായിരുന്നു അഭിസംബോധന ചെയ്തത്. വലിയ വിജയമായിരുന്നു അത്. ഫലസ്തീൻ വിഭജനത്തിന്റെ വക്താക്കളെ പുറം മോടിയുള്ള വാചോടാപങ്ങളെ തുണ്ടം തുണ്ടമാക്കുന്ന ഹൃദയസ്പൃക്കായ പ്രഭാഷണമായിരുന്നു അത്. വിഭജിക്കാനുള്ള പ്ലാൻ ഭൗതികമായും ഭൂമിശാസ്ത്രപരമായും ഒരു പൈശാചിക കൃത്യമാണ് എന്ന വെറും ഒരു വാദമവതരിപ്പിക്കുകയല്ല അദ്ദേഹം ചെയ്തത്. തന്റെ വാദം തെളിയിക്കാൻ അനിഷേധ്യമായ തെളിവുകൾ അദ്ദേഹം നിരത്തുകയുണ്ടായി. സ്ഥലം മാറ്റപ്പെട്ട ജൂതന്മാർ ഫലസതീനിലേക്ക് കുടിയേറാൻ ആഗ്രഹിക്കുന്നത് കൊണ്ട് അത് അനുവദിക്കണം എന്നതായിരുന്നു അവരുടെ വാദം. ഈ വാദത്തെ ഖണ്ഡിച്ചു കൊണ്ട് പാകിസ്താൻ പ്രതിനിധി ചോദിച്ചു. മറ്റു രാജ്യങ്ങളിലെ സ്ഥലം മാറ്റപെട്ട ജനങ്ങൾ, അവർ അമേരിക്കയിലേക്ക് വരാൻ ആഗ്രഹിക്കുകയാണെങ്കിൽ അവരെ കുടിയിരുത്താൻ അമേരിക്ക തങ്ങളുടെ കുടിയേറ്റ നിയമങ്ങൾ ഉദാരമാക്കുകയോ റദ്ദാക്കുകയോ ചെയ്യുമോ?. പഞ്ചാബിലെ അഞ്ച് ലക്ഷം വരുന്ന സ്ഥലം മാറ്റപ്പെട്ട ജനത തങ്ങളുടെ ദുരിതമയമായ സ്ഥലത്ത് നിന്ന് അമേരിക്കയിലേക്ക് വരാനാഗ്രഹിച്ചാൽ അവരെ സ്വീക രിക്കാൻ അമേരിക്ക തയ്യാറാകുമോ? അറബികൾ തങ്ങളെ പ്രതിരോധിക്കാ നായി പാകിസ്താൻ പ്രതിനിധി അതിശക്തമായുയർത്തിയ വാദങ്ങളിൽ ആഹ്ലാദം കൊള്ളുന്നതായി ഞങ്ങൾ കരുതുന്നു'. (The Statesman, Delhi, dated October 8, 1947) അവസാനം വിഭജന പ്രമേയം പരാ ജയപ്പെട്ടു പോകും എന്ന ഭീതിയിൽ പ്രമേയത്തിന്മേലുള്ള വോട്ടെടുപ്പ് മൂന്ന് ദിവസം നീട്ടിവെക്കുകയുണ്ടാ യി. അതിനിടയിൽ പല രാജ്യങ്ങളുടെയും പ്രതിനിധിളുടെമേൽ അവരുടെ മനസ്സാക്ഷിക്ക് വിരുദ്ധമായി വിഭജനത്തിന് അനുകൂലമായി വോട്ടു ചെയ്യാൻ വമ്പിച്ച നയതന്ത്ര സമ്മർദങ്ങൾ നടത്തിയും ചെറിയ രാജ്യങ്ങളെ ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പിച്ചും ദുരൂഹ മാർഗത്തിലൂടെ വിഭജന പ്രമേയം പാസ്സാക്കുകയായിരുന്നു. 1947 ലാണ് ഫലസ്തീൻ വിഭജന പ്രമേയമുണ്ടാകുന്നത് 1948 മെയ്14 ന് ബ്രിട്ടീഷ് ഹൈകമ്മീഷണർ ഫലസ്തീൻ വിട്ടുപോയതോടെ മാൻഡേറ്ററി ഭരണവുമവസാനിച്ചു. അന്ന് തന്നെ ഇസ്റായേൽ രാഷ്ട്രം രൂപീകൃതമായി. ഈ രണ്ടു തീയതികൾക്കിടയിൽ വിഭജന പ്രമേയത്തിലുള്ള സ്ഥലങ്ങൾക്ക് പുറമേ അറബികൾക്കനുവദിച്ച പ്രദേശങ്ങൾ കൂടി സയണിസ്റ്റ് ഭീകര സൈന്യം കൈവശ പ്പെടുത്തി. യാഫയും അക്കായും ഇങ്ങനെ അറബികൾക്ക് ഇസ്റയേൽ രൂപീകരണത്തിന് മുമ്പ് തന്നെ നഷ്ടപ്പെട്ട സ്ഥലങ്ങളാണ്. പിന്നീട് പല യുദ്ധങ്ങലൂടെയും ഇസ്റയേൽ രാജ്യം വികസിപ്പിക്കുകയുണ്ടായി. ഈജിപ്തിലെ നൈൽ നദി മുതൽ ഇറാഖിലെ യൂഫ്രട്ടീസ് നദിവരെയുള്ള വിശാലമായ അറബ് മേഖല മുഴുവനുമാണ് ഈ സിയോണിസ്റ്റ് ആചാര്യന്മാരുടെ വാഗ്ദത്ത ഭൂമി എന്ന് നാം ഓർക്കണം. പ്രസ്തുത യുദ്ധങ്ങളിൽ ജന്മനാട്ടിൽ നിന്നും ആട്ടിയോടിക്കപ്പെട്ട ഫലസ്തീനികൾ ഗസ്സ, വെസ്റ്റ് ബാങ്ക്, സിറിയ, ലെബനോൻ, ജോർദാൻ എന്നിവിടങ്ങളിൽ അഭയാർഥികളായി കഴിയുന്നു. അവിടെയും ഇസ്റയേൽ ആക്രമണം തുടരുകയാണ്. ഫലസ്തീനിലാകട്ടെ ഇസ്റയേൽ രൂപീകരണത്തിന് മുമ്പും ശേഷവും ജൂതന്മാർ ഇസ്റയേലിലേക്ക് വന്നിരുന്നില്ല. യഹൂദികൾ വസിക്കുന്ന രാജ്യങ്ങളിൽ സയണിസ്റ്റുകൾ തന്നെ ജൂതന്മാർക്കെതിരെ കലാപങ്ങളുണ്ടാക്കി ഇസ്റയേലിലേക്ക് യഹുദ പ്രവാഹം സൃഷ്ടിക്കുകയായിരുന്നുവെന്ന് പല ചരിത്രകാരന്മാരും തെളിവുകൾ സഹിതം ചൂണ്ടിക്കാട്ടുന്നു.

അത്തരത്തിൽ ഫലസ് തീനിലേക്കുള്ളയഹൂദികളുടെ പ്രയാണത്തെയാണ് 'ആലിയ' (Aliyah) എന്ന് പറയുന്നത്. ആലിയ എന്ന ഹിബ്രു പദത്തിന് മതപരമായി പല മാനങ്ങളുമുണ്ട്. പലസ്തീൻ ഭൂമിയിലേക്കുള്ള പ്രയാണം എന്നാണ് ഇതിന് സിയോണിസ്റ്റുകൾ കൽപ്പിക്കുന്ന അർഥം. ലോകത്തിന്റെ നാനാഭാഗത്തേക്കും പൗരാണികകാലത്ത് തന്നെ കുടിയൊഴിഞ്ഞു പോയവരും ഒന്നാം നൂറ്റാണ്ടിൽ റോമക്കാർ പുറത്താക്കിയവരുമാണ് യഹൂദർ. പല ചരിത്ര സന്ദർഭത്തിലും ചിതറിത്തെറിച്ച (Diaspora) യഹൂദരുടെ വാഗ്ദത്ത ഭൂമിയായ ഫലസ് തീനിലേക്കുള്ള മടക്കമായിട്ടാണ് സിയോണിസ്റ്റുകൾ ആലിയയെ കാണുന്നത്. അതായത് ഡയസ്പോറയുടെ (ചിതറിത്തെറിക്കലിൽ) ഒരു വിപരീത പ്രതിഭാസമാണ് ആലിയ (തിരിച്ചുപോക്ക്) എന്നാണ് സയണിസ്റ്റുകളുടെ വാദം. ഫലസ്തീൻ എന്ന പദത്തിന് പകരം 'ഇസ്റയേൽ ഭൂമി' -എർള് ഇസ്റയേൽ (Eretz Yisrael Land of Israel ) എന്ന പദമാണ് സിയോണിസ്റ്റുകൾ ഉപയോഗിക്കുക. ഇസ്റയേലിലേക്കുള്ള ഈ പ്രയാണം തങ്ങളുടെ മതകൽപ്പന അനുസരിച്ചുള്ളതാണെന്നാണ് സിയോണിസ്റ്റുകളുടെ ഭാഷ്യം. ആലിയ എന്ന പദത്തിന് വാസ്തവത്തിൽ 'ഉന്നതിയിലേക്കുള്ള കയറ്റം' എന്ന ആത്മീയാർഥമാണുള്ളത്. ഏത് മതത്തിലുമുള്ളത് പോലെ അതാത് മതവുമായി ബന്ധപ്പെട്ട് മതപരമായ സ്മരണകളുണർത്താനും ആത്മീയമായ ഉന്നതിക്കും വേണ്ടിയുള്ള ഒരു തീർഥാടനം എന്ന അർഥമേ യഹൂദമതത്തിലെ ആലിയക്കും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളൂ. അത് രാഷ്ട്രീയമായ കുടിയേറ്റമോ അധിനിവേശമോ ആയി കാണുന്ന സിയോണിസത്തിന്റെ ആത്മീയ ദാരിദ്ര്യവും കൊളോണിയൽ ദുർമോഹങ്ങളുമാണ് ഇവിടെ പ്രകടമാവുന്നത്. ആയിരക്കണക്കിന് വർഷങ്ങളായി അവിടെ താമസിക്കുന്ന ഫലസ്തീൻ മണ്ണിന്റെ മക്കളായ അറബികളെ ആട്ടിയോടിക്കുന്നതിനെ വളരെ വിചിത്രവും അപഹാസ്യവും നീതി തത്ത്വങ്ങൾ

ക്ക് വിരുദ്ധവുമായ വാദങ്ങളുന്നയിച്ചാണ് സയണിസ്റ്റുകൾ ന്യായീകരിക്കുന്നത്. അതായത് വാഗ്ദത്ത ഭൂമിയായ ഇസ്റയേൽ യഹോവ ഇസ്റയേലികൾക്ക് ബൈബിളിൽ വാഗ്ദാനം ചെയ്തതാണ്. അതുകൊണ്ട് ആ ഭൂമിയിൽ മറ്റാർക്കും താമസിക്കാൻ അവകാശമില്ല എന്നാണ് വാദം. ബൈബിൾ പറയുന്നു: '*നിന്റെ സന്തതിക്ക് ഞാൻ മിസ്രയീം നദി മുതൽ ഫ്രാത്ത് നദിയായ മഹാനദിവരെ ഈ ദേശത്തെ തന്നിരിക്കുന്നു.' (ഉൽപത്തി: 15:18) 'എതിരിടുന്നുന്ന ജനതയിൽ സംഭ്രാന്തിയുണ്ടാക്കും....നീപെരുകി രാജ്യത്തു നിറയുംവരെയും പടിപടിയായി അവരെ ഞാൻ പുറന്തള്ളും. നിന്റെ ദേശം ചെങ്കടൽ മുതൽ ഫെലിസ്തീയരുടെ കടൽ വരെയും മരുഭൂമി മുതൽ യൂഫ്രട്ടീസ് നദിവരെയും ആയിരിക്കും. തദ്ദേശ വാസികളെ ഞാൻ നിങ്ങളുടെ കയ്യിൽ അകപ്പെടുത്തും നീ അവരെ നിന്റെ മുമ്പിൽ നിന്ന് നീക്കിക്കളയണം.' (പുറപ്പാട്:23:32)* ഇങ്ങനെയുള്ള നിരവധി വചനങ്ങൾ ബൈബിളിലുണ്ട്. അതായത് യഹൂദ ജനത മാത്രമാണ് ദൈവത്തിന്റെ സ്വന്തം ജനത. മറ്റുള്ളവർ യഹൂദരുടെ ദൈവത്തിന് രണ്ടാം കിടക്കാരാണ്. പുരാതന കാലം മുതൽ യഹൂദർ ഫലസ്തീൻ ഉപേക്ഷിച്ച് മറ്റിടങ്ങളിൽ ജീവിച്ചാലും അവിടെ ആയിരക്കണക്കായ വർഷങ്ങളായി ജീവിക്കുന്ന ജാതികൾക്ക് ഫലസ്തീൻ മണ്ണിൽ അവകാശമില്ല. തദ്ദേശവാസികളായ ജനങ്ങൾ അവർക്കായി നാടൊഴിഞ്ഞു കൊടുക്കണം.!! അതിനുള്ള പ്രമാണ രേഖയാകട്ടെ വിശുദ്ധ ബൈബിളും.!!. വാസ്തവത്തിൽ അറേബ്യൻ ഉപദ്വീപിൽ നിന്നും കുടിയേറിയ അരാമ്യർ, കനാന്യർ, അമോര്യർ എന്നീ മൂന്ന് ജനവിഭാഗങ്ങൾക്ക് ശേഷമാണ് ഹിബ്രു ജനത അവിടെയെത്തുന്നതെന്ന് ബൈബിളിൽ തന്നെ പ്രത്യക്ഷമായ തെളിവുണ്ട്. അതുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പല കാരണങ്ങളാൽ ആയിരക്കണക്കായ വർഷങ്ങളായി താമസിച്ചു വരുന്ന യഹൂദർ ഫലസ്തീനിലേക്ക് തിരിച്ചു വരണം എന്നാണ് സിയോണിസത്തിന്റെ ആഹ്വാനം. സാന്ദർഭികമായി ഒരു കാര്യം പറയട്ടെ സിയോണിസത്തിന്റെ ഈ ആഹ്വാനം കൊണ്ട് ഏത് രാജ്യത്ത് ജീവിക്കുന്ന യഹൂദനും തന്റെ ജന്മനാടിനോട് കൂറ് നഷ്ടപ്പെടുന്നു. നമ്മുടെ നാടും അതിന് സാക്ഷ്യം വഹിക്കുകയുണ്ടായി. 1948 ൽ ഇസ്റയേൽ രൂപീകരിച്ചപ്പോൾ നമ്മുടെ കൊച്ചിയിൽ ആയിരക്കണക്കായ വർഷങ്ങളായി ജീവിച്ചു വന്നിരുന്ന യഹൂദർ സിനഗോഗുകളടക്കം വിറ്റ് ഇസ്റയേ ലിലേക്ക് പോയത് ഉദാഹരണം.

വാസ്തവത്തിൽ ഫലസ്തീൻ പ്രശ്നത്തിൽ സിയോണിസ്റ്റുകൾക്ക് മാത്രമല്ല പാശ്ചത്യനാഗരികതക്കും വലിയ പങ്കുണ്ട്. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലം മുതൽ യഹൂദരെ നൂറ്റാണ്ടുകളായി പീഡിപ്പിച്ചതും കൂട്ടക്കൊലക്ക് ഇരയാക്കിയതും പാശ്ചാത്യ ക്രൈസ്തവ ലോകമായിരുന്നു. യേശുവിന്റെ ഘാതകർ എന്ന നിലക്ക് യഹൂദരെ അവർ വെറുക്കപ്പെട്ട ഒരു ജനതയായിട്ടാണ് കണ്ടിരുന്നത്. മുസ്‌ലിം ഭരണകൂടങ്ങൾക്ക് കീഴിൽ മാത്രമാണ് പ്രത്യേകിച്ച് മുസ്‌ലിം സ്പെയിനിൽ, യഹൂദർ സമാധാനത്തോടെ കഴിഞ്ഞതും ആത്മാഭിമാനത്തോടെ ജീവിച്ചതും. ആ മുസ്‌ലിംകൾക്കെതിരെ യഹൂദർ ആജന്മ ശത്രുക്കളെ പോലെ പെരുമാറുന്നത് ചരിത്രത്തിന്റെ നിഗൂഢയുക്തിയായേ കരുതാൻ കഴിയൂ. മദ്ധ്യകാലഘട്ടത്തിൽ പാശ്ചാത്യലോകം നടത്തിയ യഹൂദ വേട്ടയെ സംബന്ധിച്ച് 'ഫ്രീഡം അറ്റ് മിഡ്നൈറ്റ്' എന്ന വിഖ്യാത കൃതിയുടെ കർത്താക്കൾ എഴുതിയ പുസ്തകത്തിൽ നിന്നും ഉദ്ധരിക്കാം.

'ചിതറിത്തെറിക്കലിന് ശേഷം (Diaspora) അവർ വന്നുപെട്ട എല്ലാ അഭയകേന്ദ്രങ്ങളിൽ നിന്നും അനുസ്യൂതമായ പീഡനമെന്ന ശാപം അവരുടെ അഭ്യർഥനയെ ബലപ്പെടുത്തി. മനുഷ്യൻ മനുഷ്യനെ സ്നേഹിക്കണം എന്ന സമർപ്പണത്തോടെ ഉയിർത്തെഴുന്നേറ്റ മറ്റൊരു മതത്തിൽ നിന്നാണ് യഹൂദികൾക്കെതിരെയുള്ള പീഡനം ഉയർന്നു വന്നത്. മതപരിവർത്തന സംരഭങ്ങളുടെ തീഷ്ണമായ ആവേശത്തിൽ തങ്ങളുടെ പൂർവസൂരികളായ യഹൂദരുടെ മതംമാറ്റത്തിന് ക്രിസ്ത്യാനികൽ പ്രത്യേകം ഊന്നൽ നൽകി. റോമി ലെ തിയോഡോഷ്യസ് II ഇതിന് നിയമപരമായ പ്രോത്സാഹനം നൽകി. യഹൂദന്മാർ അകറ്റപ്പെട്ട ജനതയാണെന്ന് അദ്ദേഹം വിജ്ഞാ പനം പുറപ്പെടുവിക്കുകയും ഒരു ആത്മീയ വിവേചന (Spiritual Apparthied) നിയമം നടപ്പാക്കു കയും ചെയ്തു.

ഗോളിൽ ഫ്രാൻസിലെ രാജാവ് ഡഗോബാർട്ട് അവരെ ആട്ടിയോടിച്ചു സ്പെയിനിലെ വിസി ഗോത്തുകൾ ജൂതസന്തതികളെ പിടിച്ചെടുത്തു മതപരിവർത്തനം ചെയ്യിപ്പിച്ചു. ബൈസന്റയ്നിലെ ഹിറാക്ലിയസ് ജൂതമതാരാധന നിരോധിച്ചു. കുരിശ് യുദ്ധത്തോടെ സ്പിരിചൽ അപ്പാർത്തീഡ് വ്യവസ്ഥാപിതമായ യഹൂദ വേട്ടയായിതീർന്നു. 'ദൈവം അതാഗ്രഹിക്കുന്നു' ( Deus Vault-God Wills It.) എന്ന് പറഞ്ഞ് കൂട്ടഹത്യകൾ അരങ്ങേറി. ജുറുസലേം വഴിത്താരയിൽ കണ്ട അശരണരായ യഹൂദികളെ കുരിശ് യുദ്ധക്കാർ നിഷ്ക്കരുണം കൊന്നൊടുക്കി. ഇംഗ്ലണ്ടിലെ എഡ്വേർഡ് I ഉം ഫ്രാൻസിലെ ഫിലിപ്പ്സും യഹൂദരുടെ സ്വത്ത് കണ്ടുകെട്ടി, സ്വന്തം രാജ്യത്ത് നിന്നും പുറത്താക്കി

മിക്കവാറും എല്ലാ ക്രിസ്തീയ രാജ്യങ്ങളും യഹൂദികൾ സ്വത്ത് വാങ്ങുന്നത് നിരോധിച്ചു. മതപരമായി സംഘടിക്കപ്പെട്ട മദ്ധ്യകാലഘട്ടത്തിലെ കൈത്തൊഴിൽ വിപണന മേഖലയിൽ ജൂതർക്ക് പ്രവേശനം നിഷേധിച്ചു. ജൂതന്മാർക്ക് തൊഴിൽ കൊടുക്കുന്നത് ക്രിസ്തുസഭ നിരോധിച്ചു. ജൂതന്മാർക്കിടയിൽ താമസിക്കാൻ ക്രിസ്ത്യാനികളെ അനുവദിച്ചില്ല. 1215 ൽ ചേർന്ന സഭാ കൗൺസിൽ യഹൂദർ അകറ്റപ്പെട്ട ജനവർഗമാണെന്ന് വിളംബരപ്പെടുത്തുകയും അവരെ തിരിച്ചറിയാൻ ഒരു ബാഡ്ജ് ധരിക്കണമെന്ന് വിധിപുറപ്പെടുവിക്കുകയും ചെയ്തു. ഇംഗ്ലണ്ടിൽ

മോസസിന് ലഭിച്ച പത്ത് കൽപ്പനകൾ ഉറുക്കുകളാക്കി തിരിച്ചറിയാൻ വേണ്ടി അവരുടെ കഴുത്തിൽ കെട്ടുമായിരുന്നു. ഫ്രാൻസിലും ജർമനിയിലും അത് മഞ്ഞ നിറത്തിലുള്ള 'O'ചിഹ്നമായിരുന്നു. പ്ളേഗ്, ദുർമരണങ്ങൾ എന്നിവ യഹൂദർ മൂലമാണെന്ന് ആരോപിച്ചു. തവളയുടെ കാലും ചിലന്തി വലയും ക്രിസ്ത്യാനികളുടെ കുടൽമാലയും ഉപയോഗിച്ചുണ്ടാക്കിയ ഒരു ചൂർണം ക്രിസ്ത്യാനികളുടെ കിണറുകളിൽ യഹുദികൾ കലക്കുന്നത് കൊണ്ടാണ് പ്ലേഗ് വരുന്നതെന്ന് വിശ്വസിച്ചു കൊണ്ട് ജൂത പീഡനത്തിന്റെ ഒരു തരംഗം യൂറോപ്പിൽ അലയടിച്ചു. 200 യഹൂദ സമുദായങ്ങളാണ് ഈ വിദ്വേഷാഗ്നിയിൽ ഹോമിക്കപ്പെട്ടത്. ഖലീഫമാരുടെ സ്പെയിൻ ഒഴികെ അന്ധകാരാവൃതമായ പശ്ചിമ ലോകത്ത് യഹൂദന്റെ അസ്തിത്വം അനുവദിക്കപ്പെട്ടിരുന്നില്ല. മുസ്‌ലിം സ്പെയിനിൽ അവർ അഭിവൃദ്ധി പ്പെട്ടു. അവർ അവിടെ നിന്നും ചിതറി തെറിച്ചില്ല. 1492 ൽ സ്പെയിനിൽ ഫെർഡിനാന്റും ഇസബെല്ലയും മുസ്‌ലിംകളിൽ നിന്നും ഭരണം ഏറ്റെടുത്ത ഉടൻ തന്നെ അതാരംഭിക്കുകയും ചെയ്തു.' (Larry Collins & Dominique Lappier . O, Jerusalem.p. 20)

ചുരുക്കത്തിൽ ഇന്ന് യഹൂദരുടെ കൈകളാൽ അറബികൾക്കും മുസ്‌ലിംകളും പീഡനമേൽക്കുക മാത്രമല്ല ലോകത്തിന്റെ നീതിബോധവും രാഷ്ട്രീയ സദാചാരവുമെല്ലാം നാൾക്കുനാൾ ക്ഷയിക്കുകയും നശിക്കുകയും കുഴപ്പം വർധിക്കുകയും ചെയ്യുകയാണ്. ചരിത്രത്തിൽ അതി പുരാതനകാലം മുതൽ വ്യക്തമായ സ്വത്വബോധം നേടുകയും ഒരു പാട് ചരിത്ര പാഠങ്ങൾ കണ്ടറിയുകയും നിരവധി പ്രവാചകന്മാരുടെ ശിക്ഷണം ലഭിക്കുകയും ചെയ്ത ഒരു ജനസമൂഹം എന്ന നിലക്ക് യഹൂദർക്ക് ലോകത്തോട് വലിയ ഉത്തരവാദിത്വമാണുള്ളത്. ആ മതധാർമിക പാഠങ്ങളുടെ മാതൃക കാണിക്കുന്നതിന് പകരം നിരവധി പുണ്യാത്മാക്കളുടെ വിശുദ്ധ പാദസ്പർശങ്ങൾക്കൊണ്ട് അനുഗൃഹീതമായതും സാത്വികർക്ക് വാഗ്ദാനം ചെയ്യപ്പെട്ടതുമായ ഫലസ്തീൻ മണ്ണിനെ അവർ പാപവും അക്രമവും അനീതിയും കൊണ്ട് നിറക്കുകയാണ്. രണ്ട് വിശുദ്ധ ബൈബിൾ വചനം ഉദ്ധരിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം. വിശുദ്ധ വേദപുസ്തകം പറയുന്നു:

***'നീതിമാന്മാർക്ക് നീക്കിവെച്ച ദേശത്ത് ദുഷ്ടതയുടെ ചെങ്കോൽ വാഴുകയില്ല' (സങ്കീർത്തനം125:3) 'ഞാൻ കണ്ടിടത്തോളം അധർമത്തെ ഉഴുതിളക്കി വിന വിതക്കുന്നവൻ അതുതന്നെ കൊയ്യുന്നു. ദൈവനിശ്വാസത്താൽ അവർ നശിക്കുന്നു.' (ഇയ്യോബ്4:8)***

## ഉന്നത വിജയം

കരുനാഗപ്പള്ളി ജമാത്തിലെ സുഹാന സലാഹുദ്ദീൻ സാഹിബ കഴിഞ്ഞ SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടി. പല്ലിയിൽ സലാഹുദ്ദീൻ സാഹിബിന്റെയും ഷൈലാ സലാഹുദ്ദീൻ സാഹിബയുടെയും മകളായ സുഹാന കരുനാഗപള്ളി GHS സ്കൂൾ വിഥ്യാർഥിനിയാണ്

# അനുസ്മരണം

## കുനിമൽ അസ്മാബി സാഹിബ

കണ്ണൂരിലെ ആദ്യകാല അഹ്മദികളിലൊരാളായ കൊച്ചിപ്പള്ളി അബ്ദുല്ല കുഞ്ഞിസാഹിബിന്റെ മകളും പരേതനായ എം. സി. മഹ്മൂദ് സാഹിബിന്റെ ഭാര്യയുമായ കുനിമൽ അസ്മാബി(80) ജൂലായ് 11-ാം തീയതി നിര്യാതയായി. ഇന്നാ ലില്ലാഹി.. അതിഥിസൽക്കാരപ്രിയയും സദ്ഗുണ സമ്പന്നയുമായിരുന്നു പരേത. മക്കൾ : ഹാശിം, മുഹമ്മദലി, മുഹമ്മദ് റഫൗഖ്, ശരീഖ്, ഖദീജ, അഫ്സത്ത്, ഖൈറുന്നിസ

# അനുസ്മരണം

## ഹൈദ്രോസ് കുട്ടി സാഹിബ്

തിരൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പ്രസിഡന്റും ലക്ഷദ്വീപിൽ പി. ഡബ്ലിയു. ഡി. എക്സി കുട്ടീവ് എഞ്ചിനീയറും മിനിക്കോയി ഡെപ്യൂട്ടി കലക്ടറ്ററുമായിരുന്ന (റിട്ട) ഹൈദ്രോസ് കുട്ടി സാഹിബ് (77) മെയ് 21 ന് തിരൂരിൽ വെച്ച് നിര്യാതനായി (ഇന്നാ ലില്ലാഹി...) 1978 ൽ ജമാഅത്തിൽ പ്രവേശിച്ച ഹൈദ്രോസ് കുട്ടി സാഹിബ് ജമാഅത്തിന്റെ സ്റ്റേറ്റ് തബ്‌ലീഗ് സെക്രട്ടറിയുമായും സേവനമനുഷ്ഠിട്ടുണ്ട്. ഒരു കർഷക കുടുംബത്തിൽ ജനിച്ച ഹൈദ്രോസ് കുട്ടി സാഹിബ് അതിരാവിലെ കൃഷിപ്പണികൾ ചെയ്ത ശേഷം ഉച്ചക്ക് സ്കൂളിൽ പോയിക്കൊണ്ടായിരുന്നു പ്രാഥമിക വിദ്യാഭ്യാസവും ഹൈസ്കൂൾ വിദ്യാഭ്യാസവും നിർവഹിച്ചത്. ഉന്നതനിലയിൽ SSLC പാസ്സായ അദ്ദേഹം പിന്നീട് സിവിൽ എഞ്ചിനീയറിങ്ങിൽ ഡിപ്ളോമ എടുത്ത് ഉദ്യോഗത്തിൽ പ്രവേശിക്കുകയായിരുന്നു. ഔദ്യോഗിക ജീവിതത്തിൽ സത്യസന്ധതയും കൃത്യനിഷ്ഠയും പാലിച്ച ഹൈദ്രോസ് കുട്ടി സാഹിബ് തികഞ്ഞ ഭക്തനും അഹ്മദിയ്യത്തിന്റെ പ്രചാരണത്തിൽ സദാതൽപരനു മായിരുന്നു. 1974 ൽ ജമാഅത്തിന് എതിരായ സാഹിത്യങ്ങൾ വായിക്കുകയും സത്യം അറിയാനുള്ള അന്വേഷണം നടത്തുകയും ചെയ്ത അദ്ദേഹം നിരന്തരപഠനത്തിലൂടെ അഹ്മദിയ്യത്ത് സ്വീകരിക്കുകയായിരുന്നു. തിരൂർ ജമാഅത്തിന്റെ മിഷൻ ഹൗസ് സ്ഥിതിചെയ്യുന്ന ഭൂമിയുടെ ഒരു ഭാഗം അദ്ദേഹം വഖഫ് ചെയ്തതാണ്. പരിശുദ്ധ ഹജ്ജ് കർമം നിർവഹിച്ച അദ്ദേഹം ജമാഅത്തിന്റെ വസിയ്യത്ത് വ്യവസ്ഥയിൽ അംഗമാണ്. മക്കൾ: മുഹമ്മദ് ഹാഫിസ് (മർഹൂം) സലീം, ഹാരിസ്, റംലത്ത്, ശക്കീല, മരു മക്കൾ: അഹ്മദ് അലി, സി. മുഹമ്മദ് ശരീഫ്, ഡോ. വസിം കെ, നുസ്റത്ത് സലീം, നിഷാ ഹാരിസ്.




# ഈദ് മിലൻ അവിസ്മരണീയമായി

എറണാകുളം: ത്യാഗ സമ്പൂർണമായ പരിശുദ്ധ റമദാനോട് വിടപറഞ്ഞെത്തിയ ചെറിയ പെരുന്നാളിനോട് അനുബന്ധിച്ച് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എറണാകുളം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച സ്നേഹവിരുന്ന് 'ഈദ് മിലൻ 2014' നാനാജാതിമതസ്ഥരുടെ പങ്കാളിത്തം കൊണ്ട് അവിസ്മരണീയമായി. എറണാകുളം മസ്ജിദ് ഉമറിൽ ജൂലൈ 31-ാം തീയതി സംഘടിപ്പിച്ച പരിപാടി അഡ്വ. ജയശങ്കർ ഉദ്ഘാടനം ചെയ്തു. അക്രമാസക്തമായ ഒരു ലോകത്താണ് നാം ജീവിക്കുന്നതെന്നും അതിനിടയിൽ ശാന്തിയിലും സമാധാനത്തിലും മുഴുകി ജീവിക്കുന്ന അഹ്മദികൾ വളരെ വലിയ കർത്തവ്യം നിർവഹിക്കുന്നവരാണെന്ന് അദ്ദേഹം പറഞ്ഞു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സമൂഹത്തിലെ എല്ലാ തലത്തിലുമുള്ളവരെ ഒരുമിച്ച് കൂട്ടിക്കൊണ്ട് നാം എല്ലാവരും ഒന്നാണെന്ന സന്ദേശം നല്കുകയാണെന്ന് ഫാദർ പോൾ തേലക്കാട്ട് പറഞ്ഞു. സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നവരായി തീരണമെന്ന് പരിപാടിയിൽ അധ്യക്ഷത വഹിച്ച എറണാകുളം ജില്ലാ അമീർ പി.കെ.ശാഹുൽ ഹമീദ് സാഹിബ് അഭിപ്രായപ്പെട്ടു. യാസർ അറഫാത്ത് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. ഇ.എച്ച്.നജീബ്, അഡ്വ.വി.ജെ. മാത്യു, മുഹമ്മദ് ഹുസൈൻ എന്നിവരും പ്രസംഗിച്ചു.

-ബി.എ.മുഹമ്മദ് നജീബ്,
എറണാകുളം




Humanity First

Our mission is to serve disaster struck and socially disadvantaged individuals and families in the poorer communities of the world.

**Humanity First International**
22 Deer Park Road, South Wimbledon
London, SW19 3AH
Tel: +44 (0)20 8417 0082,
Fax: +44 (0)20 8417 0110

**Published on 7 August 2014** Vol: 86 Issue.**8**
Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14 Price Rs. **20/-**
Licence No. KL/CR/EKM/WPP-21/2012-14, Licensed to Post Without Prepayment
**The Sathyadoothan Monthly**


## ഖുർആന്റെ ദിവ്യാത്ഭുതം തുറന്നുകാട്ടുകയും ആധുനിക വൈജ്ഞാനിക ലോകവുമായി സംവദിക്കുകയും ചെയ്യുന്ന അത്യുജ്ജ്വല ഗ്രന്ഥം




# വെളിപാട് യുക്തി ജ്ഞാനം സത്യം

**ഗ്രന്ഥകർത്താ:**
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
**വിവർത്തനം**
**എ. എം. മുഹമ്മദ് സലിം**

വില ₹ 800
സ്പെഷൽ പ്രൈസ് ₹400 മാത്രം

1200ഓളം പേജുകൾ | നിരവധി വർണ്ണ ചിത്രങ്ങൾ

സമഗ്രമായ ഇൻഡക്സ്

ഒരു ഇസ്ലാം ഇന്റർനാഷണൽ പ്രസിദ്ധീകരണം

**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

# 1800 425 2020 Toll Free

**(9 am to 9 pm)**